28
ഞായർ
ജനുവരി 2024
1199 മകരം 14
Vol 06 Issue No 23

കേരള പ്രണാമം
സത്യം വദ ധർമ്മം ചര

₹ 7.50
പേജ് 06
www.keralapranamam.com
infokeralapranamam@gmail.com

തിരുവനന്തപുരം കൊല്ലം പത്തനംതിട്ട ആലപ്പുഴ കോട്ടയം ഇടുക്കി എറണാകുളം തൃശൂർ പാലക്കാട് മലപ്പുറം കോഴിക്കോട് വയനാട് കണ്ണൂർ കാസർഗോഡ്

പരസ്പരം കുറ്റപ്പെടുത്തി മുഖ്യമന്ത്രിയും, ഗവർണ്ണറും

കേന്ദ്ര ഉത്തരവ് സിആർപിഎഫ്; രാജ്ഭവന്റെ സുരക്ഷ ഏറ്റെടുത്തു

തിരുവനന്തപുരം : നാടകീയ രംഗങ്ങൾ സൃഷ്ടിച്ച് സംസ്ഥാന സർക്കാരിനെ വെല്ലുവിളിക്കുന്ന ഗവർണ്ണർ ആരിഫ് മുഹമ്മദ് ഖാനെ വിമർശിച്ച് മുഖ്യമന്ത്രി പിണറായി വിജയൻ. ഗവർണ്ണറുടെ സുരക്ഷക്കെത്തിയ സിആർപിഎഫിന് കേസെടുക്കാനാകുമോയെന്നും ഗവർണ്ണർ ആഗ്രഹിക്കുന്ന രീതിയിൽ സിആർപിഎഫിന് പ്രവർത്തിക്കാനാകുമോയെന്നും മുഖ്യമന്ത്രി ചോദിച്ചു. ഗവർണർ പ്രത്യേകമായ രീതിയിൽ കാര്യങ്ങൾ കൈകാര്യം ചെയ്യുന്നുവെന്ന് മുഖ്യമന്ത്രി വാർത്താ സമ്മേളനത്തിൽ കുറ്റപ്പെടുത്തി. അധികാര സ്ഥാനത്തിരിക്കുന്നവർക്ക് നേരെ വ്യത്യസ്ത പ്രതിഷേധങ്ങളുണ്ടാകാം. കരിങ്കൊടി കാണിക്കുന്നവർക്ക് നേരെ പൊലീസ് എന്ത് ചെയ്യുന്നുവെന്ന് ഇറങ്ങി നോക്കുന്ന ശീലം ആർക്കെങ്കിലും ഉണ്ടോ. പൊലീസിന്റെ ജോലി പൊലീസ് ചെയ്യും. എഫ്ഐആറിന് വേണ്ടി സമരം ഇരിക്കുന്നത് ആരെങ്കിലും കണ്ടിട്ടുണ്ടോ. പൊലീസ് കൂടെ വരേണ്ടെന്ന് മുൻപ് ഏതെങ്കിലും ഗവർണർ പറഞ്ഞിട്ടുണ്ടോ ? മുഖ്യമന്ത്രിയും മന്ത്രിമാരും പോകുന്നത് നിങ്ങൾ കണ്ടിട്ടില്ലേ. ചിലഘട്ടത്തിൽ പ്രതിഷേധം വന്നിട്ടില്ലേ? കരിങ്കൊടി കാണിക്കുന്നവരെ എന്ത് ചെയ്യുന്നുവെന്ന് ഇറങ്ങി നോക്കുന്നത് കണ്ടിട്ടുണ്ടോ? ഗവർണർ ചെയ്തത് സെക്യൂരിറ്റി നിലപാടിന് വിരുദ്ദമല്ലേ. ചെയ്യാൻ പാടില്ലാത്തതല്ലേ. പൊലീസിന്റെ പണി അവർ ചെയ്യില്ലേ. നിയമനടപടി ഇവർ ചെയ്യില്ലേ. എഫ്ഐആർ തന്നെ കാണിക്കണമെന്ന് പറയുന്നത് ശരിയാണോ? എഫ്ഐആറിന് വേണ്ടി സമരം ഇരിക്കുന്നത് കണ്ടിട്ടുണ്ടോ. പൊലീസ് കൂടെ വരേണ്ടെന്ന് മുൻപ് ഏതെങ്കിലും ഗവർണർ പറഞ്ഞിട്ടുണ്ടോ യെന്നും അദ്ദേഹം ചോദിച്ചു. ഏറ്റവും കൂടുതൽ സുരക്ഷ കിട്ടുന്ന സ്ഥാനത്താണ് ഗവർണർ ഇരിക്കുന്നത്. ഇപ്പോൾ കേന്ദ്ര സുരക്ഷ കിട്ടുന്ന ആർഎസ്എസ് പ്രവർത്തകരുടെ നിരയിലേക്ക് ഗവർണറും എത്തി. ആ കൂട്ടിൽ ഒതുങ്ങാനാണ് ഗവർണ്ണർ ശ്രമിക്കുന്നത്. സിആർപിഎഫിന് കേസെടുക്കാനാകുമോ ? അദ്ദേഹം ആഗ്രഹിക്കുന്ന രീതിയിൽ സിആർപ ിക്ക് പ്രവർത്തിക്കാനാകുമോ? എല്ലാത്തിനും എഴുതപ്പെട്ട നിയമങ്ങളുണ്ട്. ജനാധിപത്യ വഴക്കങ്ങളുണ്ട്. നിയമങ്ങളാണ് വലുത്. അധികാരം നിയമത്തിന് മുകളിലല്ല. അതില്ലാത്ത നിലപാടാണ് ഉണ്ടായത്. ജനാധിപത്യ മര്യാദ പക്വത വിവേകം എന്നിവ കാണിക്കണം. എന്തെങ്കിലും ആരോഗ്യപ്രശ്ന മുണ്ടോ എന്നും സ്വയം പരിശോധിക്കണം. നയപ്രഖ്യപനംകേരളത്തോടുള്ള വെല്ലുവിളിയാണ് ഗവർണർ നടത്തിയത്. ഭരണഘടനയോടുള്ള വെല്ലുവിളി. എഫ്ഐആർ ഇടാൻ കുത്തിയിരിപ്പ് വേണോ യെന്നും പിണറായി ചോദിച്ചു. തിരുവനന്തപുരം: കേരളാ പൊലീസിനെ കുറിച്ച് തനിക്ക് നല്ല അഭിപ്രായമാണെന്നും എന്നാൽ മുഖ്യമന്ത്രിയാണ് നടുറോഡിൽ ഇങ്ങനെ പ്രതിഷേധത്തെ നേരിട്ടതെങ്കിൽ പൊലീസ് ഇങ്ങനെയായിരുന്നോ പെരുമാറുകയെന്നും ഗവർണറുടെ ചോദ്യം. തിരുവനന്തപുരത്ത് മസ്കറ്റ് ഹോട്ടലിൽ മാധ്യമപ്രവർത്തകരോട് സംസാരിക്കുകയായിരുന്നു അദ്ദേഹം. കേരളാ പൊലീസ് മികച്ച സേനയാണ്. എന്നാൽ ആരാണ് അവരുടെ പ്രവർത്തനം തടയുന്നത്? അതിന്റെ ഉത്തരവാദിത്തം ആർക്കാണെന്നും ഗവർണർ ചോദിച്ചു. നിലമേലിൽ 22 പേർ ബാനറുമായി കൂടി നിന്നുവെന്നാണ് പൊലീസ് എഫ്ഐആർ. 100 പൊലീസുകാർ അവിടെ ഉണ്ടായിട്ടും അവരെ തടഞ്ഞില്ല. മുഖ്യമന്ത്രിയായിരുന്നെങ്കിൽ ഇത് സംഭവിക്കുമായിരുന്നോ? 72 വയസ് പ്രായം തനിക്ക് കഴിഞ്ഞു. ദേശീയ ശരാശരിയും കടന്ന് ബോണസ് ജീവിതമാണ് താൻ നയിക്കുന്നത്. സ്വാമി വിവേകാനന്ദനാണ് തന്റെ ആദർശപുരുഷൻ. കേന്ദ്ര സുരക്ഷ താൻ ആവശ്യപ്പെട്ടതല്ല. അത് കേന്ദ്ര ആഭ്യന്തര മന്ത്രാലയത്തിന്റെ തീരുമാനമാണ്. എന്റെ ജോലി കേന്ദ്രസർക്കാരിനെ സംസ്ഥാനത്തെ സാഹചര്യം അറിയിക്കലാണ്. എന്നാൽ രാജ്ഭവനാണ് താൻ റോഡരികിൽ ഇരിക്കുന്ന കാര്യം കേന്ദ്രത്തെ അറിയിച്ചത്, താനല്ല. നിലമേലിൽ തന്റെ കാറിന് നേരെ ആക്രമണം ഉണ്ടായിരുന്നു. അതിന് ശേഷമാണ് താൻ പുറത്തിറങ്ങിയത്. താൻ കാറിൽ നിന്ന് ഇറങ്ങിയ ശേഷമാണ് തിരുവനന്തപുരത്ത് പൊലീസ് നടപടിയെടുത്തത്. നിലമേലിലും അതാണ് സംഭവിച്ചത്. മുഖ്യമന്ത്രിയായിരുന്നെങ്കിൽ പൊലീസ് ഇങ്ങനെ ചെയ്യുമായിരുന്നോയെന്ന് ചോദിച്ച ഗവർണർ ചിലർ അധികാരം കയ്യിൽ വരുമ്പോൾ അവരാണ് എല്ലാം എന്ന് കരുതുന്നുവെന്നും വിമർശിച്ചു.

കേരള രാജ്ഭവന്റെ സുരക്ഷയ്ക്കായി സിആർപിഎഫ് സംഘമെത്തി. രാജ്ഭവന്റെ മുന്നിൽ എട്ട് സിആർപിഎഫ് ഉദ്യോഗസ്ഥർ സുരക്ഷാ ജോലി ഏറ്റെടുത്തു. കേന്ദ്ര ആഭ്യന്തര മന്ത്രാലയത്തിന്റെ ഉത്തരവിന് പിന്നാലെയാണ് നടപടി. 30 സിആർപിഎഫ് ജവാന്മാരാണ് രാജ് ഭവനിലേക്ക് എത്തിയത്. എസ്എഫ്ഐ പ്രവർത്തകർ നടത്തുന്ന തുടർ പ്രതിഷേധങ്ങളുടെ പശ്ചാത്തലത്തിൽ രാജ്ഭവന്റെയും ഗവർണറുടെയും സുരക്ഷ സിആർപിഎഫിന് കൈമാറി Z+ കാറ്റഗറിയിലേക്ക് ഉയർത്തി ആഭ്യന്തര മന്ത്രാലയം ഉത്തരവിട്ടിരുന്നു. ഇതിന് പിന്നാലെയാണ് സിആർപിഎഫ് സ്ഥലത്തെത്തിയത്. കേരളത്തിൽ നിലവിൽ മുഖ്യമന്ത്രിക്ക് മാത്രമായിരുന്നു Z+ സുരക്ഷ ഉണ്ടായിരുന്നത്. ഇതാണ് ഗവർണർക്കും രാജ്ഭവനും പുതുതായി ഏർപ്പെടുത്തിയത്. എസ്പിജി സുരക്ഷക്ക് ശേഷമുള്ള ഏറ്റവും ഉയർന്ന സുരക്ഷാ പരിരക്ഷയാണ് Z പ്ലസ്. ഈ സുരക്ഷാ സംവിധാനത്തിൽ സിആർപിഎഫ് കമാൻഡോകൾക്കൊപ്പം 55 സുരക്ഷ ഉദ്യോഗസ്ഥരും ഉൾപ്പെടും. മുഴുവൻ സമയവും ഈ സംഘം സുരക്ഷയൊരുക്കും. രഹസ്യ വിവരത്തിന്റെ അടിസ്ഥാനത്തിൽ ആവശ്യമെങ്കിൽ ദേശീയ സുരക്ഷാ ഗാർഡ് (NSG) കമാൻഡോകളുടെ അധിക പരിരക്ഷയും നൽകും. സുരക്ഷാ സംവിധാനത്തിൽ ഒരു ബുള്ളറ്റ് പ്രൂഫ് വാഹനവും മൂന്ന് ഷിഫ്റ്റുകളിലായി എസ്കോർട്ടും ഉൾപ്പെടും. 2022 വരെ 45 പേർക്കാണ് രാജ്യത്ത് Z പ്ലസ്. രാഹുൽ ഗാന്ധിക്കും ഈ സുരക്ഷ സംവിധാനമാണ്.

അവിടത്തന്നെ കുത്തിയിരുന്നോട്ടെ, വലിയ കുടവച്ച് കൊടുത്ത് ആ വെയിലിൽ കുറച്ച് കാലം ഇരിക്കട്ടെ, കുടിക്കാൻ കുറച്ച് വെള്ളവും വച്ചുകൊടുക്കാം

കണ്ണൂർ: എസ് എഫ് ഐ കരിങ്കൊടി കാണിച്ചതിന് പിന്നാലെ ഗവർണർ ആരിഫ് മുഹമ്മദ് ഖാൻ റോഡരികിലെ കടയ്ക്ക് മുന്നിൽ കുത്തിയിരുന്നതിനെതിരെ എൽ ഡി എഫ് കൺവീനർ ഇ പി ജയരാജൻ. ഗവർണർ അപമാനമാണെന്നും ഒരിക്കലും പാടില്ലാത്ത രീതിയിലാണ് ഗവർണർ പെരുമാറിയതെന്നും അദ്ദേഹം പറഞ്ഞു. 'ഗവർണർക്കെതിരെ കേരളത്തിൽ ഉണ്ടായ ആദ്യ പ്രതിഷേധമാണോ ഇത്. ഏതെല്ലാം തരത്തിൽ പ്രതിഷേധസമരങ്ങൾ നടന്നിട്ടുണ്ട്. ഗവർണർമാർക്കെതിരായി മുദ്രാവാക്യം വിളിച്ചിട്ടുണ്ട്. ഏതെങ്കിലും ഗവർണർ ഇങ്ങനെ പ്രകോപിതനായി ലക്കും ലഗാനവുമില്ലാതെ അഴിഞ്ഞാടിയിട്ടുണ്ടോ. വിദ്യാർത്ഥികൾ കരിങ്കൊടി കാണിച്ച് പ്രതിഷേധം രേഖപ്പെടുത്തുന്നു. അത് കേരളത്തിലെ ആദ്യത്തെ സംഭവമാണോ. മുഖ്യമന്ത്രിക്ക് നേരെ കരിങ്കൊടി പ്രതിഷേധം നടത്തുന്നില്ലേ. മന്ത്രിമാർക്ക് നേരെ നടത്തുന്നില്ലേ. ഇത് ഇവിടെ മാത്രമാണോ? ഇന്ത്യയിൽ ആകെയുള്ളതല്ല. ഇവിടെ കുറച്ച് കുട്ടികൾ കരിങ്കൊടി കാണിച്ചതിന് കാർ നിർത്തി അദ്ദേഹം ഇറങ്ങി റോഡിൽ പോയി കുത്തിയിരുന്നു. എന്റെയൊരു അഭിപ്രായം അവിടത്തന്നെ കുത്തിയിരുന്നോട്ടെയെന്നാണ്. വലിയ കുടവച്ച് കൊടുത്ത് ആ വെയിലിൽ കുറച്ച് കാലം ഇരിക്കട്ടെ, കുടിക്കാൻ കുറച്ച് വെള്ളവും വച്ചുകൊടുക്കാം. അദ്ദേഹം ഒരു ഗവർണറാണ്. അദ്ദേഹം കേരളത്തോട് കാണിച്ച നിഷേധം എത്ര വലുതാണ്.'- ജയരാജൻ ഒരു മാധ്യമത്തോട് പറഞ്ഞു.

ഇനി ഇടവേള: ഗവർണർ ആരിഫ് മുഹമ്മദ് ഖാൻ കേരളത്തിൽ നിന്ന് ദില്ലിക്ക് മടങ്ങി

തിരുവനന്തപുരം: ഗവർണർ ആരിഫ് മുഹമ്മദ് ഖാൻ കേരളത്തിൽ നിന്ന് മടങ്ങി. ദില്ലിയിലേക്കാണ് അദ്ദേഹത്തിന്റെ യാത്ര. തിരുവനന്തപുരത്ത് നിന്ന് ഇന്റിഗോ വിമാനത്തിൽ ബെംഗളൂരുവിലേക്കും അവിടെ നിന്ന് ദില്ലിക്കും പോകുമെന്ന് രാജ്ഭവൻ അറിയിച്ചു. സംസ്ഥാനത്ത് എസ്എഫ്ഐ പ്രതിഷേധം ശക്തമായിരിക്കെ, തന്റെയും രാജ്ഭവന്റെയും സുരക്ഷയ്ക്ക് കേന്ദ്ര സേനയെ കൂടി എത്തിച്ച ശേഷമാണ് ഗവർണറുടെ മടങ്ങിപ്പോക്ക്. അതിനിടെ കൊല്ലം നിലമേലിൽ ഗവർണർക്കെതിരെ പ്രതിഷേധിച്ച 12 എസ്എഫ്ഐ പ്രവർത്തകരെ ജുഡീഷ്യൽ കസ്റ്റഡിയിൽ വിട്ടു. 14 ദിവസത്തേക്കാണ് എസ്എഫ്ഐ പ്രവർത്തകരെ ജുഡീഷ്യൽ കസ്റ്റഡിയിൽ വിട്ടിരിക്കുന്നത്. കൊല്ലം കടയ്ക്കൽ ജുഡീഷ്യൽ ഒന്നാം ക്ലാസ് മജിസ്ട്രേറ്റ് കോടതിയുടേതാണ് നടപടി. ജാമ്യമില്ലാ വകുപ്പ് പ്രകാരം ചടയമംഗലം പൊലീസ് കേസെടുത്തതോടെയാണ് പ്രവർത്തകരെ ജുഡീഷ്യൽ കസ്റ്റഡിയിൽ വിട്ടത്.

ഗവർണർ വല്ലാത്ത മാനസികാവസ്ഥയിൽ, നാലാമത്തെ ഷോയാണിതെന്ന് വി ശിവൻകുട്ടി

തിരുവനന്തപുരം: ഗവർണർ ആരിഫ് മുഹമ്മദ് ഖാന്റേത് 'ഷോ'യാണെന്ന് വിദ്യാഭ്യാസമന്ത്രി വി ശിവൻകുട്ടി. ഗവർണർ വല്ലാത്ത മാനസികാവസ്ഥയിലാണെന്നും അദ്ദേഹം പ്രതികരിച്ചു. പ്രോട്ടോക്കോൾ പ്രകാരമുള്ള സുരക്ഷ ഗവർണർക്ക് നൽകുന്നുണ്ടെന്നും മന്ത്രി കൂട്ടിച്ചേർത്തു.
മുഖ്യമന്ത്രിയും മന്ത്രിമാരുമൊക്കെ പോകുമ്പോൾ പല സ്ഥലങ്ങളിലും പ്രതിഷേധമുണ്ടാകാറുണ്ടെന്നും എന്നാൽ തങ്ങളാരും ചാടി റോഡിലിരുന്നിട്ടില്ലെന്നും സംഭവം ദേശീയ വാർത്തയാക്കാനാണ് അദ്ദേഹത്തിന്റെ ശ്രമമെന്നും ശിവൻകുട്ടി മാധ്യമങ്ങളോട് പറഞ്ഞു. തന്റെ പദവി പോലും നോക്കാതെയുള്ള പ്രകടനമാണിതെന്നും ഗവർണറുടെ നാലാമത്തെ ഷോയാണിതെന്നും ശിവൻകുട്ടി കൂട്ടിച്ചേർത്തു. അതേസമയം, സംഭവത്തെക്കുറിച്ച് ചോദിച്ചപ്പോൾ ചിരിയായിരുന്നു മുഖ്യമന്ത്രി പിണറായി വിജയന്റെ മറുപടി. ഗവർണറുടെ പെരുമാറ്റം വിചിത്രമാണെന്ന് മന്ത്രി എം ബി രാജേഷും പ്രതികരിച്ചു.

22 ഇന്ത്യക്കാർ അടങ്ങിയ ബ്രിട്ടീഷ് എണ്ണക്കപ്പലിന് നേരെ മിസൈൽ ആക്രമണം



ന്യൂഡൽഹി: ഗൾഫ് ഓഫ് ഏദനിൽ ഹൂതി മിസൈലേറ്റ ബ്രിട്ടീഷ് എണ്ണക്കപ്പലിലെ തീ അണയ്ക്കാനുള്ള ശ്രമത്തിൽ പങ്കുചേർന്ന് ഇന്ത്യൻ നാവിക സേന. കപ്പലിൽ നിന്ന് അപായ സന്ദേശം ലഭിച്ചതിനെത്തുടർന്ന് ഇന്ത്യൻ നാവിക സേനയുടെ മിസൈൽ നശീകരണ ശേഷിയുള്ള പടക്കപ്പൽ ഐഎൻഎസ് വിശാഖപട്ടണം ഏദർ ഉൾക്കടലിൽ വിന്യസിച്ചതായി നാവികസേന വൃത്തങ്ങൾ അറിയിച്ചു. ആക്രമിക്കപ്പെട്ട ബ്രിട്ടീഷ് എണ്ണക്കപ്പലായ മർലിൻ ലുവാൻഡയിൽ 22 ഇന്ത്യക്കാരും ഒരു ബംഗ്ലാദേശ് രാജ്യക്കാരനുമുൾപ്പെടെ 24 ജീവനക്കാരാണ് ഉണ്ടായിരുന്നത്. മിസൈൽ ആക്രമണത്തിൽ ചരക്ക് കപ്പലിന് തീപിടിച്ചിരുന്നു. തീ നിയന്ത്രണ വിധേയമാക്കാനുള്ള ശ്രമങ്ങൾ ഇന്ത്യൻ നാവിക സേന ഊർജിതമാക്കിയിട്ടുണ്ട്. ചരക്ക് കപ്പലുകൾ സംരക്ഷിക്കുന്നതിനും കടലിലെ സുരക്ഷ ഉറപ്പാക്കാനും ഇന്ത്യൻ നാവിക സേന പ്രതിജ്ഞാബദ്ധരാണെന്ന് നേവി അറിയിച്ചു. കപ്പലിലെ ജീവനക്കാർക്കും വേണ്ട സഹായം ഉറപ്പാക്കിയിട്ടുണ്ടെന്ന് നാവിക സേന കൂട്ടിച്ചേർത്തു. ഇസ്രയേൽ - ഹമാസ് യുദ്ധം തുടരുന്നതിനിടെ യെമനിലെ ഹൂതി വിമതർ ചെങ്കടലിലൂടെ സഞ്ചരിക്കുന്ന ചരക്ക് കപ്പലുകളെ ആക്രമിക്കുന്നത് തുടരുകയാണ്. കഴിഞ്ഞ ആഴ്ച ചെങ്കടലിൽ ഒരു അമേരിക്കൻ കപ്പലിന് നേരെ ഹൂതികൾ ആക്രമണ ശ്രമം നടത്തിയിരുന്നു. യു എസ് കേന്ദ്രമായുള്ള ഈഗിൾ ബൾക്ക് എന്ന കമ്പനിയുടെ ജിബ്രാൾട്ടർ ഈഗിൾ എന്ന പേരിലുള്ള ചരക്ക് കപ്പലിനു നേരെയാണ് ആക്രമണം ഉണ്ടായത്. കപ്പലിന് ചെറിയ കേടുപാട് മാത്രമാണ് സംഭവിച്ചതെന്നും ആർക്കും പരിക്കില്ലെന്നും അധികൃതർ അറിയിച്ചു. യുദ്ധക്കപ്പലിനു നേരെ അയച്ച മിസൈലുകൾ ലക്ഷ്യത്തിൽ പതിക്കും മുൻപ് തകർത്തതായും അമേരിക്ക വ്യക്തമാക്കി.

ഗുരുവായൂർ കണ്ണൻ ചരിഞ്ഞു



ഗുരുവായൂർ : ഉത്സവത്തോട് അനുബന്ധിച്ചുള്ള ആനയോട്ടത്തിൽ ഒമ്പത് തവണ ജേതാവായ ഗുരുവായൂർ ദേവസ്വം ആന തറവാട്ടിലെ കണ്ണൻ ചരിഞ്ഞു. ഇന്ന് വൈകീട്ട് അഞ്ചരയോടെയായിരുന്നു അന്ത്യം. ദേവസ്വം രേഖകൾ അനുസരിച്ച് 62 വയസാണ് പ്രായം. പ്രായാധിക്യത്തെ തുടർന്ന് അവശനായിരുന്ന കൊമ്പന്ഇന്നലെ വൈകിട്ട് മൂന്നിന് പാപ്പാന്മാർ വെള്ളം കൊടുത്തിരുന്നു. വൈകീട്ട് അഞ്ചരയോടെ കെട്ടുതറിയിൽ ഇരുന്ന കൊമ്പൻ പിന്നീട് ചരിഞ്ഞു. 1985 ആഗസ്റ്റിൽ തൃശൂർ സ്വദേശി ബൽറാം ക്ഷേത്രത്തിൽ നടയിരുത്തിയതാണ് കണ്ണനെ. വനം വകുപ്പ് സംസ്കാരത്തിനായി ഇന്ന് കോടനാട്ടേക്ക് കൊണ്ടുപോകും. കണ്ണൻ ചരിഞ്ഞതോടെ ഗുരുവായൂരിൽ ആനകളുടെ എണ്ണം 39 ആയി.

ഇന്ത്യ സഖ്യത്തിന് ആശ്വാസം; ബി ജെ പിക്കൊപ്പം സർക്കാരുണ്ടാക്കില്ലെന്ന് ജെ ഡി യു, വാതിലുകൾ അടച്ചിട്ടില്ലെന്ന് സുശീൽ മോദി

പാട്ന: ഇന്ത്യ സഖ്യത്തിന് ആശ്വാസം പകർന്ന് ബിഹാറിൽ നിന്ന് ശുഭവാർത്ത. ബി,.ജെ.പിയുമായി ചേർ ന്ന സർക്കാരുണ്ടാക്കില്ലെന്ന് ജെ.ഡി.യു ബീഹാർ അദ്ധ്യക്ഷൻ ഉമേഷ് കുശ്വാഹ അറിയിച്ചു. ഇന്ത്യ സഖ്യം വിട്ട് നിതീഷ് കുമാറും ജെ.ഡി.യുവും എൻ.ഡി.എ മുന്നണിയുടെ ഭാഗമാകുമെന്ന റിപ്പോർട്ടുകൾ ഉമേഷ് കുശ്വാഹ നിഷേധിച്ചു. ഇന്ത്യ സഖ്യത്തിൽ തുടരുമെന്നും അദ്ദേഹം വ്യക്തമാക്കി. അതേസമയം ഉമേഷ് കുശ്വാഹയുടെ പ്രതികരണത്തിന് പിന്നാലെ ആരുടെ മുന്നിലും വാതിലുകൾ അടച്ചിട്ടില്ലെന്ന പ്രഖ്യാപനവുമായി ബി.ജെ.പി നേതാവ് സുശീൽ മോദി എം,പി രംഗത്തെത്തി. നിതീഷ് കുമാർ അടക്കം ആരുടെ മുന്നിലും എൻ.ഡി.എയുടെ വാതിലുകൾ അടച്ചിട്ടില്ലെന്നും ഇക്കാര്യത്തിൽ കേന്ദ്രനേതൃത്വം ഉചിതമായ തീരുമാനം എടുക്കുമെന്നും സുശീൽ മോദി പറഞ്ഞു. ബി.ജെ.പി ദേശീയ നിർവാഹക സമിതി യോഗം ശനി, ഞായർ ദിവസങ്ങളിൽ ബീഹാറിൽ ചേരാൻ തീരുമാനിച്ചിട്ടുണ്ട്. അന്ന് ഇക്കാര്യത്തിൽ അവസാന തീരുമാനം ഉണ്ടാകുമെന്നാണ് നിഗമനം. ബീഹാർ മഹാമുന്നണിയിലെ സഖ്യകക്ഷിയായ ആർജെഡിക്കെതിരെ നടത്തിയ കുടുംബ രാഷ്ട്രീയ പരാമർശവും രാഹുൽ ഗാന്ധിയുടെ ഭാരത് ജോഡോ യാത്രയ്ക്കുള്ള ക്ഷണം നിരസിച്ചതും നിതീഷിനെ എൻഡിഎയിലേക്ക് വീണ്ടും അടുപ്പിച്ചേക്കുമെന്ന സൂചനയുണ്ടായിരുന്നു. ബിജെപി സംസ്ഥാന അദ്ധ്യക്ഷൻ സാമ്രാട്ട് ചൗധരിയെ ദേശീയ നേതൃത്വം അടിയന്തരമായി ഡൽഹിക്ക് വിളിച്ചതും അഭ്യൂഹങ്ങൾ ശക്തമാക്കി. ഇന്ത്യ മുന്നണിയുടെ തിരഞ്ഞെടുപ്പ് തയ്യാറെടുപ്പുകളിൽ വ്യക്തതയില്ലാത്തതിലും പ്രധാനമന്ത്രി സ്ഥാനാർത്ഥിയായി തന്നെ അംഗീകരിക്കാത്തതിലും നിതീഷ് കുമാർ അസ്വസ്ഥനായിരുന്നു. പ്രധാനമന്ത്രി സ്ഥാനാർത്ഥിയായി ദളിത് നേതാവിനെ പരിഗണിക്കണമെന്ന മമതയുടെയും അരവിന്ദ് കേജ്രിവാളിന്റെയും നിർദ്ദേശത്തിൽ ക്ഷുബിതനായ നിതീഷ് മുന്നണി കൺവീനർ സ്ഥാനവും നിരസിച്ചിരുന്നു. അതേ മമതയും കേജ്രിവാളും ഇപ്പോൾ ഇന്ത്യ മുന്നണിയെ കൈവിട്ട മട്ടിലാണ്. ഇന്ത്യ മുന്നണി രൂപീകരിക്കാൻ മുൻകൈ യെടുത്തത് നിതീഷായിരുന്നു.

ആശാൻ

പരസ്പരം കുറ്റപ്പെടുത്തി മുഖ്യമന്ത്രിയും, ഗവർണ്ണറും

കേരളത്തിൽ ഇത് മാത്രമാണ് ഭംഗിയായി നടക്കുന്നത്

രാജ്യത്തെ ഉന്നത വിദ്യാഭ്യാസം നേടുന്ന പെൺകുട്ടികളുടെ പട്ടികയിൽ കേരളം ഒന്നാമത്

ന്യൂഡൽഹി: രാജ്യത്ത് ഉന്നത വിദ്യാഭ്യാസം നേടുന്ന പെൺകുട്ടികളുടെ എണ്ണം വർധിക്കുന്ന സംസ്ഥാനങ്ങളിൽ കേരളം ഒന്നാമത്. ഓൾ ഇന്ത്യ സർവേ ഫോർ ഹയർ എഡ്യൂക്കേഷന്റെ സർവേ പ്രകാരം 2020-2021 കാലഘട്ടത്തിലെ കണക്കുകളാണ് പുറത്തുവിട്ടിരിക്കുന്നത്. കേരളത്തിന് പിന്നാലെ തെലങ്കാന, ഹരിയാന, അസം എന്നീ സംസ്ഥാനങ്ങളും പട്ടികയിലുണ്ട്. ഹിമാചൽ പ്രദേശ്, ജമ്മു കശ്മീർ, മേഘാലയ, ഛത്തീസ്ഗഢ് എന്നീ സംസ്ഥാനങ്ങളും തൊട്ട് പിന്നിലുണ്ട്. റിപ്പോർട്ട് പ്രകാരം ആകെ 2,06,91,792 പെൺകുട്ടികളാണ് പ്രവേശനം നേടിയത്. 2021-22 ൽ ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ ആകെ പ്രവേശനം 4,32,68,181 ആയിരുന്നു.

കേന്ദ്രനയങ്ങൾ സംസ്ഥാനത്തെ സാമ്പത്തിക പ്രതിസന്ധിയിൽ വരിഞ്ഞുമുറുക്കുന്നു, വായ്പാപരിധി വെട്ടിക്കുറയ്ക്കുന്നുവെന്ന് മുഖ്യമന്ത്രി

തിരുവനന്തപുരം: നവകേരള സൃഷ്ടിക്കായുള്ള സംസ്ഥാന സർക്കാരിന്റെ ശ്രമങ്ങൾക്ക് കേന്ദ്രനയങ്ങൾ വെല്ലുവിളിയാകുന്നുവെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ പറഞ്ഞു. തനതു നികുതിവരുമാനത്തിലും അഭ്യന്തര ഉത്പാദനത്തിലും മികച്ച നേട്ടങ്ങൾ കൈവരിച്ചിട്ടും കേന്ദ്ര സർക്കാരിന്റെ നയങ്ങളുടെ ഭാഗമായി ഉണ്ടാകുന്ന സാമ്പത്തിക പ്രതിസന്ധി സംസ്ഥാനത്തെ വരിഞ്ഞു മുറുക്കുകയാണെന്നും പിണറായി വിജയൻ വാർത്താസമ്മേളനത്തിൽ ചൂണ്ടിക്കാട്ടി. . ഈ ദുർനയങ്ങൾക്കെതിരെ ജനങ്ങൾക്കു വേണ്ടി നിലകൊള്ളേണ്ട പ്രതിപക്ഷം ജനവിരുദ്ധ പക്ഷത്തു നിന്ന് സർക്കാരിനെ കടന്നാക്രമിക്കുകയും ചെയ്യുന്നുവെന്നും മുഖ്യമന്ത്രി കുറ്റപ്പെടുത്തി. . സ്വതന്ത്രസ്ഥാപനങ്ങൾ എടുക്കുന്ന വായ്പ സംസ്ഥാനത്തിന്റെ വായ്പാപരിധിയിൽ ഉൾപ്പെടുത്തി കേരളത്തിന്റെ വായ്പാ പരിധി 2021 – 22 മുതൽ മുൻകാല പ്രാബല്യത്തോടെ കേന്ദ്രസർക്കാർ വെട്ടിക്കുറച്ചു. ഇത് മൂലം കേരളത്തിന് അകെ വായ്പാ പരിധിയിൽ 6000 കോടിയോളം രൂപയുടെ കുറവ് ഉണ്ടായി.ധനകാര്യ കമ്മീഷന്റെ ശുപാർശകൾ കേന്ദ്ര ധനകാര്യ മന്ത്രാലയം അട്ടിമറിക്കുന്നു. 15ആം ധനകാര്യ കമ്മീഷൻ കിഫ്ബി പോലുള്ള പ്രത്യേക ഉദ്ദേശ സ്ഥാപനങ്ങളുടെ കടം സംസ്ഥാനത്തിന്റെ കടമായി ഉൾപ്പെടുത്തുമെന്ന് പറഞ്ഞിട്ടില്ല. ദേശീയപാത 66 ന്റെ വികസനത്തിനായി ഭൂമി ഏറ്റെടുക്കാൻ 25 ശതമാനം തുകയാണ് കേരളത്തോട് ആവശ്യപ്പെട്ടത്. ഇതിനായി കിഫ്ബിവഴി 5854 കോടി രൂപ സമാഹരിച്ചു നൽകി. ഈ തുകയും സംസ്ഥാനത്തിന്റെ കടമെടുപ്പ് അവകാശത്തിൽനിന്ന് കുറയ്ക്കുന്ന നിലപാടാണ് കേന്ദ്രം സ്വീകരിച്ചത്. സംസ്ഥാനങ്ങൾക്ക് വീതിച്ചു നൽകേണ്ട നികുതി വിഭവങ്ങളുടെ അനുപാതം പതിനാലാം ധനകാര്യ കമ്മീഷനിൽ 42% ആയിരുന്നത് പതിനഞ്ചാം ധനകാര്യ കമ്മീഷന്റെ കാലയളവിൽ 41% ആയി കുറഞ്ഞു. സംസ്ഥാനങ്ങൾക്ക് വിഭജിക്കേണ്ട നികുതി 50% ആക്കി വർദ്ധിക്കണമെന്ന് സംസ്ഥാനം ആവശ്യപ്പെട്ടെങ്കിലും പരിഗണിച്ചില്ല. ധനകാര്യ കമീഷന്റെ പരിഗണനാ വിഷയങ്ങളിലും മാനദണ്ഡങ്ങളിലും കൈകടത്തി കേരളത്തിന് ലഭിക്കേണ്ട അർഹതപ്പെട്ട തുക നിഷേധിക്കുന്നതാണ് കേന്ദ്രസർക്കാർ സമീപനമെന്നും മുഖ്യമന്ത്രി പറഞ്ഞു. കേന്ദ്രവിഹിതം നാമമാത്രമാണെങ്കിലും കേന്ദ്ര സർക്കാർ ബ്രാണ്ടിംഗ് നിർബന്ധം എന്നാണ് അവസ്ഥ. ലൈഫ് പദ്ധതിയിൽ ഭൂരിഭാഗം ഗുണഭോക്താക്കൾക്ക് തുക പൂർണമായി നൽകുന്നതും, കേന്ദ്രധന സഹായമുള്ള ചുരുക്കം വീടുകളിൽ തന്നെ തുകയുടെ സിംഹഭാഗവും ചെലവഴിക്കുന്നതും സംസ്ഥാന സർക്കാർ ആണ്. ലൈഫ് പദ്ധതിക്ക് കീഴിൽ വീടുകൾ നിർമ്മിക്കുന്നതിന് കേരളത്തിന് കേന്ദ്ര പി എം എ വൈ പദ്ധതിക്ക് കീഴിൽ ലഭിക്കുന്ന നാമമാത്ര തുക ചൂണ്ടിക്കാട്ടി കേന്ദ്ര സർക്കാർ ബ്രാണ്ടിംഗ് നിർബന്ധമാക്കാൻ സമ്മർദ്ദം ചെലുത്തുകയാണ്. ലൈഫ് പദ്ധതിയുടെ ഭാഗമായി നിർമ്മിക്കുന്ന വീടുകൾ ഓരോരുത്തരുടെയും സ്വന്തമാണ്. അതിന്മേ മറ്റൊരാൾക്കും അവകാശമില്ല. വീട് നിർമ്മിച്ച ശേഷം അത് ഇന്ന തരത്തിൽ നിർമ്മിക്കപ്പെട്ടതാണ് എന്നും ഇന്നവരുടെ സഹായത്താൽ നിർമ്മിച്ചതാണ് എന്നും എഴുതി വെക്കുന്നത് വീട്ടുടമസ്ഥന്റെ ആത്മാഭിമാനത്തെ ആക്രമിക്കുന്നതാണ്. അത്തരത്തിൽ ഒരു ലേബലിംഗും കേരളത്തിൽ നടപ്പില്ല. ആര് നിർബന്ധിച്ചാലും അതിന് സംസ്ഥാന സർക്കാർ തയ്യാറാവുകയുമില്ലെന്നും മുഖ്യമന്ത്രി വ്യക്തമാക്കി

രാജ്യത്തെയും പ്രധാനമന്ത്രിയെയും അപമാനിച്ചു, ഹൈക്കോടതി ജീവനക്കാരുടെ നാടകത്തിൽ നടപടി, രണ്ടു പേർക്ക് സസ്പെൻഷൻ

കൊച്ചി : റിപ്പബ്ലിക്ക് ദിനാഘോഷത്തോട് അനുബന്ധിച്ച് ഹൈക്കോടതി ജീവനക്കാർ അവതരിപ്പിച്ച ഹ്രസ്വനാടകത്തിനെതിരെ നൽകിയ പരാതിയിൽ രണ്ടുപേർക്കെതിരെ നടപടി. അസിസ്റ്റന്റ് രജിസ്ട്രാർ ടി.എ. സുധീഷ്, കോർട്ട് കീപ്പർ പി.എം. സുധീഷ് എന്നിവരെയാണ് സസ്പെൻഡ് ചെയ്തത്. അന്വേഷണ വിധേയമായാണ് സസ്പെൻഷൻ. സംഭവത്തെ കുറിച്ച് വിജിലൻസ് രജിസ്ട്രാർ അന്വേഷിക്കും. ഹൈക്കോടതി ജീവനക്കാർ അവതരിപ്പിച്ച വൺ നേഷൻ വൺ വിഷൻ വൺ ഇന്ത്യ എന്ന നാടകത്തിനെതിരെയാണ് ലീഗൽ സെല്ലും ഭാരതീയ അഭിഭാഷക പരിഷത്തും പരാതി നൽകിയത്. പ്രധാനമന്ത്രിയെയും രാജ്യത്തെയും നാടകത്തിലൂടെ അപമാനിച്ചു എന്നാണ് പരാതി. നാടകത്തിലെ പ്രധാനമന്ത്രിയുടെ വാക്കുകളുടെ പ്രയോഗരീതി ആക്ഷേപിക്കുന്ന തരത്തിൽ ആണെന്നും പരാതിയിലുണ്ട്. സുപ്രീംകോടതി ചീഫ് ജസ്റ്റിസിനും ഹൈക്കോടതി ചീഫ് ജസ്റ്റിസിനും കേന്ദ്രനിയമ മന്ത്രിക്കുമാണ് പരാതി നൽകിയത്.

സ്വകാര്യവാഹനത്തിൽ അഭിവാദ്യം സ്വീകരിച്ച സംഭവം; കയറുംമുൻപ് ആർസി ബുക്ക് നോക്കാനാവുമോയെന്ന് മന്ത്രി



കണ്ണൂർ: റിപ്പബ്ലിക് ദിന പരേഡിൽ അഭിവാദ്യം സ്വീകരിക്കുന്നതിന് കരാറുകാരന്റെ വാഹനം ഉപയോഗിച്ചതിൽ മറുപടിയുമായി മന്ത്രി മുഹമ്മദ് റിയാസ്. വണ്ടിയുടെ ആർസി ബുക്കും മറ്റും കയറുന്നതിനു മുൻപ് മന്ത്രിക്ക് നോക്കാൻ കഴിയുമോ എന്നു ചോദിച്ച റിയാസ്, ചിലരുടെ ചോരകുടിക്കാനാണ് ഇത്തരം വാർത്തകൾ നൽകുന്നതെന്നും പറഞ്ഞു. കണ്ണൂരിൽ മാധ്യമങ്ങളോട് സംസാരിക്കുകയായിരുന്നു മന്ത്രി. 'അധോലോക രാജാവായ ഒരു പിടികിട്ടാപ്പുള്ളിയുടെ വാഹനമായാൽ പോലും മന്ത്രിക്ക് എന്ത് ഉത്തരവാദിത്തമാണ് ഉള്ളത്? എന്താണ് സംഭവിച്ചത് എന്നതിനെക്കുറിച്ച് കലക്ടറോടും ജില്ലാ പൊലീസ് മേധാവിയോടും ചോദിച്ചിട്ടുണ്ട്', അദ്ദേഹം വ്യക്തമാക്കി. അഭിവാദ്യം സ്വീകരിക്കാൻ പൊലീസ് വാഹനം ഉപയോഗിക്കണം എന്നിരിക്കെ കോഴിക്കോട് വെസ്റ്റ് ഹിൽ വിക്രം മൈതാനിയിൽ നടന്ന ചടങ്ങിൽ ഒരു സ്വകാര്യ കൺസ്ട്രക്ഷൻ കമ്പനിയുടെ വാഹനത്തിൽ മന്ത്രി അഭിവാദ്യം സ്വീകരിച്ചതിനെതിരെ കടുത്ത വിമർശനം ഉയർന്നിരുന്നു. അതേസമയം തുറന്ന വാഹനം പോലീസിൽ ഇല്ലാത്തതിനാലാണ് ഈ വാഹനം ഉപയോഗിക്കേണ്ടിവന്നത് എന്നാണ് പോലീസിന്റെ വിശദീകരണം.

കേരള പ്രണാമം
സത്യം വദ: ധർമ്മം ചര:
editorialkeralapranamam@gmail.com

ഇഡിയുടെ പേരിൽ കൽക്കട്ട ഹൈക്കോടതി ബെഞ്ചുകൾക്കിടയിൽ തർക്കം

കൽക്കട്ട ഹൈക്കോടതിയുടെ രണ്ട് വ്യത്യസ്ത ബെഞ്ചുകളുടെ ഒരേ കേസിലുള്ള പരസ്പര വിരുദ്ധമായ ഉത്തരവുകളിൽ ഇടപെട്ട് സുപ്രിം കോടതി. പശ്ചിമ ബംഗാളിലെ സർക്കാർ നിയന്ത്രണത്തിലുള്ള മെഡിക്കൽ കോളേജുകളിലും ആശുപത്രികളിലും എംബിബിഎസ് വിദ്യാർത്ഥികളുടെ പ്രവേശനത്തിൽ ക്രമക്കേട് ആരോപിച്ച് കൽക്കട്ട ഹൈക്കോടതിയുടെ രണ്ട് ബെഞ്ചുകൾ പുറപ്പെടുവിപ്പിച്ച വിധിയിലാണ് ജനുവരി 27 ന് സുപ്രിം കോടതി അടിയന്തര വാദം കേട്ടത്. ജനുവരി 26ന് കേസ് കേൾക്കാൻ ചീഫ് ജസ്റ്റിസ് ഡി വൈ ചന്ദ്രചൂഡിന്റെ നേതൃത്വത്തിലുള്ള അഞ്ചംഗ ബെഞ്ച് രൂപീകരിക്കുമെന്നു കാണിച്ച് നോട്ടീസ് സംസ്ഥാന സർക്കാരിനും കോടതിക്കും അയച്ചിരുന്നു. ശനിയാഴ്ച നടന്ന ഈ ഹിയറിങ് സുപ്രിം കോടതിയുടെ ചരിത്രത്തിൽ തന്നെ അപൂർവമായ സംഭവമാണ്. ഈ വിഷയത്തിൽ കൊൽക്കത്ത ഹൈക്കോടതിയുടെ എല്ലാ അനുബന്ധ നടപടികളും സുപ്രീം കോടതി സ്റ്റേ ചെയ്തു. കൂടാതെ സ്ഥിതിഗതികൾ നിയന്ത്രിച്ച് സുപ്രീം കോടതി തിങ്കളാഴ്ച കേസ് പരിഗണിക്കും. ഈ വിഷയം കൈകാര്യം ചെയ്യാനുള്ള ചുമതല തങ്ങൾക്കാണെന്നും ചീഫ് ജസ്റ്റിസ് സൂചിപ്പിച്ചു.

ഡിവിഷൻ ബെഞ്ചിന്റെ ഉത്തരവുണ്ടായിട്ടും സംസ്ഥാനത്തെ എംബിബിഎസ് പ്രവേശനത്തിലെ ക്രമക്കേടുകളിൽ സിബിഐ അന്വേഷണം തുടരുമെന്ന് കൽക്കട്ട ഹൈക്കോടതിയിലെ ജസ്റ്റിസ് അഭിജിത് ഗംഗോപാധ്യായയുടെ സിംഗിൾ ബെഞ്ച് വ്യാഴാഴ്ച ഉത്തരവിട്ടിരുന്നു.

കൂടാതെ ഗംഗോപാധ്യായ കേസ് പരിഗണിക്കവെ സംസ്ഥാനത്തെ ഏതോ രാഷ്ട്രീയ പാർട്ടിക്ക് വേണ്ടി വ്യക്തമായി പ്രവർത്തിക്കുന്നുവെന്ന് സഹ ജഡ്ജിയായ ജസ്റ്റിസ് സൗമൻ സെന്നിനെതിരെ ആരോപണവും ഉന്നയിച്ചിരുന്നു. ഇത് വിവാദമായതോടെയാണ് ഡി വൈ ചന്ദ്രചൂഡിന്റെ നേതൃത്വത്തിലുള്ള അഞ്ചംഗ ബെഞ്ച് സ്വമേധയാ നോട്ടീസ് അയക്കുകയായിരുന്നു. ചീഫ് ജസ്റ്റിസ് ഡി വൈ ചന്ദ്രചൂഡ് ജസ്റ്റിസുമാരായ സഞ്ജീവ് ഖന്ന, ബി ആർ ഗവായ്, സൂര്യകാന്ത്, അനിരുദ്ധ ബോസ് എന്നിവരടങ്ങുന്ന അഞ്ചംഗ ബെഞ്ചാണ് വാദം കേട്ടത്.

പശ്ചിമ ബംഗാളിലെ എംബിബിഎസ് പ്രവേശനത്തിലെ ക്രമക്കേടുകൾ സംബന്ധിച്ച കേസിൽ ജനുവരി 24 ന് ജസ്റ്റിസ് ഗംഗോപാധ്യായ ഉൾപ്പെട്ട സിംഗിൾ ജഡ്ജി ബെഞ്ച് രണ്ട് ഉത്തരവുകൾ പുറപ്പെടുവിക്കുന്നത്. കേസിലെ 'അഴിമതിയുടെ വലിയ ചിത്രം' കണക്കിലെടുത്ത് സിബിഐ അന്വേഷണം നടത്താൻ കോടതി ഉത്തരവിട്ടു. ഹർജിക്കാരൻ തങ്ങളുടെ ഹർജിയിൽ സിബിഐ അന്വേഷണം ആവശ്യപ്പെട്ടിട്ടില്ലെന്നും എന്നാൽ സമഗ്രമായ അന്വേഷണം ആവശ്യമാണെന്നും ഉത്തരവിൽ അദ്ദേഹം വ്യക്തമാക്കി. കൽക്കട്ട ഹൈക്കോടതിയിലെ അഡ്വക്കേറ്റ് ജനറൽ സമർപ്പിച്ച എല്ലാ രേഖകളും സി.ബി.ഐക്ക് കൈമാറാൻ അദ്ദേഹം നിർദ്ദേശിച്ചു, കൂടാതെ രേഖകൾ സ്വീകരിക്കുന്നതിന് ഒരു ഉദ്യോഗസ്ഥനെ അന്ന് തന്നെ ഹാജരാകാൻ സിബിഐയുമായി ആശയവിനിമയം നടത്താൻ രജിസ്ട്രാർ ജനറലിനോട് നിർദ്ദേശിക്കുകയും ചെയ്തു.

വിധിയിൽ വിയോജിച്ച അഡ്വക്കേറ്റ് ജനറൽ (എജി) സിബിഐ അന്വേഷണം സ്റ്റേ ചെയ്യണമെന്ന് ആവശ്യപ്പെട്ട് ജസ്റ്റിസുമാരായ സൗമൻ സെൻ, ഉദയ് കുമാർ എന്നിവരടങ്ങുന്ന ഡിവിഷൻ ബെഞ്ചിനെ സമീപിച്ചു. സംസ്ഥാനത്തിന്റെ തന്നെ നിഷ്പക്ഷമായ അന്വേഷണം നടത്താൻ അനുവദിക്കണമെന്ന് വാദിച്ച് എജ സിബിഐ അന്വേഷണം നിർത്തിവയ്ക്കണമെന്ന് അറിയിച്ചു. ഔപചാരികമായ അറിയിപ്പ് കൂടാതെ സിബിഐ അന്വേഷണത്തിന് കോടതിക്ക് ഉത്തരവിടാൻ കഴിയില്ലെന്ന് വ്യക്തമാക്കി ഡിവിഷൻ ബെഞ്ച് സമ്മതിച്ചു. ഉച്ചയ്ക്ക് ഹാജരാകാൻ നിർദേശിച്ച സിബിഐ ഉദ്യോഗസ്ഥന് രേഖകൾ കൈമാറേണ്ട ആവശ്യമില്ലെന്നും ബെഞ്ച് വ്യക്തമാക്കി.

രാവിലെ മുതലുള്ള ജസ്റ്റിസ് ഗംഗോപാധ്യായയുടെ ഉത്തരവ് കണ്ടെത്താൻ കഴിഞ്ഞില്ലെങ്കിലും എജിയുടെ വിവരങ്ങളെയാണ് ആശ്രയിക്കുന്നതെന്ന് ഡിവിഷൻ ബെഞ്ച് സമ്മതിച്ചു. ഉത്തരവിനെതിരെ അപ്പീൽ നൽകാനും നിശ്ചിത സമയത്തിനകം സ്റ്റേ ഹർജി നൽകാനും ഉത്തരവിട്ടു. എന്നാൽ, സ്റ്റേ ഉത്തരവുണ്ടായിട്ടും ഒരു സി.ബി.ഐ ഉദ്യോഗസ്ഥൻ അന്നു ഉച്ചയോടെ ജസ്റ്റിസ് ഗംഗോപാധ്യായയ്ക്കു മുന്നിൽ ഹാജരായി. സിബിഐ അന്വേഷണ ഉത്തരവിനെതിരെ സംസ്ഥാനത്ത് നിന്ന് ആരും തന്നെ അപ്പീൽ നൽകിയിട്ടില്ലെന്ന് വ്യക്തമാക്കി ജസ്റ്റിസ് ഗംഗോപാധ്യായ സിബിഐ അന്വേഷണത്തിനുള്ള രേഖകൾ കൈമാറിക്കൊണ്ട് മുന്നോട്ട് പോയി. അന്നു വൈകുന്നേരം, ജസ്റ്റിസ് സെന്നിനെതിരെ മോശം പെരുമാറ്റത്തിന്റെ കടുത്ത ആരോപണങ്ങൾ ഉന്നയിക്കുന്നതിനിടെ, ഡിവിഷൻ ബെഞ്ചിന്റെ തീരുമാനങ്ങൾ ലക്ഷ്യമിട്ട് ജസ്റ്റിസ് ഗംഗോപാധ്യായ ഒരു ഉത്തരവ് പ്രസിദ്ധീകരിച്ചു. ഈ രേഖാമൂലമുള്ള ഉത്തരവിലാണ്, സഹ ജഡ്ജിയായ ജസ്റ്റിസ് സൗമൻ സെന്നിനെതിരെ ഗംഗോപാധ്യായ ആരോപണങ്ങൾ ഉന്നയിച്ചേത്. ഇരു ബെഞ്ചിന്റെയും വാദം കേട്ട സുപ്രിം കോടതി ഇഡിയുടെ ഇടപെടൽ ഉൾപ്പെടെ സ്റ്റേ ചെയ്തു.

നേർക്കാഴ്ച

"ഈശ്വരനെ നമുക്ക് ഭയവും വിശ്വാസമുണ്ടെങ്കിൽ നാം മറ്റൊന്നും ഭയപ്പെടേണ്ടതില്ല്"
മഹാത്മാ ഗാന്ധി

ഇത്തരം പ്രവണതകൾ ശരിയാവുകയില്ല

രണ്ടാം പിണറായി സർക്കാരിന്റെ മൂന്നാം ബജറ്റിനു മുന്നോടിയായുള്ള നയപ്രഖ്യാപന പ്രസംഗം ഒരു മിനിറ്റിനുള്ളിൽ വായിച്ചുനിർത്തി ഗവർണർ മടങ്ങിയപ്പോൾ അമ്പരന്നതു ഭരണപക്ഷവും പ്രതിപക്ഷവും മാത്രമല്ല, സംസ്ഥാനത്തെ ജനങ്ങൾ കൂടിയാണ്. ഗവർണറുടെ നടപടിയെ മുന്നണികൾ അവരുടെ രാഷ്ട്രീയ ലക്ഷ്യത്തിന്റെ അടിസ്ഥാനത്തിൽ വിലയിരുത്തുകയും വിമർശിക്കുകയും ചെയ്യുന്നതാണു പിന്നീടു കണ്ടത്. എന്നാൽ, ജനങ്ങളെ സംബന്ധിച്ച് ഗവർണറും സർക്കാരും തമ്മിൽ തുടരുന്ന പോരിന്റെ അടുത്ത അധ്യായമായി മാത്രമേ ഗവർണറുടെ നടപടിയെ കാണാനാകൂ. ഈയൊരു ഏറ്റുമുട്ടൽ കേരള നിയമസഭയുടെ ശോഭ കെടുത്തുന്നതു മാത്രമല്ല, ജനങ്ങളോടുള്ള വെല്ലുവിളി കൂടിയാണ്.

അറുപത്തിമൂന്നു പേജുള്ള നയപ്രഖ്യാപന പ്രസംഗമാണ് ഗവർണർ ആരിഫ് മുഹമ്മദ് ഖാൻ ഒരു മിനിറ്റ് 17 സെക്കൻഡിൽ പൂർത്തിയാക്കിയത്. ആമുഖമായി ഒരു വരിയും അവസാന ഖണ്ഡികയും മാത്രമാണ് നയപ്രഖ്യാപനത്തിന്റെ ഭാഗമായി ഗവർണർ വായിച്ചത്. കേരള നിയമസഭയുടെ ചരിത്രത്തിൽതന്നെ ഇങ്ങനെയൊരു സംഭവം ആദ്യമാണ്. നയപ്രഖ്യാപന പ്രസംഗത്തിൽ എന്റെ സർക്കാർ എന്ന പ്രയോഗം ആവർത്തിച്ചു പറയേണ്ടതായിവരാറുണ്ട്. സർക്കാരിനോടു ചേർന്നു പോകാൻ കഴിയാത്ത ഗവർണർക്ക്, എങ്ങനെ ഇതു തന്റെ സർക്കാരാണെന്നു ജനങ്ങളോടു പറയാൻ കഴിയും? ഈയൊരു സാഹചര്യത്തിൽ മുഖ്യമന്ത്രിയോടും മന്ത്രിമാരോടുമുള്ള തന്റെ നിലപാടിൽ യാതൊരു മാറ്റവുമില്ലെന്ന നയപ്രഖ്യാപനമാണ് യഥാർഥത്തിൽ ഗവർണർ നിയമസഭയിൽ നടത്തിയതെന്നു പറയേണ്ടിവരുന്നു. ജനങ്ങൾക്ക് അറിയേണ്ടിയിരുന്നതു സർക്കാരിന്റെ നയമാണ്. അതു മുഴുവനായും വായിക്കാതെ തന്റെ നിലപാടിനൊത്ത നയം വ്യക്തമാക്കി മടങ്ങിയ ഗവർണറോടു യോജിക്കാൻ കഴിയില്ല.

രാജ്ഭവനിൽനിന്നു നിയമസഭയിലെത്തിയ ഗവർണറെ മുഖ്യമന്ത്രി പൂച്ചെണ്ട് നൽകി സ്വീകരിച്ചെങ്കിലും പ്രതിപക്ഷം സംശയിച്ചതുപോലെ യോജിപ്പിന്റെ പരിമളമുണ്ടായില്ല. പ്രതിപക്ഷ നിരയിൽനിന്ന് എല്ലാം ഒത്തുതീർപ്പാക്കിയോ എന്നുള്ള ചോദ്യത്തിനും സെക്കൻഡുകൾക്കുള്ളിൽ ഗവർണറുടെ അസാധാരണ നീക്കത്തിലൂടെ ഉത്തരമുണ്ടായി. നയപ്രഖ്യാപനത്തിനുശേഷം മടങ്ങുന്ന ഗവർണറെ മുഖ്യമന്ത്രി അനുഗമിക്കുന്ന പതിവുണ്ടാകാറുണ്ട്. മുഖ്യമന്ത്രിയെ കാത്തുനിൽക്കാതെ ഗവർണർ മടങ്ങിയതോടെ നയപ്രഖ്യാപനത്തോടനുബന്ധിച്ചുള്ള ഔപചാരികതകളും രീതികളും ചട്ടങ്ങളും മാറ്റിവച്ച് ഇരുകൂട്ടരും തമ്മിലുള്ള പിണക്കം ചർച്ചചെയ്യേണ്ട ഗതികേടാണു ജനത്തിനുണ്ടായത്. കേന്ദ്ര സർക്കാരിനെതിരായ വിമർശനം ഉൾക്കൊള്ളുന്ന നയപ്രഖ്യാപനത്തിന്റെ കരട് ഗവർണർ നേരത്തേ വായിച്ച് അംഗീകരിച്ചതാണ്. അതും വിശദീകരണമൊന്നും ചോദിക്കാതെതന്നെ. അതോടെ ഗവർണർ നയപ്രഖ്യാപനം പൂർണമായും വായിക്കുമെന്ന പ്രതീക്ഷയും വളർന്നിരുന്നു.

ഗവർണർ നടത്തിയ നയപ്രഖ്യാപനം ഔദ്യോഗികം അല്ലെന്നും നിയമസഭയോടും ഭരണഘടനയോടുള്ള അവഹേളനമാണെന്നും പ്രതിപക്ഷം വിമർശിച്ചു. ഒരു മിനിറ്റ് പ്രസംഗത്തിനിടയിൽ തങ്ങൾക്കു ക്ഷീണമാകുന്ന യാതൊന്നും പറഞ്ഞില്ലെന്ന ആശ്വാസത്തിലാണ് എൽ.ഡി.എഫ്. ഗവർണർക്ക് ആരോഗ്യപരമായ കാരണങ്ങൾ ഉണ്ടാകാമെന്ന തരത്തിലും എൽ.ഡി.എഫിന്റേയും ബി.ജെ.പിയുടേയും ഭാഗത്തുനിന്നു പ്രതികരണമുണ്ടായി. കൃത്യമായ കാരണം വിശദീകരിക്കാത്തിടത്തോളം കേരള നിയമസഭയോട് ഗവർണർ അനാദരവു കാട്ടിയെന്ന വാദം നിലനിൽക്കും. കേരളത്തിന് അപമാനമായിട്ടുള്ള പല പ്രതിഷേധങ്ങൾക്കും കേരള നിയമസഭ സാക്ഷ്യം വഹിച്ച ചരിത്രമുണ്ട്. ഇന്നും അവസാനിക്കാത്ത നിയസഭാ കൈയാങ്കളിക്കേസ് അത്തരത്തിൽ ഒന്നാണ്. കെ.എം. മാണി ബജറ്റ് അവതരിപ്പിക്കുന്നതിനെതിരേ പ്രതിപക്ഷം നടത്തിയ പ്രതിഷേധം സകല മര്യാദകളുടേയും ലംഘനവും ജനാധിപത്യത്തോടും നിയമസഭയോടുമുള്ള അവഹേളനമായും മാറി. ഭരണപക്ഷവും പ്രതിപക്ഷവുംപോലെ പരസ്പരം പോർവിളിച്ചും പ്രതിഷേധിച്ചും രാഷ്ട്രീയം കളിക്കേണ്ടവരല്ല സർക്കാരും ഗവർണറും. സംസ്ഥാനത്തിന്റെ ഭരണഘടനാ തലവനായ ഗവർണർക്ക് അർഹിക്കുന്ന ആദരവു നൽകാൻ സർക്കാരും, സർക്കാരിന്റെ എക്സിക്യൂട്ടിവ് അധികാരത്തെ അംഗീകരിക്കാൻ ഗവർണറും തയാറാകണം. അതിനു വേണ്ടിയുള്ള വിട്ടുവീഴ്ചകൾ നിയമസഭാ പ്രവർത്തനത്തെ സുഗമവും മാതൃകാപരമായും കൊണ്ടുപോകുന്നതിൽ പ്രധാനമാണ്.

അനധികൃതമായി സിംഹത്തിനെ കൈവശം വച്ചു ; യുവതി അറസ്റ്റിൽ

വളർത്തു മൃഗങ്ങൾ എപ്പോഴും കൗതുകമുണർത്തുന്ന ഒന്നാണ് അവ ഇല്ലാത്ത വീടുകൾ കുറവായിരിക്കും. മൃഗങ്ങളെ ഓമനിക്കാത്തവരും അവയുടെ കുറുമ്പും കുസൃതികളും ആസ്വദിക്കാത്തവരും വളരെ ചുരുക്കവുമാണ്. എങ്കിലും ചിലരുടെ വളർത്തുമൃഗങ്ങൾ മറ്റുള്ളവരിൽ നിന്ന് വളരെ വ്യത്യസ്തവുമാകാം. ഇപ്പോഴിതാ, വളർത്തുമൃഗമായി സിംഹത്തിനെ കൈവശം വച്ചതിനും തുറന്ന കാറിലൂടെ നഗരത്തിലൂടെ യാത്ര ചെയ്തതിനും അറസ്റ്റിലായിരിക്കുകയാണ് സവാങ്ജിത്ത് എന്ന തായ് ലൻഡുകാരി.

മതിയായ രേഖകളില്ലാതെ അനധികൃതമായണ് സിംഹക്കുട്ടിയെ സവാങ്ജിത്ത് കൈവശം വച്ചത്. തുറന്നിട്ട ബെന്റ്ലി കാറിൽ സിംഹം യാത്ര ചെയ്യുന്ന വീഡിയോ ഇൻസ്റ്റഗ്രാമിൽ വൈറലായതിനു പിന്നലെയാണ് തായ് പോലീസ് യുവതിക്കെതിരെ കേസെടുത്തത്. തായ്‌ലൻഡിലെ പാട്ടായയിൽ സിംഹം യാത്രചെയുന്ന വീഡിയോക്ക് 2.6 മില്ല്യണിലധികം കാഴ്ച്ചക്കുണ്ടായിരുന്നു. സംഭവം വലിയ രീതിയിൽ വിവാദമായതിനെ തുടർന്ന് പോലീസ് അന്വേഷണത്തിന് ഉത്തരവിടുകയും ചെയ്തു.

അനുമതിയില്ലാതെ സംരക്ഷിത വന്യജീവിയെ കൈവശം വച്ചുവെന്ന പരിസ്ഥിതി പ്രകൃതി വിഭവ നിയമം ലംഗിച്ചതിനാണ് സാവാങ്ജിത്ത് കൊസോഗ്നെർനെതിരെ തായ് പോലീസ് കേസെടുത്തിരിക്കുന്നത് എന്ന് സെൻട്രൽ ഇൻവെസ്റ്റിഗേഷൻ ബ്യൂറോ തങ്ങളുടെ ഔദ്യോഗിക ഫേസ്ബുക്ക് പേജ് വഴി അറിയിച്ചിരുന്നു. വൈൽഡ് അനിമൽ കൺസർവേഷൻ ആൻഡ് പ്രൊട്ടക്ഷൻ ആക്ട് 2019 ഉപയോഗിച്ചാണ് സാവാങ്ജിത്തിനെ അറസ്റ്റ് ചെയ്തിരിക്കുന്നത് എന്നും പ്രസ്താവനയിൽ പറഞ്ഞിരുന്നു.

തായ്‌ലൻഡിലെ നിയമ പ്രകാരം സവാങ്ജിത്ത് കൊസോഗ്നെർനെതിരെ ചുമത്തിയിരിക്കുന്ന കുറ്റത്തിന് 100,000 ബത്ത്, ഏകദേശം 2,33,290.94 ഇന്ത്യൻ രൂപ പിഴയും ഒരു വർഷം തടവും ലഭിക്കാവുന്ന കുറ്റകൃത്യമാണ്. എന്നാൽ താൻ മറ്റൊരു വ്യക്തിയിൽ നിന്ന് 250,000 ബത്തിന് സിംഹത്തെ വാങ്ങിയതാണെന്നും എന്നാൽ സിംഹത്തിന്റെ ലിംഗഭേദത്തെ പറ്റിയുള്ള മതിയായ വിവരങ്ങൾ ലഭിക്കാത്തതിനാൽ ഔദ്യോഗിക കൈമാറ്റ രേഖകൾ വാങ്ങാൻ സാധിച്ചിട്ടില്ലെന്നുമാണ് സാവാങ്ജിത്തിന്റെ വാദം. വീഡിയോ ദൃശ്യങ്ങളിൽ കാറോടിക്കുന്ന ശ്രീലങ്കൻ പൗരത്വമുള്ള വ്യക്തിയുടെ വീട്ടിലാണ് സിംഹത്തിന്റെ പാർപ്പിച്ചിരുന്നത്. ഇയാളെ തിരികെ ശ്രീലങ്കയിലേക്ക് നാടുകടത്തിയതായി തായ് വന്യജീവി വകുപ്പ് അറിയിച്ചു. അതോടപ്പം യുവതിക്ക് സിംഹത്തെ വിറ്റയാൾക്ക് അനുമതിയില്ലാതെ മൃഗത്തെ മറ്റൊരാൾക്ക് കൈമാറ്റം ചെയ്തിനുള്ള ശിക്ഷയും നേരിടേണ്ടിവരും.

തായ് ലാൻഡിൽ സിംഹത്തെ കൈവശം വക്കുന്നത് നിയമപരമാണോ ?

ആരാണ് അരംബായ് തെംഗോൽ

സാജ് വടക്കൻ

ഇനിയും കെട്ടടങ്ങാത്ത മണിപ്പൂർ സംഘർഷത്തിൽ സമാധന ചർച്ചകൾ പുരോഗമിച്ചു കൊണ്ടിരിക്കുകയാണ്. ഇതിനിടയിലാണ് മെയ്തെയ് സായുധ സേനയായ അരംബായ് തെംഗോൽ വിവിധ രാഷ്ട്രീയ നേതാക്കളുടെ യോഗം വിളിച്ചു ചേർത്തതോടെ സ്ഥിഗതികൾ രൂക്ഷമായി. കലാപത്തിൽ കുക്കി ഗോത്രവിഭാഗക്കാരെ കൊന്നൊടുക്കുന്നതിൽ മുൻനിരയിൽ നിന്നുവെന്ന ആക്ഷേപം നേരിടുന്ന സംഘടനയുടെ യോഗത്തിൽ കുക്കി വിഭാഗത്തിൽ നിന്നും എതിർപ്പ് ശക്തമായികൊണ്ടിരിക്കുന്നു. എംഎൽഎമാർ അരംബായ് തെംഗോലിനു മുൻപിൽ പ്രതിജ്ഞയെടുത്തതായും ജനാധിപത്യം അപകടത്തിലാണെന്നും കുക്കി സംഘടനകൾ ആരോപിക്കുന്നുണ്ട്.

സമൻസ് പ്രകാരം ജനുവരി 24 നാണ് മണിപ്പൂർ ഇംഫാലിലെ കാംഗ്ല കോട്ടയിൽ വിവിധ രാഷ്ട്രീയ പാർട്ടികളിൽ നിന്നുള്ള 30-ലധികം നിയമസഭാ എംഎൽഎമാരും, ഒരു കേന്ദ്രമന്ത്രിയും, രാജ്യസഭയിൽ നിന്നുള്ള ഒരു എംപിയും കൂടിക്കാഴ്ച നടത്തി. റാഡിക്കൽ മെയ്തി സംഘടനയായ അരംബായ് തെംഗോൽ നേതാക്കൾക്കയച്ച സമൻസ് പ്രകാരമാണ് കൂടിക്കാഴ്ച നടന്നത്. മണിപ്പൂർ മുഖ്യമന്ത്രി ബിരേൻ സിങ്ങും സംഘത്തിന്റെ ആവശ്യങ്ങളടങ്ങിയ രേഖയിൽ ഒപ്പുവക്കുകയും, പിന്തുണ അറിയിക്കുകയും ചെയ്തിട്ടുണ്ട്. വിദേശകാര്യ സഹമന്ത്രിയും മണിപ്പൂർ ലോക്സഭാ എംപിയുമായ രാജ്കുമാർ രഞ്ജൻ സിംഗ്, മണിപ്പൂർ രാജ്യസഭാ എംപി ലെഷെംബ സനാജയോബ എന്നിവരാണ് പ്രധാനമായും യോഗത്തിൽ പങ്കെടുത്തത്. മുഖ്യമന്ത്രി നേരിട്ട് പങ്കെടുത്തില്ലങ്കിലും രേഖയിൽ ഒപ്പിട്ടിട്ടുണ്ട്, കൂടാതെ മുൻ മുഖ്യമന്ത്രിയും മുതിർന്ന കോൺഗ്രസ് നേതാവുമായ ഒക്രം ഇബോബി സിംഗും രേഖയിൽ ഒപ്പുവച്ചു.

അതെ സമയം യോഗത്തിൽ എംഎൽഎമാർ ആക്രമിക്കപ്പെട്ടതായി മുതിർന്ന കോൺഗ്രസ് നേതാവ് ജയറാം രമേശ് അവകാശപ്പെട്ടു. ഇംഫാലിൽ വിവിധ പാർട്ടികളിൽ നിന്നുള്ള എംഎൽഎമാരും എംപിമാരും മന്ത്രിമാരും ഉൾപ്പെടെ പങ്കെടുത്ത യോഗത്തിനിടെ ആക്രമണമുണ്ടായെന്ന് ജയറാം രമേശ് എക്സിൽ പങ്കുവച്ച പോസ്റ്റിൽ പറയുന്നുണ്ട്. ' മണിപ്പൂർ പ്രദേശ് കോൺഗ്രസ് കമ്മിറ്റി (പിസിസി) പ്രസിഡന്റ് കെ.മേഘചന്ദ്രയ്ക്കെതിരെ ഉണ്ടായ ശാരീരിക ആക്രമണത്തെ ഇന്ത്യൻ നാഷണൽ കോൺഗ്രസ് ശക്തമായി അപലപിക്കുന്നു. സമ്മേളനത്തിന് കേന്ദ്ര-സംസ്ഥാന സേനകളുടെ പൂർണ്ണ സുരക്ഷ ഉണ്ടായിരിന്നിട്ടും എംഎൽഎമാർ എംപിമാർ മന്ത്രിമാർ തുടങ്ങിയവർ പങ്കെടുത്ത സർവകക്ഷി യോഗത്തിൽ ഇത്തരമൊരു അക്രമണമുണ്ടായത് ഖേദകരമാണ്. സ്ഥിതിഗതികൾ രൂക്ഷമായിട്ടും മണിപ്പൂരിൽ സംഭവിച്ച ഇക്കാര്യത്തിൽ പ്രധാനമന്ത്രി മൗനം തുടരുകയാണ്". എന്ന് നേതാവ് എക്സിലൂടെ വിമർശിച്ചു.

ആരാണ് അരംബായ് തെംഗോൽ?

സാംസ്കാരിക സംഘടനയായി ആരംഭിക്കുകയും, എന്നാൽ താമസിയാതെ ഒരു സമൂല സംഘടനയായി രൂപാന്തരപ്പെടുകയും ചെയ്ത അരംബായ് തെംഗോൽ 2020 ലാണ് പ്രവർത്തനം ആരംഭിക്കുന്നത്. 2023 മെയ് മാസത്തിൽ മെയ്തെയ്-കുക്കി സംഘർഷങ്ങൾ പൊട്ടിപ്പുറപ്പെട്ടതോടെയാണ്

സംഘടന ദേശീയ ശ്രദ്ധയിലേക്ക് എത്തുന്നത്. മെയ്തെയുടെ പ്രധാന സായുധ സംഘടനകളിൽ ഒന്നാണ് അരംബായ് തെംഗോൽ. മറ്റൊരു സംഘടന മെയ്തെയ് ലീപുൺ ആണ്. ഏകദേശം 2,000 പേരുടെ സായുധ കേഡർ ശക്തി ഗ്രൂപ്പിന് ഉണ്ടെന്ന് കണക്കാക്കപ്പെടുന്നു, താഴ്‌വരയിലുടനീളമുള്ള ആയിരക്കണക്കിന് സന്നദ്ധപ്രവർത്തകരുടെ പിന്തുണയുണ്ട്. സംസ്ഥാനത്ത് അക്രമം പൊട്ടിപ്പുറപ്പെട്ടതിന് ശേഷം, കുക്കികളുമായുള്ള ഏറ്റുമുട്ടലുകളിലും, സംസ്ഥാന ആയുധപ്പുരകളിൽ നിന്ന് ആയുധങ്ങൾ കൊള്ളയടിക്കുകയും, കുക്കി ആക്രമണങ്ങൾക്കെതിരെ മെയ്തി ഗ്രാമങ്ങളെ പ്രതിരോധിക്കുകയും ചെയ്ത് ഈ സംഘത്തിലെ അംഗങ്ങളായിരുന്നു മുൻനിരയിൽ. സംസ്ഥാനത്ത് നടന്ന അക്രമത്തിന്റെ ആദ്യ ദിവസങ്ങളിൽ മണിപ്പൂർ പോലീസ് രജിസ്റ്റർ ചെയ്ത ഒന്നിലധികം എഫ്ഐആറുകൾ അരംബായ് തെംഗോൽ എന്ന പേരിലാണ്.തെംഗോൽ പോരാളികൾ തങ്ങളുടെ ഗ്രാമങ്ങൾ കത്തിക്കുകയും ആളുകളെ കൊല്ലുകയും ചെയ്ത ജനക്കൂട്ടത്തെ നയിച്ചതായി കുക്കി ഗ്രൂപ്പുകൾ അവകാശപ്പെടുന്നുണ്ട്, അതേസമയം മണിപ്പൂർ പോലീസ് നിശബ്ദ കാഴ്ചക്കാരായി തുടർന്നു എന്ന ആക്ഷേപവും ശക്തമാണ്. അടുത്തിടെ മോറെയിൽ കുക്കികളുമായി നടന്ന ഏറ്റുമുട്ടലിലും സംഘത്തിന്റെ കേഡർ ഉൾപ്പെട്ടതായി സംശയിക്കുന്നുണ്ട്.

എന്താണ് സംഘത്തിന്റെ ആവശ്യങ്ങൾ ?

പഴയ മണിപ്പൂരിന്റെ ആസ്ഥനമായ കാംഗ്ലഫോർട്ടിൽ വച്ചാണ് യോഗം ചേർന്നത്. സ്ഥലത്തെത്തിയ പ്രതിനിധികൾ സത്യപ്രതിജ്ഞ ചെയ്ത ശേഷമാണ് യോഗം അവസാനിപ്പിച്ചതെന്നാണ് റിപ്പോർട്ട്. തുടർന്ന്, ഖവൈരംബാന്ദ് ഇമാ മാർക്കറ്റിൽ നടന്ന ഒരു വലിയ സമ്മേളനത്തെ അഭിസംബോധന ചെയ്ത് അറംബായ് തെംഗോൽ നേതാവ് കൊറൗംഗൻബ ഖുമാൻ പറഞ്ഞതനുസരിച്ചു, യോഗത്തിൽ ഹാജരാകാത്ത മണിപ്പൂർ മുഖ്യമന്ത്രി എൻ ബിരേൻ സിംഗ് ഉൾപ്പെടെയുള്ള പ്രതിനിധികൾ സംഘം മുന്നോട്ടുവച്ച ആവശ്യങ്ങളിൽ ഒപ്പിടുകയും കേന്ദ്ര സർക്കാരിൽ സമ്മർദ്ദം ചെലുത്താൻ പറയുകയും ചെയ്തതായി പറയുന്നു. മണിപ്പൂർ ലെജിസ്ലേറ്റീവ് അസംബ്ലിയിലെ ആകെ 37 നിയമസഭാംഗങ്ങളും രണ്ട് പാർലമെന്റ് അംഗങ്ങളും മണിപ്പൂർ സംസ്ഥാനത്തിന്റെ അഖണ്ഡതയോടും ഐക്യത്തോടും കൂറ് പ്രഖ്യാപിച്ച് എപുത്തൗ പഖാങ്ബ ബലിപീഠത്തിനു മുമ്പാകെ സത്യപ്രതിജ്ഞ ചെയ്തു. യോഗം വിളിച്ചു ചേർത്ത അരംബായ് തെംഗോൽ ഗൂഢാലോചന നടത്തിയതായും വിമർശനം ഉയരുന്നുണ്ട്. സംഘടനയുടെ ആവശ്യങ്ങൾ പാലിക്കുന്നതിനുള്ള സമയപരിധി 2024 ഫെബ്രുവരി 8 നാണ് നൽകിയിരിക്കുന്നത്. സംഘടന പ്രധാനമായും ആറ് ആവിശ്യങ്ങളാണ് മുന്നോട്ടുവച്ചിരിക്കുന്നത്. ഒന്നാമതായി, മണിപ്പൂരിൽ 1951 അടിസ്ഥാനമായി ദേശീയ പൗരത്വ രജിസ്റ്റർ (എൻആർസി) നടപ്പാക്കണമെന്നതാണ്. കുക്കി-സോ അണ്ടർഗ്രൗണ്ട് ഗ്രൂപ്പുകളുമായുള്ള സസ്പെൻഷൻ ഓഫ് ഓപ്പറേഷൻ കരാർ റദ്ദാക്കണമെന്ന് ഗ്രൂപ്പ് ആവശ്യപ്പെടുന്നുണ്ട്. മണിപ്പൂരിൽ അഭയം തേടുന്ന മ്യാൻമർ അഭയാർത്ഥികളെയോ നുഴഞ്ഞുകയറ്റക്കാരെയോ മിസോറാം അഭയാർത്ഥി തടങ്കൽ കേന്ദ്രത്തിലേക്ക് മാറ്റണമെന്നതാണ് മറ്റൊരു ആവശ്യം. ഇന്തോ-മ്യാൻമർ അതിർത്തിയിൽ വേലി കെട്ടാൻ തുടങ്ങണമെന്ന് അരംബൈതെംഗോൽ നിർബന്ധിക്കുന്നുണ്ട് കൂടാതെ മണിപ്പൂരിൽ നിന്ന് അസം റൈഫിൾസിനെ പിൻവലിക്കാനും പകരം കേന്ദ്ര സേനയെ നിയമിക്കാനും ആവശ്യപ്പെട്ടു. അനധികൃത കുക്കി-സോ കുടിയേറ്റക്കാർക്കുള്ള പട്ടികവർഗ പദവി റദ്ദാക്കാനും സംഘം ആവശ്യപ്പെട്ടിട്ടുണ്ട്.

ഹമാസ് ആക്രമണത്തിൽ പങ്കുണ്ടെന്ന ആരോപണം: യുഎൻ ഏജൻസിക്കുള്ള ധനസഹായം നിർത്തിവെച്ച് ലോകരാജ്യങ്ങൾ

പലസ്തീൻ അഭയാർഥികളുടെ ക്ഷേമത്തിനായി പ്രവർത്തിക്കുന്ന യുഎൻ ഏജൻസിക്ക് (യുഎൻആർഡബ്ല്യുഎ) നൽകുന്ന ധനസഹായം താത്കാലികമായി നിർത്തിവെച്ച് ബ്രിട്ടൻ. ഒക്ടോബർ ഏഴിന് ഇസ്രയേലിൽ ഹമാസ് നടത്തിയ മിന്നലാക്രമണത്തിൽ യുഎൻ ഏജൻസിയിലെ ഉദ്യോഗസ്ഥർക്ക് പങ്കുണ്ടെന്ന ആരോപണത്തെ തുടർന്ന് നിരവധി ജീവനക്കാരെ പിരിച്ചുവിടുന്നതായി യുഎൻ ഏജൻസി പ്രഖ്യാപിച്ചിരുന്നു. ഇതിന് പിന്നാലെയാണ് ധനസഹായം താത്കാലികമായി നിർത്തുന്നുവെന്ന് പ്രഖ്യാപിച്ച് ബ്രിട്ടൻ, ഓസ്ട്രേലിയ, ഇറ്റലി, കാനഡ എന്നി രാജ്യങ്ങൾ രംഗത്തെത്തിയത്.

ഹമാസ് ആക്രണത്തിൽ യുഎൻ ഏജൻസിയിലെ ഉദ്യോഗസ്ഥർക്ക് പങ്കുണ്ടെന്ന് ആരോപിച്ച് ഇസ്രയേൽ നൽകിയ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അന്വേഷണത്തിന് ഉത്തരവിട്ടതായി യുഎൻആർഡബ്ല്യു ഏജൻസി അറിയിച്ചു. ആരോപണങ്ങളുടെ പശ്ചാത്തലത്തിൽ അന്വേഷണം നടക്കുന്നതായും ആക്രമണത്തിൽ പങ്കുള്ളതായി കണ്ടെത്തുന്ന വർക്കെതിരേ നടപടികൾ സ്വീകരിക്കുമെന്നും യുഎൻആർഡബ്ല്യു തലവൻ ഫിലിപ്പ് ലസാരിനി പറഞ്ഞു. സമഗ്രമായ അന്വേഷണത്തിന്റെ ഫലത്തെ അടിസ്ഥാനമാക്കിയായിരിക്കും തുടർനടപടികൾ വിലയിരുത്തുകയെന്നും യൂറോപ്യൻ യൂണിയനും അറിയിച്ചു.

'ഞെട്ടിക്കുന്ന വാർത്തയാണിതെന്നാണ്' യുഎൻ സെക്രട്ടറി ജനറൽ അന്റോണിയോ ഗുട്ടെറസ് പ്രതികരിച്ചത്. ബ്രിട്ടൻ സർക്കാർ ആവർത്തിച്ച് അപലപിച്ച ഹീനമായ പ്രവൃർത്തിയായിരുന്നു ഹമാസ് ഇസ്രയേലിൽ നടത്തിയ 'അൽ അഖ്സ ഫ്ലഡ്', അത്തരമൊരു പ്രവർത്തിയിൽ യുഎൻ ഏജൻസിയിലെ ഉദ്യോഗസ്ഥർക്ക് പങ്കുണ്ടെന്ന വാർത്ത ഞെട്ടിക്കുന്നതാണെന്നായിരുന്നു ബ്രിട്ടന്റെ പ്രതികരണം. ആവശ്യഘട്ടങ്ങളിൽ ഗാസയിൽ ദുരിതമനുഭവിക്കുന്നവരിലേക്ക് മാനുഷിക സഹായം എത്തിക്കാൻ പ്രതിജ്ഞാബദ്ധരാണെന്നും വിദേശകാര്യ മന്ത്രാലയം പുറത്തിറക്കിയ പ്രസ്താവനയിൽ പറയുന്നു.

യുഎൻ ഏജൻസിയുടെ അന്വേഷണത്തിൽ ഓസ്ട്രേലിയയുടെ മേൽനോട്ടമുണ്ടാകുമെന്നും അന്താരാഷ്ട്ര പങ്കാളികളുമായി കൂടിയാലോചിച്ച് വരികയാണെന്നും ഓസ്ട്രേലിയൻ വിദേശകാര്യ മന്ത്രി പെന്നി വോംഗ് പറഞ്ഞു. അധിനിവേശ പലസ്തീൻ പ്രദേശങ്ങളിൽ ദുരിതമനുഭവിക്കുന്ന ജനങ്ങൾക്ക് പ്രതേകിച്ച് സ്ത്രീകളെയും കുട്ടികളെയും പരിഗണിച്ച് മാനുഷിക ധനസഹായം ഇരട്ടിയാക്കുമെന്ന് പ്രഖ്യാപിച്ചതിന് തൊട്ടുപിന്നാലെയാണ് ധനസഹായം താൽക്കാലികമായി നിർത്തുന്നുവെന്ന് ഓസ്ട്രേലിയ പ്രഖ്യാപിച്ചത്.കഴിഞ്ഞ ആഴ്ചയോടെ പലസ്തീൻ അഭയാർഥികളുടെ ക്ഷേമത്തിനായി യുഎൻ ഏജൻസിക്ക് നൽകുന്ന ഫണ്ട് പകുതിയിലേറെ കുറയ്ക്കാൻ തീരുമാനിച്ചതായി അമേരിക്ക അറിയിച്ചിരുന്നു. യുഎൻ ഉദ്യോഗസ്ഥർക്ക് ആക്രമണത്തിൽ പങ്കുണ്ടെന്ന വാർത്ത അങ്ങേയറ്റം വിഷമിപ്പിച്ചതായും അമേരിക്ക വ്യക്തമാക്കിയിരുന്നു. ഈ സാഹചര്യത്തിൽ പലസ്തീൻ അഭയാർഥികൾക്കു സഹായ ഹസ്തവുമായി ബെൽജിയം രംഗത്തെത്തിയിരുന്നു. പലസ്തീൻ അഭയാർഥികൾക്കായുള്ള യുഎൻ ഏജൻസിക്ക് 2.3 കോടി ഡോളർ നൽകാമെന്ന് ബെൽജിയം ഉപപ്രധാനമന്ത്രി അലക്സാണ്ടർ ഡിക്രൂ ബ്രസൽസിൽ നടത്തിയ പ്രസ്താവനയിൽ വാഗ്ദാനം ചെയ്തിരുന്നു.

യുഎൻ ഏജൻസിക്ക് നൽകി വരുന്ന 125 കോടി ഡോളറിൽ നിന്ന് 65 കോടി ഡോളർ തടഞ്ഞുവയ്ക്കാൻ തീരുമാനിച്ചതായാണ് അമേരിക്കൻ വിദേശകാര്യമന്ത്രാലയം വ്യക്തമാക്കിയത്. ലബനാൻ, ജോർദാൻ, സിറിയ എന്നിവിടങ്ങളിലെ 50 ലക്ഷത്തിലേറെ വരുന്ന പലസ്തീനിയൻ അഭയാർഥികൾക്ക് കഴിഞ്ഞ 70 വർഷത്തോളമായി അമേരിക്ക നൽകി വരുന്നതാണ് ഈ തുക.

ഗാസയിൽ ദുരിതമനുഭവിക്കുന്ന ജനങ്ങളിലേക്ക് അടിയന്തര സഹായമെത്തിക്കുന്ന യുഎൻ ഏജൻസിക്കുള്ള പിന്തുണ താൽക്കാലികമായി നിർത്താനുള്ള ചില രാജ്യങ്ങളുടെ തീരുമാനം മാനുഷികവും രാഷ്ട്രീയവുമായ വലിയ അപകടസാധ്യതകൾ ഉണ്ടാക്കുമെന്ന് പലസ്തീൻ സിവിലിയൻ അഫേഴ്സ് മന്ത്രി ഹുസൈൻ അൽ-ഷൈഖ് പറഞ്ഞു.

മൂന്ന് മാസത്തോളമായി ഗാസയിൽ തുടർന്ന് കൊണ്ടിരിക്കുന്ന സംഘർഷത്തിൽ 26,000 അധികം പലസ്തീനികളാണ് ഇതിനോടകം കൊല്ലപ്പെട്ടത്. കഴിഞ്ഞ ദിവസം ഇസ്രയേൽ പ്രധാനമന്ത്രിയുടെ ഉപദേഷ്ടാവിനെ ഉദ്ധരിച്ച് ബിബിസിയാണ് ഹമാസ് ആക്രമണത്തിൽ യുഎൻ ഉദോഗസ്ഥർക്ക് പങ്കുണ്ടെന്ന വാർത്ത പുറത്തുവിടുന്നത്. യുഎൻ ഏജൻസിക്ക് ഏറ്റവും കൂടുതൽ ധനസഹായം നൽകി വരുന്ന രാജ്യങ്ങളാണ് അമേരിക്കയും ജർമ്മനിയും.

കേരള പദയാത്രയ്ക്ക് ഉജ്ജ്വല തുടക്കം

കാസർഗോഡ്: എൻഡിഎ സംസ്ഥാന ചെയർമാൻ കെ സുരേന്ദ്രൻ നയിക്കുന്ന കേരള പദയാത്രയ്ക്ക് കാസർഗോഡ് ഉജ്ജ്വല തുടക്കം. ഗോവ മുഖ്യമന്ത്രി പ്രമോദ് സാവന്ത് യാത്ര ഉദ്ഘാടനം ചെയ്തു. കേന്ദ്ര പാർലമെന്ററി- വിദേശകാര്യ മന്ത്രി വി.മുരളീധരൻ ചടങ്ങിൽ മുഖ്യാഥിതിയായി. എൻഡിഎ സംസ്ഥാന കൺവീനർ തുഷാർ വെള്ളാപ്പള്ളി, എൻഡിഎ വൈസ് ചെയർമാൻ പികെ കൃഷ്ണദാസ്, ബിജെപി മുൻ സംസ്ഥാന അദ്ധ്യക്ഷൻമാരായ കുമ്മനം രാജശേഖരൻ, സികെ പദ്മനാഭൻ, ജെആർപി സംസ്ഥാന സ്ഥാന അദ്ധ്യക്ഷ സികെ ജാനു, ബിജെപി കാസർഗോഡ് ജില്ലാ പ്രസിഡന്റ് രവീശ തന്ത്രി കുണ്ടാർ എന്നിവർ സംസാരിച്ചു. ലോക്സഭാ തിരഞ്ഞെടുപ്പിന് മുന്നോടിയായി ചുമരെഴുത്തു ക്യാമ്പയിന് സുരേന്ദ്രൻ കാസർഗോഡ് നഗരത്തിൽ ചുമരെഴുതി തുടക്കം കുറിച്ചു. മത-സാമുദായിക നേതാക്കളുടേയും പൗരപ്രമുഖരുടേയും സ്നേഹസംഗമത്തിലും കെ.സുരേന്ദ്രൻ പങ്കെടുത്തു. സ്നേഹ സംഗമം ഗോവ മുഖ്യമന്ത്രി പ്രമോദ് സാവന്ത് ഉദ്ഘാടനം ചെയ്തു. കേന്ദ്രമന്ത്രി വി.മുരളീധരൻ മുഖ്യപ്രഭാഷണം നിർവഹിച്ചു. നിരവധി പേർ ബിജെപിയിൽ ചേർന്നതായി കെ കെ സുരേന്ദ്രൻ പറഞ്ഞു കെപിസിസി എക്സിക്യൂട്ടീവ് മെമ്പർ കെ.കെ നാരായണൻ, സിപിഎം പരപ്പ ലോക്കൽ കമ്മിറ്റി അംഗം ചന്ദ്രൻ പൈക്ക, പൈവളിഗ കോൺഗ്രസ് മുൻ മണ്ഡലം പ്രസിഡന്റ് മഞ്ജുനാഥ ഷെട്ടി, പൈവളിഗ കോൺഗ്രസ് മുൻ മണ്ഡലം പ്രസിഡന്റ് ലക്ഷ്മി ഷാ റായ്, കോൺഗ്രസ് മുൻ മഞ്ചേശ്വരം ബ്ലോക്ക് സെക്രട്ടറി സന്ദീപ റായി, അഖില കേരള യാദവ സഭ മുൻ സംസ്ഥാന ജനറൽ സെക്രട്ടറി അഡ്വ. എം.രമേഷ് യാദവ്, നീതി കോ-ഓപ്പറേറ്റീവ് മെഡിക്കൽസ് ഡയറക്ടർ അഡ്വ.പി.അരവിന്ദാക്ഷൻ തുടങ്ങിയ നിരവധി നേതാക്കളും പ്രവർത്തകരും ബിജെപിയിൽ ചേർന്നതായി അദ്ദേഹം കൂട്ടിച്ചേർത്തു .

കേരള പദയാത്ര പുതിയ കേരളം നിർമ്മിക്കാൻ: കെ.സുരേന്ദ്രൻ

കാസർഗോഡ് :

ഇരു മുന്നണികളും തകർത്ത കേരളത്തെ രക്ഷിക്കാൻ നരേന്ദ്രമോദിക്ക് മാത്രമേ സാധിക്കുകയുള്ളൂവെന്ന് ജാഥാ ക്യാപ്റ്റൻ കെ.സുരേന്ദ്രൻ. പുതിയ കേരളം നിർമ്മിക്കാനാണ് എൻഡിഎ പദയാത്ര നടത്തുന്നത്. നൽകിയ വാഗ്ദാനങ്ങളെല്ലാം പാലിച്ച ഭരണാധികാരിയാണ് നരേന്ദ്രമോദി. അഴിമതിമുഖമുദ്രയാക്കിയ സർക്കാരാണ് കേരളം ഭരിക്കുന്നത്. അഴിമതിയുടെ കാര്യത്തിൽ ഭരണപക്ഷവും പ്രതിപക്ഷവും മത്സരിക്കുക

കണ്ടാൽ മിണ്ടാതിരിക്കാൻ ഗവർണറും മുഖ്യമന്ത്രിയും എൽകെജി.കുട്ടികളാണോ? – വി.ഡി. സതീശൻ

കൊച്ചി: കേരള ഗവർണർക്കും സർക്കാരിനും ഒപ്പം കൂടാൻ കൊള്ളില്ലെന്ന പ്രതിപക്ഷനിലപാട് ശരിയെന്ന് തെളിഞ്ഞതായി പ്രതിപക്ഷനേതാവ് വി.ഡി. സതീശൻ. ഗവർണറും സർക്കാരും തമ്മിലുള്ള നാടകം കണ്ട് ജനങ്ങൾ ചിരിക്കുന്നുവെന്നും കേന്ദ്ര ഏജൻസികളെ ഭയന്ന് ജീവിക്കുന്ന മുഖ്യമന്ത്രി ഗവർണർക്കെതിരെ മിണ്ടില്ലെന്നും സതീശൻ കൂട്ടിച്ചേർത്തു. തമ്മിൽ കണ്ടാൽ മിണ്ടാതിരിക്കാൻ ഗവർണറും മുഖ്യമന്ത്രിയും എൽ.കെ.ജി. കുട്ടികളാണോയെന്നും എറണാകുളം ഡിസിസിയിൽ നടന്ന വാർത്താസമ്മേളനത്തിൽ പ്രതിപക്ഷനേതാവ് പരിഹസിച്ചു. 'മുഖ്യമന്ത്രിക്കെതിരെ കരിങ്കൊടി പ്രതിഷേധം നടത്തുന്ന കെ.എസ്.യു, യൂത്ത് കോൺഗ്രസ് പ്രവർത്തകരെ പോലീസിനേയും ക്രിമിനലുകളേയും ഉപയോഗിച്ച് ക്രൂരമായി മർദിക്കുന്നു. അതേസമയം ഗവർണർക്കെതിരെ കരിങ്കൊടി പ്രകടനം നടത്താനുള്ള എല്ലാ സൗകരവും സർക്കാർ തന്നെ ചെയ്തു കൊടുക്കുന്നു. എത്ര നാളായി ഈ രാഷ്ട്രീയ നാടകം കേരളത്തിൽ നടക്കുന്നു. എന്തൊരു ഇരട്ടത്താപ്പാണ് സർക്കാരിന്? മുഖ്യമന്ത്രിക്കെതിരെ ഒരു പ്രതിഷേധവും പാടില്ല. ഗവർണർക്കെതിരെ സ്വന്തം ആളുകളെ ഇളക്കിവിടുന്നു. ഗവർണർക്ക് സുരക്ഷ കൊടുക്കേണ്ട സർക്കാർ തന്നെ ഗവർണറെ വഴിയിൽ തടയാൻ വഴിയൊരുക്കുന്നു. ഇത് നാടകം അല്ലാതെ മറ്റെന്താണ്? ഇതാണോ കേന്ദ്ര വിരുദ്ധ സമരം? കേന്ദ്ര ഏജൻസികളെ മുഖ്യമന്ത്രിക്ക് ഭയമാണ്. ഗവർണർ നിയമസഭയെ അവഹേളിച്ചിട്ട് മുഖ്യമന്ത്രി ഒരക്ഷരം പറഞ്ഞില്ല. റിപ്പബ്ലിക് ദിനത്തിൽ മുഖ്യമന്ത്രിയെ വേദിയിലിരുത്തി ഗവർണർ സർക്കാരിനെ കടന്നാക്രമിച്ചിട്ടും മുഖ്യമന്ത്രി ഒരക്ഷരം പറഞ്ഞില്ല. കേന്ദ്ര സർക്കാരിനും ഗവർണർക്കും എതിരെ സംസാരിക്കാൻ മുഖ്യമന്ത്രിക്ക് ഭയമാണ്. കേന്ദ്ര ഏജൻസികളെ ഭയന്ന് ജീവിക്കുന്ന മുഖ്യമന്ത്രി, നാട്ടുകാരെ കബളിപ്പിക്കാനാണ് എസ്.എഫ്.ഐ കുട്ടികളെ കൊണ്ട് സമരം ചെയ്യിക്കുന്നത്. കേരളത്തിലെ പ്രതിപക്ഷം ഒരു കാലത്തും ഗവർണറുടെ പിറകെ പോയിട്ടില്ല. സർക്കാരും ഗവർണറും ചേർന്നുള്ള നിയമവിരുദ്ധ പ്രവർത്തനങ്ങളെ എതിർക്കുകയാണ് പ്രതിപക്ഷം ചെയ്തത്. ഇപ്പോൾ ഇവർ ചെയ്യുന്നത് കണ്ട് ജനങ്ങൾ ചിരിക്കുകയാണ്. രണ്ട് പേരും തമ്മിൽ കണ്ടാൽ മിണ്ടില്ല. ഒരാൾ തിരിഞ്ഞു നിൽക്കും. ഇതൊക്കെ ആരെ കാണിക്കാനാണ്. ഇതല്ല രാഷ്ട്രീയം. ഉള്ളത് തുറന്നു പറയുകയാണ് രാഷ്ട്രീയം. കേരളത്തിലെ പ്രതിപക്ഷം എടുത്ത നിലപാട് ശരിയാണെന്ന് അടിവരയിടുന്ന കാര്യങ്ങളാണ് നടക്കുന്നത്. പ്രതിപക്ഷം ഗവർണറുടെ കൂടെ കൂടാത്തതിൽ കുറെ പേർക്ക് വിഷമം ആയിരുന്നു. കുറെ പേർക്ക് പ്രതിപക്ഷം സർക്കാരിനൊപ്പം നിൽക്കുന്നതിലും വിഷമം ആയിരുന്നു. രണ്ട് കൂട്ടരുടേയും കൂടെ കൂടാൻ കൊള്ളില്ലെന്ന പ്രതിപക്ഷ നിലപാട് കേരളത്തിലെ ജനങ്ങൾക്ക് ബോധ്യമാകുന്ന സമയമാണിത്', സതീശൻ പറഞ്ഞു.

പ്രതിപക്ഷ നേതാവിന്റെ സ്ഥാനം തട്ടിയെടുക്കാനുള്ള ഗവർണറുടെ നീക്കം അപലപനീയം– മന്ത്രി എം.ബി.രാജേഷ്

തിരുവനന്തപുരം: ഗവർണർ ആരിഫ് മുഹമ്മദ്ഖാനെതിരെ വിമർശനവുമായി മന്ത്രി എം.ബി.രാജേഷ്. വിചിത്രമായ രീതിയിലാണ് ഗവർണർ കുറച്ചുകാലമായി പെരുമാറിക്കൊണ്ടിരിക്കുന്നതെന്ന് അദ്ദേഹം മാധ്യമപ്രവർത്തകരോട് പറഞ്ഞു. മുമ്പ് കോഴിക്കോട് മിഠായിത്തെരുവിൽ ഹൽവ തിന്നാനായി പോയ ഗവർണർ, ഇപ്പോൾ നിലമേലിൽ ഒരു കടയുടെ മുന്നിൽ കുട്ടി വാശിപിടിച്ചിരിക്കുന്നതുപോലെ കണ്ടു. ഇതെല്ലാം ശിശുസഹജമായ വാശിയോ കൗതുകമോ മാത്രമായി കാണാനാകില്ലെന്ന് എം.ബി. രാജേഷ് വ്യക്തമാക്കി. നിലമേലിലെ സംഭവത്തിന് ശേഷം കേന്ദ്രമന്ത്രിയുടെ പ്രതികരണമുണ്ടായി. ഗവർണറുടെ പ്രകടനത്തിന് കേന്ദ്രമന്ത്രിയുടെ പക്കമേളം പിന്നാലെ വരുന്നു. തികഞ്ഞ രാഷ്ട്രീയ അജണ്ടയാണ് ഇതിലൂടെ വ്യക്തമാകുന്നതെന്നും പ്രതിപക്ഷ നേതാവിന്റെ സ്ഥാനം തട്ടിയെടുക്കാൻ ഗവർണർ നടത്തുന്ന നീക്കം അപലപനീയമാണെന്നും മന്ത്രി പരിഹസിച്ചു.

തിരുനാൾ ആഘോഷത്തിനിടെ പടക്കം ബൈക്കിലേക്ക് വീണു; പെട്രോൾ ടാങ്ക് പൊട്ടിത്തെറിച്ച് യുവാവിന് പൊള്ളലേറ്റു

തൃശൂർ; പടക്കംപൊട്ടി ബൈക്കിന് തീപടിച്ച് യുവാവിന് ഗുരുതരമായി പൊള്ളലേറ്റു. പെള്ളലേറ്റത് ശ്രീകാന്തിനാണ്. ഇയാൾ ഇറച്ചി വാങ്ങുന്നതിനായി ബൈക്കിൽ വരുകയായിരുന്നു. അതേ സമയം റോഡിൽവെച്ച് ഓലപ്പടക്കം ബൈക്കിലേക്ക് വീണ് പൊട്ടിത്തെറിക്കുകയായിരുന്നു. ബൈക്കിന്റെ പെട്രോൾ ടാങ്ക് പൊട്ടിത്തെറിക്കുകയായിരുന്നു. പരിസരത്തെ കടയിലേക്കും തീപടർന്നു. ഇന്ന് വൈകിട്ട 5.45 ഓടെയായിരുന്നു സംഭവം നടന്നത്.അമ്പ് പെരുന്നാൾ റാസയ്ക്കിടെ പടക്കം പൊട്ടിച്ചിരുന്നു. ആ വഴി ഇറച്ചി വാങ്ങാനെത്തിയതായിരുന്നു യുവാവ്. ബൈക്കിൽ ചിക്കൻ ഓർഡറാക്കി കാത്തിരിക്കുമ്ബോഴാണ് ഈ അപകടം. സമീപത്തെ കടയിലേക്ക് തീ പടർന്നെങ്കിലും വേഗം തന്നെ അണച്ചു. . പരിക്കേറ്റ യുവാവിനെ സ്വകാര്യ ആശുപത്രിയിലേക്ക് മാറ്റി. ചാലക്കുടി പോലീസ് കേസെടുത്ത് അന്വേഷണം ആരംഭിച്ചിട്ടുണ്ട്.

ആനയുടെ സ്ഥാനത്തെ ചൊല്ലി തർക്കം:തൃശ്ശൂരിൽ കൂട്ടിയെഴുന്നള്ളിപ്പിനിടെ കൂട്ടയടി

തൃശ്ശൂർ: ആനയെ നിർത്തുന്ന സ്ഥാനത്തെ ചൊല്ലി നാട്ടുകാർ തമ്മിൽ കൂട്ടയടി. കാവിലക്കാട് കൂട്ടിയെഴുന്നള്ളിപ്പിന് കൊണ്ടുവന്ന ആനകളുടെ സ്ഥാനത്തെ സംബന്ധിച്ചുള്ള തർക്കമാണ് സംഘർഷത്തിൽ കലാശിച്ചത്. വെള്ളിയാഴ്ച വൈകീട്ടായിരുന്നു സംഭവം. ക്ഷേത്രത്തിലെ കൂട്ടിയെഴുന്നള്ളിപ്പിന് ദേവസ്വം ആനയ്ക്കാണ് തിടമ്പ്. ഈ ആന നടുവിലാണ് നിൽക്കുക. ഇതിനും വലത്തേ ഭാഗത്ത് നിൽക്കുന്നത് തെച്ചിക്കോട്ട് രാമചന്ദ്രനാണ്. ഇടത്തേഭാഗത്ത് നിൽക്കുന്ന ആനകളെ സംബന്ധിച്ചാണ് തർക്കമുണ്ടായത്. തൃക്കടവൂർ ശിവരാജു എന്ന ആനയെയാണ് ഈ സ്ഥാനത്തേക്ക് നേരത്തെ നിശ്ചയിച്ചിരുന്നത്. എന്നാൽ ചിറക്കൽ കാളിദാസനെ ആ സ്ഥാനത്തേക്ക് നിർത്താൻ കമ്മിറ്റി ഭാരവാഹികൾ അങ്ങോട്ടേക്കെത്തിയതോടെയാണ് ആനകളുടെ കമ്മിറ്റിക്കാർ തമ്മിൽ സംഘർഷമുണ്ടായത്.

സമൂഹ മാധ്യമങ്ങളിൽ വൈറലായി ടൂത്ത്പിക്ക് ഫ്രൈസ്; ഒടുവിൽ വിലക്കേർപ്പെടുത്തി ഭക്ഷ്യവകുപ്പ്

കൊച്ചി: സമൂഹ മാധ്യമങ്ങളിൽ വളരെ വ്യത്യസ്തപരമായി പല വീഡിയോകലും പെട്ടെന്ന് തന്നെ വൈറലാകറുണ്ട. ഭക്ഷമവുമായി ബന്ധപ്പെട്ടിട്ടുള്ള വീഡിയോയാണെങ്കിൽ പിന്നെ പറയുകയും വേണ്ട. എന്നാൽ സമൂഹ മാധ്യമങ്ങളിൽ ട്രെന്റിങ്ങാകുന്ന വീഡിയോ ആരോഗ്യത്തിന് ഗുണകരമാകണമെന്നില്ല.സമാനമായ രീതിയിൽ ദക്ഷിണ കൊറിയയിൽ ഏറെ തരംഗം സൃഷ്ടിച്ച വീഡിയോയായിരുന്നു' ടൂത്ത്പിക്ക ഫ്രൈസിന്റെ വീഡിയോ. എന്നാൽ ആ വീഡിയോയ്ക്ക് വിലക്കേർപ്പെടുത്തിയിരിക്കുകയാണ് ഭക്ഷ്യവകുപ്പ്. സാധാരണയായ ടൂത്ത്പിക്കിന്റെ ഉപയോഗം നമ്മൾക്കെല്ലാവർക്കും നന്നായി അറിയാം. എന്നാൽ ഈ ടൂത്ത്പിക്കാവട്ടെ സ്റ്റാർച്ചിൽ തീർത്തതാണ്. ഇക്കോ ഫ്രണ്ട്ലി ഉത്പന്നമായതിനാൽ കവിക്കുന്നവരുമുണ്ട്.എന്നാൽ ഇത് എണ്ണയിൽ പൊരിച്ചെടുത്ത് ഫ്രൈയായി കഴിക്കുന്നതാണ് ഇപ്പോഴത്തെ ട്രെൻഡ്. കണ്ടാൽ പുഴുവിനെ പോലെ തോന്നുന്നതാണ് ഇവ. പച്ചനിറത്തിൽ വളഞ്ഞും പുളഞ്ഞും കിടക്കും എന്നാൽ ഇത് സ്റ്റാർച്ചാണ്. ഇതെല്ലാവരു ഉണ്ടാക്കി തുടങ്ങി അതിന് പിന്നാലെ നടപടിയുമായി രംഗത്തെത്തിയിരിക്കുകയാണ് ഭക്ഷ്യവകുപ്പ്. ഇത് എത്രത്തോളം സുരക്ഷിതമാണെന്ന് സ്ഥിരീകരിക്കപ്പെട്ടിട്ടില്ല.

ഉത്തർപ്രദേശ് സ്വദേശിയായ പെൺകുട്ടിയെ കാണാനില്ല, യു പി പൊലീസ് തിരഞ്ഞെത്തിയത് വടകരയിലെ യുവതിയുടെ വീട്ടിൽ

വടകര: ഉത്തർ പ്രദേശ് സ്വദേശിയായ പെൺകുട്ടിയുടെ തിരോധാനവുമായി ബന്ധപ്പെട്ട് യു.പി പൊലീസ് സംഘം തിരഞ്ഞെത്തിയത് വടകരയിൽ. ഉത്തർ പ്രദേശ് സൈബർ സെല്ലിൽ നിന്നും കേസുമായി ബന്ധപ്പെട്ട് ലഭ്യമായ ഫോൺ നമ്പർ വടകര സ്വദേശിയായ യുവതിയുടേതാണെന്ന ആരോപിച്ച പൊലീസ് വീടിനകത്ത് കയറി പരിശോധന നടത്തി. ഈസമയം വടകര ടൗണിലേക്ക് പോയിരുന്ന യുവതിയും സഹോദരിയും വിവരമറിഞ്ഞ് വീട്ടിലെത്തുകയായിരുന്നു. കാണാതായ പെൺകുട്ടിയുടെ ഫോൺ നമ്പർ യുവതിയുടേതാണെന്ന പറഞ്ഞ യു.പി പൊലീസ് അവരോട് പൊലീസ് വണ്ടിയിൽ കയറി വടകര സ്റ്റേഷനിലെത്താൻ ആവശ്യപ്പെട്ടെങ്കിലും പൊലീസ് വാഹനത്തിൽ കയറാൻ തയ്യാറാവാതിരുന്ന യുവതി അച്ഛനോടും സഹോദരനോടുമൊപ്പമാണ് സ്റ്റേഷനിൽ ഹാജരായത്. വടകര സ്റ്റേഷനിൽ വെച്ച് സൈബർ സെല്ലിലെ ലിസ്റ്റ് പരിശോധിച്ചപ്പോഴാണ് ഒരു അക്കത്തിന്റെ വ്യത്യാസത്തിൽ ഉണ്ടായ തെറ്റിദ്ധാരണയാണ് യുവതിയെ സംശയിക്കാനിടയാക്കിയതെന്ന് വ്യക്തമാവുകയായിരുന്നു. യു.പി. പൊലീസിന്റെ നിരുത്തരവാദപരമായ ഇടപെടൽ വലിയ അപമാനമാണ് ഉണ്ടാക്കിയതെന്നും സഹോദരന്റെ വിവാഹത്തിന് രണ്ടാഴ്ച മാത്രം ബാക്കി നിൽക്കേയാണ് പ്രശ്നം ഉണ്ടായതെന്നും യുവതി പറഞ്ഞു. മാനനഷ്ടത്തിന് കേസ് നൽകുമെന്നും അവർ വ്യക്തമാക്കി. ഇന്ന് വൈകീട്ട് 3.40 ഓടെയാണ് സംഭവം. ശബ്ദം കേട്ട് പുറത്തെത്തിയ യുവതിയുടെ അമ്മ പൊലീസിനെ കണ്ട് പരിഭ്രമിച്ചു. ഹിന്ദിക്കാർ താമസമുണ്ടോ എന്ന് ചോദിച്ച പൊലീസിന് സമീപത്തെ ഹിന്ദിക്കാർ താമസിക്കുന്ന ബിൽഡിംഗ് കാണിച്ച് കൊടുത്തെങ്കിലും അവിടെ വരെ പോയി ലൊക്കേഷൻ കാണിക്കുന്നത് ഇവിടെയാണെന്ന് പറഞ്ഞ്

ജനങ്ങളുടെ പ്രാഥമികാരോഗ്യം ഉറപ്പാക്കാൻ നഗര ജനകീയ ആരോഗ്യ കേന്ദ്രങ്ങൾ



സംസ്ഥാനത്ത് സമഗ്ര പ്രാഥമിക ആരോഗ്യ പരിരക്ഷ നഗര പ്രദേശങ്ങളിലെ ജനങ്ങൾക്ക് ഉറപ്പ് വരുത്തുന്നതിനായി നഗര ജനകീയ ആരോഗ്യ കേന്ദ്രങ്ങൾ സജ്ജമാകുന്നു. ഫെബ്രുവരി 6 ന് 380 നഗര ജനകീയ ആരോഗ്യ കേന്ദ്രങ്ങളുടെ പ്രഖ്യാപനം തിരുവനന്തപുരത്ത് വച്ച് മുഖ്യമന്ത്രി പിണറായി വിജയൻ നിർവഹിക്കും. ജനകീയ ആരോഗ്യ കേന്ദ്രം മാതൃകയിൽ നഗര ജനകീയ ആരോഗ്യ കേന്ദ്രങ്ങൾ നഗര പ്രദേശങ്ങളിൽ പ്രാഥമിക ആരോഗ്യ പരിചരണം ഉറപ്പാക്കാനാണ് സ്ഥാപിക്കുന്നതെന്ന് ആരോഗ്യ മന്ത്രി വീണാ ജോർജ് പറഞ്ഞു. സംസ്ഥാനത്തെ 93 നഗരങ്ങളിലാണ് നിലവിൽ പ്രവർത്തിക്കുന്ന നഗര പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങളുടെ കീഴിൽ മൂന്നു വീതവും മറ്റ് പ്രദേശങ്ങളിൽ രണ്ട് എന്ന ക്രമത്തിലും ഇവ സ്ഥാപിച്ച് വരുന്നത്. ഇതുവരെ 194 കേന്ദ്രങ്ങളാണ് പ്രവർത്തന സജ്ജമായിട്ടുള്ളത്. ബാക്കിയുള്ള കേന്ദ്രങ്ങൾ കൂടി സമയബന്ധിതമായി പ്രവർത്തനസജ്ജമാക്കും. ഈ സർക്കാർ സ്ഥാപിച്ച 5415 ജനകീയ ആരോഗ്യ കേന്ദ്രങ്ങൾക്ക് പുറമേ 380 നഗര ജനകീയ ആരോഗ്യ കേന്ദ്രങ്ങൾ കൂടി യാഥാർത്ഥ്യമാകുന്നതോടെ പ്രാഥമികാരോഗ്യ പരിചരണ രംഗത്ത് വലിയ മാറ്റം ഉണ്ടാകുമെന്നും മന്ത്രി വ്യക്തമാക്കി. 48 ലക്ഷം രൂപ വീതമാണ് അടിസ്ഥാന സൗകര്യങ്ങളുൾപ്പെടെ വികസിപ്പിച്ച് നഗര ജനകീയ ആരോഗ്യ കേന്ദ്രങ്ങളാക്കി പരിവർത്തനം ചെയ്യാനായി ഓരോ കേന്ദ്രത്തിനും അനുവദിച്ചിട്ടുള്ളത്. ഒരു ഡോക്ടർ, 2 സ്റ്റാഫ് നഴ്സ്, ഒരു ഫാർമസിസ്റ്റ്, എന്നിങ്ങനെ നാല് ജീവനക്കാർ ഇവിടെയുണ്ടായിരിക്കും. പൊതു അവധി ദിവസങ്ങളൊഴികെ നഗര ജനകീയ ആരോഗ്യ കേന്ദ്രങ്ങളിൽ ആഴ്ചയിൽ ആറു ദിവസവും ഉച്ചയ്ക്ക് 2 മണി മുതൽ വൈകീട്ട് 8 മണി വരെ സേവനങ്ങൾ ലഭ്യമാകും.

മണിപ്പുരിൽ സംഭവിച്ചതു കേരളത്തിലും സംഭവിക്കാം': കേന്ദ്ര സർക്കാരിനെതിരെ നിർമല സീതാരാമന്റെ ഭർത്താവ്

കൊച്ചി : കേന്ദ്ര സർക്കാരിനെതിരായ രൂക്ഷവിമർശനം തുടർന്നു പ്രമുഖ സാമ്പത്തിക വിദഗ്ധനും കേന്ദ്ര ധനമന്ത്രി നിർമല സീതാരാമന്റെ ഭർത്താവുമായ പറകാല പ്രഭാകർ. മണിപ്പുരിൽ സംഭവിച്ചതു കേരളത്തിലും സംഭവിക്കാമെന്നും ഇതിനെതിരെ ജാഗ്രത വേണമെന്നും അദ്ദേഹം പറഞ്ഞു. അന്തരിച്ച കവി എസ്.രമേശന്റെ ഓർമയ്ക്കു പുരോഗമന കലാ സാഹിത്യസംഘം ആരംഭിച്ച അനുസ്മരണ പ്രഭാഷണത്തിൽ സംസാരിക്കുകയായിരുന്നു പ്രഭാകർ. മണിപ്പൂർ ഇപ്പോഴും സാധാരണ നിലയിലേക്കു മടങ്ങിവന്നിട്ടില്ലെന്നു പറഞ്ഞ അദ്ദേഹം, ഈ വിഷയത്തിൽ വാർത്തകളൊന്നും കാര്യമായി പുറത്തുവരുന്നില്ലെന്നും പറഞ്ഞു. ''ഇപ്പോഴിത് തടഞ്ഞില്ലെങ്കിൽ എവിടെ വേണമെങ്കിലും സമാന രീതിയിലുള്ള കലാപങ്ങൾ നടക്കാം. എവിടെ നടന്നാലും കേരളത്തിൽ നടക്കില്ല എന്ന തോന്നൽ ആർക്കും ഉണ്ടാകരുത്'' അദ്ദേഹം പറഞ്ഞു. രാജ്യത്തിന്റെ സാമ്പത്തിക മേഖലയും ജനാധിപത്യവും മതേതരത്വവും മോദി ഭരണത്തിനു കീഴിൽ താറുമാറായെന്ന് അദ്ദേഹം കുറ്റപ്പെടുത്തി. രാജ്യത്തെ ഏറ്റവും വലിയ ന്യൂനപക്ഷ സമുദായത്തിൽനിന്നു സർക്കാരിൽ ആരുമില്ല, അവർക്ക് സീറ്റു പോലും നൽകുന്നില്ലെന്നും പ്രഭാകർ ആരോപിച്ചു. പട്ടിണിയും തൊഴിലില്ലായ്മയും രാജ്യത്തിന്റെ കടവും പെരുകി വരുമ്പോഴും സർക്കാരിന്റേത് ഇതെല്ലാം നിഷേധിക്കുന്ന മനോഭാവമാണെന്നും അദ്ദേഹം പറഞ്ഞു. ''1947 മുതൽ 2014 വരെ രാജ്യത്തിന്റെ ആകെ കടം 50 ലക്ഷം കോടി രൂപയായിരുന്നു. എന്നാൽ കഴിഞ്ഞ 9 വർഷത്തിനിടയിൽ ഇത് ഉയർന്നു 150 ലക്ഷം കോടി രൂപയായി. തൊഴിലില്ലായ്മ കുതിച്ചുയരുന്നു. ഇതാണ് ഇന്നത്തെ യാഥാർഥ്യം. 1990നു ശേഷം ആദ്യമായി 30 കോടി ജനങ്ങൾ വീണ്ടും പട്ടിണിയിലായി. എന്നാൽ സർക്കാർ പറയുന്നതു തങ്ങൾ 23 കോടി ജനങ്ങളെ പട്ടിണിയിൽനിന്നു കൈപിടിച്ചു കയറ്റി എന്നാണ്. ലോക പട്ടിണി സൂചികയിൽ ഇന്ത്യയുടെ നില ഏറെ താഴെയാണ്. എന്നാൽ സർക്കാരിന്റെ അവകാശവാദം ഈ കണക്കൊക്കെ തെറ്റാണെന്നും അവർ ഇന്ത്യാ വിരുദ്ധരാണ് എന്നുമാണ്. യാഥാർഥ്യത്തെ കുറിച്ച് ആരു സംസാരിച്ചാലും അവരൊക്കെ ഇന്ത്യാ വിരുദ്ധരായി മുദ്ര കുത്തപ്പെടും എന്നതാണു നിലവിൽ സംഭവിക്കുന്നത്'' അദ്ദേഹം പറഞ്ഞു. പട്ടിണി ഇല്ലാതാക്കിയെങ്കിൽ എന്തുകൊണ്ടാണ് അടുത്ത അഞ്ചു കൊല്ലത്തേക്കു കൂടി പാവപ്പെട്ടവർക്കുള്ള റേഷൻ തുടരുന്നത് എന്നും അദ്ദേഹം ചോദിച്ചു. സർക്കാർ തരുന്ന ഒരു കണക്കുകളും ഇപ്പോൾ വിശ്വസനീയമല്ലെന്നും അദ്ദേഹം കുറ്റപ്പെടുത്തി. ''അവർ മാനദണ്ഡങ്ങളാണു മാറ്റുന്നത്. മുമ്പ് ഒരു കിലോമീറ്റർ നാലുവരി പാത നിർമിച്ചാൽ അത് കണക്കാക്കുന്നത് 1 കിലോമീറ്റർ എന്നായിരുന്നു. എന്നാൽ ഇത് ഇപ്പോൾ 4 കിലോമീറ്ററായാണു കൂട്ടുന്നത്. അതു ചൂണ്ടിക്കാട്ടി തങ്ങൾ ധാരാളം റോഡ് നിർമിക്കുന്നു എന്ന് സർക്കാർ അവകാശപ്പെടുകയും ചെയ്യും'' പ്രഭാകർ പറഞ്ഞു.

വധശിക്ഷയ്ക്ക് നൈട്രജൻ വാതകം; യു.എസ് നടപടിയിൽ വ്യാപക വിമർശനം



അലബാമ: കൊലപാതക കേസിൽ കുറ്റവാളിയ്ക്ക് വിധിച്ച വധശിക്ഷ നടപ്പാക്കാൻ നൈട്രജൻ വാതകം ഉപയോഗിച്ച അമേരിക്കയുടെ നടപടി വ്യാപക വിമർശനത്തിന് ഇടയാക്കുന്നു. ഒരു ശാസ്ത്രീയ പരിശോധനയും നടത്താതെ നൈട്രജൻ വാതകം വധശിക്ഷ നടപ്പാക്കാനുള്ള ഉപകരണമാക്കിയ രീതിയാണ് വിമർശനത്തിന് ഇടയാക്കുന്നത്. ഇത്തരമൊരു ആയുധം ആദ്യമായാണ് അമേരിക്ക പരീക്ഷിക്കുന്നത്. ഇതിൽ അപലപിച്ച് യു.എന്നും യൂറോപ്യൻ യൂണിയനും രംഗത്തെത്തി. നടപടി 'അങ്ങേയറ്റം അസ്വസ്ഥതപ്പെടുത്തുന്നതാണെന്ന് ' വൈറ്റ് ഹൗസും പ്രതികരിച്ചു. അമേരിക്കയിലെ തെക്കൻ സംസ്ഥാനമായ അലബാമയിലാണ് പ്രാകൃതമായ വധശിക്ഷ നടപ്പാക്കിയത്. കൊലക്കേസുകളിൽ കുറ്റക്കാരനെന്ന് കണ്ടെത്തിയ കെന്നത്ത് സ്മിത്ത് എന്ന 58 കാരനിലാണ് ശിക്ഷ നടപ്പാക്കാൻ ഫേസ്മാസ്കിലൂടെ നൈട്രജൻ വാതകം പമ്പ് ചെയ്ത് നൽകിയത്. അമേരിക്കയിൽ വധശിക്ഷ നടപ്പാക്കാൻ സാധാരണയായി മാരകവിഷം കുത്തിവയ്ക്കുകയാണ് ചെയ്യുക. എന്നാൽ അലബാമയിലും ഒക്ലഹോമ, മിസ്സിസിപ്പി തുടങ്ങി സംസ്ഥാനങ്ങൾ നൈട്രജൻ വാതകം ഉപയോഗിക്കുന്നതിന് അംഗീകാരം നൽകിയിരുന്നു. നൈട്രജൻ വാതകം ഉപയോഗിച്ചതിനെ ന്യായീകരിച്ച് അലബാമ അറ്റോർണി ജനറൽ സ്റ്റീവ് മാർഷൽ രംഗത്തെത്തി. തികച്ചും പ്രൊഫഷണലായ രീതിയിലാണ് വധശിക്ഷ നടപ്പാക്കിയതെന്ന് അദ്ദേഹം പറഞ്ഞു. എന്നാൽ നൈട്രജൻ വാതകം ശ്വസിക്കാൻ തുടങ്ങിയതോടെ സ്മിത്ത് പ്രാണനായി പുളയുകയായിരുന്നുവെന്നും കരയ്ക്ക് പിടിച്ചിട്ട മീനിന്റെ അവസ്ഥയായിരുന്നുവെന്നും അഞ്ച് മിനിറ്റോളം പ്രാണനുവേണ്ടി പിടഞ്ഞശേഷമാണ് മരണമെന്നും ദൃക്സാക്ഷി ചൂണ്ടിക്കാട്ടി.

ലക്ഷദ്വീപിൽ സ്വിഗ്ഗിക്ക് തുടക്കമാകുന്നു; എല്ലാ ഡെലിവറികളും സൈക്കിളിൽ മാത്രമായിരിക്കും

കൊച്ചി; ലക്ഷദ്വീപിൽ സ്വിഗ്ഗി ഭക്ഷ്യവിതരണ സേവനങ്ങൾക്ക് തുടക്കമാകുന്നു. റിപ്പബ്ലിക് ദിനാഘോഷത്തിനോട് അനുബന്ധിച്ച് ലക്ഷദ്വീപിലെ അഗത്തിലാണ് സ്വിഗ്ഗിയുടെ പ്രവർത്തനത്തിന് തുടക്കമാകുന്നത്.സ്വിഗ്ഗി ലക്ഷ്യമാക്കുന്നത് നാട്ടുക്കാർക്കും വിനോദസഞ്ചാരികൾക്കും പ്രാദേശിക റെസ്റ്റോറന്റുകളിൽ നിന്നുള്ള ഭക്ഷണത്തിന്റെ ലഭ്യത ഉറപ്പാക്കുന്നതിന്റെ ഭാഗമായിയാണ് ഇതിലൂടെ പ്രാദേശിക റെസ്റ്റോറന്റുകളുടെ ശാക്തീകരണത്തിനും കാരണമാകുന്നുണ്ട. തീർത്തും പരസ്ഥിതി സൗഹൃദ മനോഭാവമാണ് സ്വിഗ്ഗി സ്വീകരിച്ചിരിക്കുന്നത്.ഡെലിവറികൾ നടത്തുന്നത് സൈക്കിളുകളിൽ മാത്രമായിരിക്കും. അതിന് പുറമേ 100 രൂപ വരെയുള്ള ഓർഡറുകൾക്ക് ആദ്യ തവണ 50% കിഴിവും ആദ്യ ഓർഡറികൾക്ക് സൗജന്യ ഡെലിവറിഎന്നിവയും ലഭിക്കുന്നതാണ്. ആദ്യത്തെ ഓൺലൈൻ ഭക്ഷ്യ വിതരണ പ്ലാറ്റ്ഫോം കൂടെയാകും സ്വിഗ്ഗി.

എച്ച്ഡി.എഫ്.സി ബാങ്കിൽ ഓഹരി കൂട്ടാൻ എൽ.ഐ.സിക്ക് അനുമതി, ഓഹരിയുടമകൾക്ക് ആശ്വാസ നീക്കം

രാജ്യത്തെ പ്രമുഖ സ്വകാര്യ ബാങ്കായ എച്ച്.ഡി.എഫ്.സി ബാങ്കിൽ ഓഹരി പങ്കാളിത്തം ഉയർത്താൻ എൽ.ഐ.സിക്ക് റിസർവ് ബാങ്കിന്റെ അനുമതി.പുതുതായി 4.8 ശതമാനം ഓഹരികൾ കൂടി സ്വന്തമാക്കുന്നതോടെ എൽ.ഐ.സിയുടെ മൊത്തം ഓഹരി പങ്കാളിത്തം 9.90 ശതമാനമായി ഉയരും. നിലവിൽ എൽ.ഐ.സിയ്ക്ക് 5.19 ശതമാനം ഓഹരിയുണ്ട്.അടുത്ത ഒരു വർഷത്തിനുള്ളിൽ എച്ച്.ഡി.എഫ്.സി ബാങ്കിന്റെ അധിക ഓഹരികൾ ഏറ്റെടുക്കാമെന്നാണ് ആർ.ബി.ഐ എൽ.ഐ.സിക്ക് നിർദേശം നൽകിയിട്ടുള്ളതെന്ന് സ്റ്റോക്ക് എക്സ്ചേഞ്ചുകൾക്ക് സമർപ്പിച്ചിട്ടുള്ള റിപ്പോർട്ട് വ്യക്തമാക്കുന്നു. മൊത്തം ഓഹരി വിഹിതം പെയ്ഡ് മൂലധനത്തിന്റെ 9.99 ശതമാനത്തിൽ കൂടരുതെന്നും നിർദേശമുണ്ട്.ഇന്ത്യൻ ബാങ്കുകളിൽ ഏതെങ്കിലുമൊരു കമ്പനിക്ക് അഞ്ച് ശതമാനത്തിലധികം ഓഹരി സ്വന്തമാക്കണമെങ്കിൽ റിസർവ് ബാങ്കിന്റെ മുൻകൂർ അനുമതി തേടേണ്ടതുണ്ട്. കഴിഞ്ഞ വർഷം മേയിൽ എസ്.ബി.ഐ ഫണ്ട് മാനേജ്മെന്റും ഇത്തരത്തിൽ എച്ച്.ഡി.എഫ്.സി ബാങ്കിൽ 9.99 ശതമാനം ഓഹരി പങ്കാളിത്തത്തിന് അനുമതി നേടിയിരുന്നു.കഴിഞ്ഞ കുറച്ച് ദിവസങ്ങളായി ഓഹരി ഇടിവിലായതിനെ തുടർന്ന് ആശങ്കയിലായ ഓഹരി ഉടമകൾക്ക് ആശ്വാസം പകരാൻ എൽ.ഐ.സിയുടെ ഏറ്റെടുക്കൽ സഹായിക്കുമെന്നാണ് കരുതുന്നത്. ജനുവരി 16ന് മൂന്നാം പാദഫല റിപ്പോർട്ടുകൾ വന്നതു മുതൽ എച്ച്.ഡി.എഫ്.സി ബാങ്ക് ഓഹരി വില ഇടവിലാണ്. 52 ആഴ്ചയിലെ താഴ്ന്ന വിലയിലേക്ക് നീങ്ങുന്ന ഓഹരിയിൽ നിലവിൽ വിൽപ്പന സമ്മർദ്ദം പ്രകടമാണ്. ഇതുവരെ 15 ശതമാനത്തിലധികമാണ് ഓഹരി വില താഴെ പോയത്. വെള്ളിയാഴ്ച ഒരു ശതമാനത്തിലധികം ഇടിഞ്ഞ് 1,439.90 രൂപയിലാണ് ഓഹരി വ്യാപാരം അവസാനിപ്പിച്ചത്.മൂന്നാം പാദത്തിൽ ബാങ്കിന്റെ ലാഭവും അറ്റപലിശ വരുമാനവും ഉയർന്നെങ്കിലും അറ്റ പലിശ മാർജിനിൽ തൊട്ടു മുൻപാദത്തെ അപേക്ഷിച്ച് കാര്യമായ വ്യത്യാസമില്ലാത്തതാണ് നിക്ഷേപകരിൽ ആശങ്കയ്ക്കിടയാക്കിയത്. മാത്രമല്ല ഡെപ്പോസിറ്റ് വളർച്ചയിലും കുറവ് പ്രകടമായിരുന്നു.വിദേശ പോർട്ട്ഫോളിയോ നിക്ഷേപകരുമായി ബന്ധപ്പെട്ട സെബിയുടെ നിർദേശം വീണ്ടും വിദേശ നിക്ഷേപ സ്ഥാപനങ്ങളെ വിൽപ്പനയിലേക്ക് നയിച്ചേക്കുമെന്ന് അനലിസ്റ്റുകൾ വിലയിരുത്തുന്നു. എന്നാൽ അതിനുള്ള സാധ്യതയില്ലെന്ന് എച്ച്.ഡി.എഫ്.സി ബാങ്ക് നേരത്തെ തന്നെ വ്യക്തമാക്കിയിരുന്നു.

ലോകത്തിലെ മോശം ബിസിനസ് ക്ലാസ്സിൽ നാലാം സ്ഥാനം എയർ ഇന്ത്യക്ക്; ഏറ്റവും മികച്ചത് ഈ എയർലൈൻസ്, പട്ടിക പുറത്തുവിട്ടു

ന്യൂഡൽഹി: ടാറ്റയുടെ ഉടമസ്ഥതയിലുള്ള എയർലൈൻ കമ്പനിയായ എയർ ഇന്ത്യക്ക് നാണക്കേടിന്റെ നാലാം റാങ്ക്. മോശം ബിസിനസ് ക്ലാസ് ഉള്ള എയർലൈനുകളെക്കുറിച്ചുള്ള ഏറ്റവും പുതിയ സർവേയിലാണ് എയർ ഇന്ത്യക്ക് നാലാം സ്ഥാനം.10-ൽ 7.4 സ്കോർ നേടിയാണ് ഇന്ത്യയുടെ ബജറ്റ് എയർലൈൻ നാണക്കേടിന്റെ പട്ടികയിൽ ഇടം പിടിച്ചത്.യുകെ ആസ്ഥാനമായുള്ള ഏജൻസിയായ ബൗൺസ് ആണ് ലോകത്തിലെ ഏറ്റവും മോശം ബിസിനസ് ക്ലാസ് ഉള്ള എയർലൈനുകൾ സർവേയിലൂടെ വെളിപ്പെടുത്തിയത്. ക്യാബിൻ, സീറ്റ് സൗകര്യം, വിമാന സർവീസ്, വിനോദം, സൗകര്യങ്ങൾ തുടങ്ങിയ ഘടകങ്ങളെ അടിസ്ഥാനമാക്കിയാണ് ആഗോള എയർലൈനുകളെ റാങ്ക് ചെയ്തത്. റാങ്കിംഗ് അനുസരിച്ച്, എയർ ഇന്ത്യ 10 പോയിന്റിൽ 7.4 നേടി, ലോകത്തിലെ ഏറ്റവും മോശം ബിസിനസ്സ് ക്ലാസ് ഉള്ള നാലാമത്തെ എയർലൈനായി. ഈജിപ്ത് എയർ (5.71) ആണ് ഒന്നാം സ്ഥാനത്ത്. കോപ്പ എയർലൈൻസ് (6.71), കുവൈറ്റ് എയർവേയ്സ് (7) എന്നിവയാണ് തങ്ങളുടെ വിമാനങ്ങളിൽ ഏറ്റവും മോശം ബിസിനസ് ക്ലാസ് ഉള്ള രണ്ടും മൂന്നും സ്ഥാനത്തുള്ള എയർലൈനുകൾ.എയർ ഇന്ത്യയുടെ ക്യാബിൻ സീറ്റുകളാണ് ബിസിനസ് ക്ലാസ് സൗകര്യങ്ങളുടെ ഏറ്റവും വലിയ പ്രശ്നമെന്ന് സർവേ ചൂണ്ടിക്കാട്ടുന്നു. ക്യാബിൻ സീറ്റുകൾക്ക് 6/10 സ്കോറാണ് ലഭിച്ചത്. ബാക്കിയുള്ള സേവനങ്ങളായ ഇൻ-ഫ്ലൈറ്റ് വിനോദം, പാചകരീതി, എയർപോർട്ട് അനുഭവം, പാനീയങ്ങൾ എന്നിവയ്ക്ക് 7/10 ലഭിച്ചു.നേരത്തെ, സർക്കാർ പോതുമേഖലാ സ്ഥാപനമായ എയർ ഇന്ത്യയെ ഈയിടെയാണ് ടാറ്റ ഏറ്റെടുത്തത്. നിലവിൽ വളർച്ചയുടെ പാതയിലേക്ക് ചുവട് എടുത്ത് വെക്കുകയാണ് എയർ ഇന്ത്യ എന്നതിനാൽ ഈ തിരിച്ചടി അവരെ ബാധിക്കില്ല. എയർ ഇന്ത്യ നിലവിൽ 40 ലെഗസി ബോയിംഗ് 787, 777 വിമാനങ്ങൾ ഉയർന്ന നിലവാരത്തിലേക്ക് അപ്ഗ്രേഡ് ചെയ്യുകയാണ്. 2024 ജൂലൈയിൽ സീറ്റുകളും വിനോദ സംവിധാനങ്ങളും പൂർണ്ണമായും മാറ്റിസ്ഥാപിക്കുന്നു. 41 എ320 വിമാനങ്ങളുടെ നവീകരണവും ആരംഭിക്കുന്നു. എയർ ഇന്ത്യ ലോഞ്ചുകൾ നവീകരിക്കുന്നതിനായി ലോകപ്രശസ്ത ഹോസ്പിറ്റാലിറ്റി ഇന്റീരിയർ ഡിസൈൻ സ്ഥാപനമായ ഹിർഷ് ബെഡ്നർ അസോസിയേറ്റ്സുമായി (എച്ച്ബിഎ) എയർലൈൻ പ്രവർത്തിക്കുന്നു.അതേസമയം, എയർലൈനുകളുടെ ഏറ്റവും മികച്ച ബിസിനസ് ക്ലാസ് സൗകര്യങ്ങളും ബൗൺസ് ഏജൻസി റാങ്ക് ചെയ്തിട്ടുണ്ട്. 9.57/10 സ്കോറോടെ സിംഗപ്പൂർ എയർലൈൻസ് ഒന്നാം സ്ഥാനത്തും ഖത്തർ എയർവേയ്സ് (9.43), ഒമാൻ എയർ (9.29) എന്നിവർ അടുത്ത സ്ഥാനങ്ങളിലുമെത്തി.ബിസിനസ് ക്ലാസ് സേവനങ്ങളെ അടിസ്ഥാനമാക്കി എയർപോർട്ടുകളും റാങ്ക് ചെയ്തിട്ടുണ്ട്. ലണ്ടനിലെ ഹീത്രൂ എയർപോർട്ട് 7.60/10 ആയി ചാർട്ടിൽ ഒന്നാമതെത്തി. ഖത്തറിലെ ഹമദ് അന്താരാഷ്ട്ര വിമാനത്താവളം (7.09) രണ്ടാം സ്ഥാനത്തും ജർമനിയിലെ മ്യൂണിക്ക് വിമാനത്താവളം (6.99) മൂന്നാം സ്ഥാനവും നേടി.

സമാനതകളില്ലാത്ത ഒരു ആക്രമണം ഗൗതം അദാനി

കൃത്യം ഒരു വർഷം മുൻപ് 2023 ജനുവരി 25-ന് പ്രഭാതഭക്ഷണ വേളയിലാണ് ന്യൂയോർക്കിലെ ഒരു ഷോർട്ട് സെല്ലർ അദാനി ഗ്രൂപ്പിനെതിരെയുള്ള ആരോപണങ്ങളുടെ ഒരു സമാഹാരം തന്നെ ഓൺലൈനായി കൊണ്ടു വന്നത്.എന്റെ എതിരാളികൾ മാധ്യമങ്ങളിലെ അവരുടെ കൂട്ടാളികളിലൂടെ പ്രചരിപ്പിക്കാൻ ശ്രമിച്ചിരുന്ന ജീവനില്ലാത്ത അതേ ആരോപണങ്ങൾ തന്നെയായിരുന്നു ഗവേഷണ റിപോർട്ട് എന്ന് സ്വയം അവകാശപ്പെട്ടിരുന്ന അതിലും ഉണ്ടായിരുന്നത്. വെളിപ്പെടുത്തിയിട്ടുള്ളതും പൊതു സമൂഹത്തിൽ ലഭ്യമായിട്ടുള്ളതുമായ വിവരങ്ങളിൽ നിന്നു തെരഞ്ഞെടുത്ത ചില അർധ സത്യങ്ങൾ കൗശലപൂർവ്വം മെനഞ്ഞെടുത്തതായിരുന്നു അതെന്നു മൊത്തത്തിൽ പറയാം.ഞങ്ങൾക്കെതിരെ കള്ളങ്ങളും അടിസ്ഥാനരഹിതമായ ആരോപണങ്ങളും ഉണ്ടാകുന്നത് പുതിയ സംഭവമല്ല. അതു കൊണ്ടു തന്നെ സമഗ്രമായ ഒരു പ്രതികരണം നൽകിയതിനു ശേഷം ഞാൻ അതിനെ കുറിച്ചു കൂടുതലൊന്നും ചിന്തിച്ചില്ല.എന്തായാലും സത്യം ചെരിപ്പിന്റെ വാറു കെട്ടുമ്പോഴേക്ക് നുണ ലോകം മുഴുവൻ ചുറ്റിക്കറങ്ങി വന്നിരുന്നു. സത്യത്തിന്റെ പാതയിലൂടെ ഉയർന്നു വന്ന എനിക്കിത് കള്ളങ്ങളുടെ ശക്തിയെ കുറിച്ചുള്ള ഒരു പാഠമായിരുന്നു.ഷോർട്ട് സെല്ലിങ് ആക്രമണങ്ങളുടെ പ്രതിഫലനം സാധാരണ സാമ്പത്തിക വിപണികളിൽ മാത്രമായി ഒതുങ്ങും. എന്നാൽ ഇത് രണ്ടു തലങ്ങളിലായുള്ള സവിശേഷമായൊരു ആക്രമണമായിരുന്നു. സാമ്പത്തിക രംഗത്തുള്ളതും രാഷ്ട്രീയ തലത്തിലുള്ളതും പരസ്പരം സഹായിച്ചു കൊണ്ടുള്ളതും ആയിരുന്നു അത്. വിപണികൾ സ്വതവേ വൈകാരിക പ്രവണത പ്രകടിപ്പിക്കുന്നവയാണ് എന്നതിനാൽ മാധ്യമങ്ങളിലുള്ള ചിലരുടെ സഹായത്തോടെയുള്ള ഈ നുണകൾ തങ്ങളുടെ വിപണി മൂല്യം കുറക്കുന്നതിന് വഴിവെക്കുകയുമുണ്ടായി. ആയിരക്കണക്കിനു ചെറുകിട നിക്ഷേപകരുടെ സമ്പാദ്യം നഷ്ടപ്പെട്ടതാണ് എന്നെ കൂടുതൽ വേദനിപ്പിച്ചത്. എതിരാളികളുടെ ഈ കുതന്ത്രം പൂർണമായി വിജയിച്ചിരുന്നു എങ്കിൽ തുറമുഖങ്ങളും വിമാനത്താവളങ്ങളും വൈദ്യുത ശൃംഖലകളും അടക്കം നിർണായകമായ അടിസ്ഥാന സൗകര്യ ആസ്തികളെ ബാധിക്കുകയും നമ്മുടെ രാജ്യത്തെ വിനാശകരമായൊരു സ്ഥിതിയിലേക്കു കൊണ്ടു പോകുകയും ചെയ്തേനെ. പക്ഷേ, ഞങ്ങളുടെ ശക്തമായ ആസ്തികൾ, പ്രവർത്തനങ്ങളിലുള്ള പുതുമയും ഉന്നത നിലവാരത്തിലുള്ള വെളിപ്പെടുത്തലുകളും എല്ലാം മൂലം വായ്പാ ദാതാക്കളും റേറ്റിങ് ഏജൻസികളും അടക്കമുള്ള കൂടുതൽ അറിവുള്ള സാമ്പത്തിക സമൂഹം ഇതനുസരിച്ച് ആടിയുലയുവാൻ തയ്യാറാകാതെ ഞങ്ങളോടൊപ്പം ശക്തമായി നിലകൊണ്ടു.ഇത്തരത്തിലൊരു സാഹചര്യം നേരിട്ടുള്ള അനുഭവം ഞങ്ങൾക്കുണ്ടായിരുന്നില്ല. ആത്യന്തികമായ ഞങ്ങളുടെ ബിസിനസിന്റെ അടിസ്ഥാന ശക്തിയിലുള്ള വിശ്വാസം എതിരായുള്ള പ്രവർത്തനങ്ങൾക്ക് പിന്തുണയായി. ഞങ്ങളുടെ നിക്ഷേപകരെ സംരക്ഷിക്കുക എന്നതായിരുന്നു ഏറ്റവും ആദ്യ ലക്ഷ്യം. 20,000 കോടി രൂപയുടെ എഫ്പിഒ പൂർത്തിയാക്കിയ ശേഷം അതിലൂടെ സമാഹരിച്ചത് തിരികെ നൽകാൻ തീരുമാനിച്ചു. കോർപറേറ്റ് ചരിത്രത്തിൽ ഇതുവരെ ഉണ്ടായിട്ടില്ലാത്ത ഈ നീക്കം നിക്ഷേപകരുടെ ക്ഷേമത്തിനായും ധാർമിക ബിസിനസ് രീതികളിലും ഉള്ള ഞങ്ങളുടെ പ്രതിബദ്ധതയാണ് എടുത്തു കാട്ടിയത്. ആവശ്യത്തിനുള്ള ലിക്വിഡിറ്റി ആയിരുന്നു ഈ യുദ്ധത്തിലെ ഞങ്ങളുടെ ഏറ്റവും വലിയ ആയുധം. ഞങ്ങളുടെ ശക്തമായ 30,000 കോടി രൂപയുടെ കാഷ് റിസർവിനൊപ്പം അടുത്ത രണ്ടു വർഷത്തെ കടം തിരിച്ചടക്കലിനു സമാനമായ 40,000 കോടി രൂപ കൂടി ലഭ്യമാക്കി സാമ്പത്തിക സ്ഥിതി ശക്തമാക്കി. ജിക്യുജി പാർട്ട്ണേഴ്സ്, ക്യുഐഎ പോലുള്ളവർക്ക് ഞങ്ങളുടെ ഗ്രൂപ്പ് കമ്പനികളുടെ അവകാശങ്ങൾ വിൽപന നടത്തിയായിരുന്നു ഇത്. വിപണിയുടെ വിശ്വാസം വീണ്ടെടുക്കുന്നതിനും ഇന്ത്യയിൽ ആഗോള നിലവാരത്തിലുള്ള അടിസ്ഥാന സൗകര്യങ്ങൾ ആസ്തികൾ നിർമിക്കാനുമുള്ള വിപുലമായ കാഷ് റിസർവ് എന്ന ലക്ഷ്യം കൈവരിക്കാൻ ഇതു സഹായിച്ചു.17,500 കോടി രൂപയുടെ മാർജിൻ ലിങ്ക്ഡ് വായ്പകൾ മുൻകൂറായി തിരിച്ചടച്ചതിലൂടെ ഞങ്ങളുടെ നിക്ഷേപത്തെ വിപണി ചാഞ്ചാട്ടങ്ങളിൽ നിന്നു സംരക്ഷിക്കാനും സാധിച്ചു. നേതൃനിരയിലുള്ളവരോട് ബിസിനസിൽ ശ്രദ്ധ കേന്ദ്രീകരിക്കാനും ഞാൻ ആവശ്യപ്പെട്ടു. 2024 സാമ്പത്തിക വർഷത്തിലെ ആദ്യ പകുതിയിൽ 47 ശതമാനമെന്ന നിലയിൽ നികുതിക്കു മുൻപുള്ള ലാഭ വർധനയുടെ കാര്യത്തിൽ റെക്കോർഡ് സൃഷ്ടിക്കാൻ ഇതു സഹായകമായി. അദാനി നിക്ഷേപങ്ങൾ 2024 സാമ്പത്തിക വർഷത്തിലെ മൂന്നാം ത്രൈമാസത്തിൽ ഏറ്റവും ഉയർന്ന ത്രൈമാസ നേട്ടവും കൈവശമാക്കി.ഞങ്ങളുടെ സാമ്പത്തിക, സാമ്പത്തികേതര അഭ്യുദയകാംക്ഷികൾക്കായി വിപുലമായ പദ്ധതികളാണ് തയ്യാറാക്കിയത്. ഫിനാൻസ് ടീം മാത്രം ആദ്യ 150 ദിവസങ്ങളിൽ ആഗോള വ്യാപകമായി മുന്നൂറോളം യോഗങ്ങളാണു നടത്തിയത്. ബാങ്കുകൾ, സ്ഥിര നിക്ഷേപകർ, സോവറിൻ വെൽത്ത് ഫണ്ടുകൾ, ഇകിറ്റി നിക്ഷേപകർ, സംയുക്ത സംരംഭ പങ്കാളികൾ, റേറ്റിങ് ഏജൻസികൾ തുടങ്ങിയവർ എന്നും തങ്ങളുടെ പങ്കാളികളായിരുന്നു. അവർ നടത്തിയ പരിശോധനകളും വിലയിരുത്തലുകളും ഞങ്ങളുടെ സമഗ്രവും സുതാര്യവും വെളിപ്പെടുത്തലുകൾ ഉള്ളതുമായ രീതികൾ എടുത്തു കാട്ടി.സത്യം സുതാര്യമായി അവതരിപ്പിച്ചും ഈ കഥയുടെ മറുവശം വെളിപ്പെടുത്തിയും ആക്രമിച്ചവരുടെ ലക്ഷ്യങ്ങൾ പുറത്തു കാട്ടിയും മുന്നോട്ടു പോകുന്നതിലാണ് തങ്ങൾ ശ്രദ്ധിച്ചത്. നെഗറ്റീവ് പ്രചാരണങ്ങളുടെ മൂർച്ച കുറക്കാൻ ഇതു സഹായകമായി. ഞങ്ങളുടെ ഓഹരി അടിത്തറയിലുണ്ടായ ഗണ്യമായ വളർച്ച പൊതുജനങ്ങളുടെ അഭിപ്രായത്തെ ചൂണ്ടിക്കാട്ടുന്നതാണ്. വെല്ലുവിളികളുടെ വർഷത്തിൽ ഞങ്ങളുടെ ഓഹരി ഉടമകളുടെ അടിത്തറ 43 ശതമാനം വർധിച്ച് 70 ലക്ഷത്തിനടുത്തെത്തി.ഇതിനു പുറമെ ഞങ്ങളുടെ വളർച്ചാ നീക്കങ്ങൾ നിലനിർത്താനും ഞങ്ങൾ പ്രതിബദ്ധരായിരുന്നു. ആസ്തി അടിസ്ഥാനം 4.5 ലക്ഷം കോടിയിലേക്ക് വളർന്നതിലൂടെ നിക്ഷേപങ്ങളിൽ ഗ്രൂപ്പിനുള്ള പ്രതിബദ്ധത ദൃശ്യമായി. നിരവധി നിർണായക പദ്ധതികളുടെ തുടക്കം ഇക്കാലത്തു കാണാനായി. ഖാവ്ദയിലെ ലോകത്തെ ഏറ്റവും വലിയ പുനരുപയോഗിക്കാവുന്ന വൈദ്യുതു ഉൽപാദനശാല, പുതിയ കോപ്പർ സ്മെൽറ്റർ, ഹരിത ഹൈഡ്രജൻ സംവിധാനം, ധാരാവിയെ ഏറെ കാത്തിരുന്ന പുനർ വികസനം എന്നിവ ഇതിലുൾപ്പെടുന്നു.ഞങ്ങളുടെ അടിസ്ഥാനപരമായൊരു ദൗർബല്യം മനസിലാക്കാൻ ഈ പ്രതിസന്ധി സഹായിച്ചു. ബോധവൽക്കരണ സംവിധാനങ്ങളിൽ ഞങ്ങൾ ആവശ്യമായ ശ്രദ്ധ പതിപ്പിച്ചിരുന്നില്ല. അദാനി ഗ്രൂപ്പ് എന്തു ചെയ്യുന്നു എന്നോ അതിന്റെ ഗുണനിലവാരമെന്തെന്നോ എത്ര വിപുലമാണെന്നോ സാമ്പത്തിക അടിസ്ഥാന സൗകര്യ രംഗത്തിനു പുറത്തുള്ളവർക്ക് അധികമായ അറിവുണ്ടായിരുന്നില്ല. സാമ്പത്തികേതര രംഗത്തുള്ളവരും തങ്ങളെ കുറിച്ച് അറിവുള്ളവരായിരിക്കുമെന്നും അവർക്ക് സത്യം അറിയാമായിരിക്കും എന്നും ഞങ്ങൾ കരുതി. ഇന്ത്യയുടെ നിർണായകമായ അടിസ്ഥാന സൗകര്യ മേഖല നിർമിക്കുന്നതിൽ ഞങ്ങൾ വഹിക്കുന്ന സുപ്രധാന പങ്ക്, ഞങ്ങളുടെ പുതുമയുള്ള സാമ്പത്തിക രീതികൾ, ഭരണ രീതികൾ എന്നിവയെല്ലാം അവർക്ക് അറിയാമെന്നു കരുതി.സാമ്പത്തികേതര മേഖലകളിലുള്ളവരുമായും സ്ഥിരമായി ബന്ധപ്പെട്ടു കൊണ്ടിരിക്കേണ്ടതിന്റെ ആവശ്യകത ഈ അനുഭവം ബോധ്യപ്പെടുത്തി. ഞങ്ങളുടെ കട നിലയെ കുറിച്ചും രാഷ്ട്രീയ ബന്ധങ്ങളെ കുറിച്ചുമെല്ലാം കെട്ടിപ്പടുത്ത ആരോപണങ്ങളെ മികച്ച രീതിയിൽ നേരിടുന്നതിൽ ഞങ്ങൾക്കു വിജയിക്കാനായില്ല. തെറ്റിദ്ധാരണകൾ പരക്കാൻ ഇതു വഴി വെച്ചു. നികുതിക്കു മുൻപുള്ള ഏറ്റവും കുറഞ്ഞ ലാഭവും വായ്പകളും തമ്മിൽ ഏറ്റവും കുറഞ്ഞ അനുപാതമുള്ളവയാണ് ഞങ്ങളുടെ ഗതാഗത, പബ്ലിക് യൂട്ടിലിറ്റി കമ്പനികൾ. 2023 സെപ്റ്റംബറിൽ അവസാനിച്ച അർധ വർഷത്തിൽ ഇത് 2.5 മടങ്ങായിരുന്നു. ഇതിനു പുറമെ വിവിധ രാഷ്ട്രീയ പാർട്ടികൾ ഭരിക്കുന്ന 23 ഇന്ത്യൻ സംസ്ഥാനങ്ങളിൽ സാന്നിധ്യമുള്ളതാണ് തങ്ങളുടെ അടിസ്ഥാന സൗകര്യ ബിസിനസ്. തങ്ങൾ രാഷ്ട്രീയ രംഗത്തുള്ളവരുമല്ല.കഴിഞ്ഞ വർഷത്തെ അനുഭവങ്ങൾ ഞങ്ങൾക്ക് വിലപ്പെട്ട പാഠങ്ങൾ നൽകുകയും ഞങ്ങളെ കൂടുതൽ ശക്തരാക്കുകയും ചെയ്തു. ഇന്ത്യൻ സ്ഥാപനങ്ങളിലുള്ള ഞങ്ങളുടെ വിശ്വാസം കൂടുതൽ മികച്ചതാക്കുകയും ചെയ്തു സത്യസന്ധതയില്ലാതെ ഞങ്ങൾക്കു നേരെ നടത്തിയ ആക്രമണവും ഞങ്ങളുടെ പ്രതിപ്രവർത്തനങ്ങളും പഠനത്തിന് അർഹമായ ഒന്നാണ്. ഇന്നിത് ഞങ്ങൾക്കു നേരെയാണ്നാളെ അതു മറ്റു ചിലർക്കു നേരെയായിരിക്കും അതിനാലാണ് എന്റെ പാഠങ്ങൾ പങ്കുവെക്കാൻ ഞാൻ നിർബന്ധിതനായത് ഇത്തരം ആക്രമണങ്ങൾ അവസാനിച്ചു എന്നു ഞാൻ കരുതുന്നില്ല ഈ അനുഭവത്തിലൂടെ ഞങ്ങൾ കൂടുതൽ ശക്തരായതായി ഞാൻ വിശ്വസിക്കുന്നു ഇന്ത്യയുടെ വികസനത്തിനായി എളിയ സംഭാവനകൾ നൽകാനുള്ള പ്രതിബദ്ധത അചഞ്ചലമായി തുടരുകയും ചെയ്യും

പാൻ ഐഐഎം കോൺഫറൻസ് കേന്ദ്ര വിദ്യാഭ്യാസ മന്ത്രി ഉദ്ഘാടനം ചെയ്തു

കൊച്ചി: സമ്പൽപൂർ ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജുമെന്റിൽ നടക്കുന്ന ഒൻപതാമത് പാൻ ഐഐഎം കോൺഫറൻസ് കേന്ദ്ര വിദ്യാഭ്യാസ, ശേഷി വികസന, സംരംഭകത്വ മന്ത്രി ധർമേന്ദ്ര പ്രധാൻ ഉദ്ഘാടനം ചെയ്തു. സാസ്ക്കാരിക, സുസ്ഥിര മാനേജുമെന്റ് കേന്ദ്രമായ രങ്കവടി സെന്റർ ഓഫ് എക്സലൻസിന്റെ ഉദ്ഘാടനത്തോടെയായിരുന്നു നാലു ദിവസത്തെ കോൺഫറൻസിന്റെ തുടക്കം. നൃത്തവും ഗാനവും പ്രകൃതി ആരാധനയും ഭക്ഷ്യ സംസ്ക്കാരവും അടക്കം ഒഡീഷയുടെ സാംസ്ക്കാരിക പാരമ്പര്യം സംരക്ഷിക്കുന്നതായിരിക്കും ഈ കേന്ദ്രമെന്ന് ധർമേന്ദ്ര പ്രധാൻ പറഞ്ഞു. 21 ഐഐഎമ്മുകളിൽ നിന്നുള്ള ഡയറക്ടർമാർ കോൺഫറൻസിൽ പങ്കെടുക്കും. ആയിരത്തോളം ഗവേഷണ പ്രബന്ധങ്ങളാവും കോൺഫറൻസിൽ അവതരിപ്പിക്കപ്പെടുക.

ബേസിക് പ്ലാനുകൾ മാറ്റാൻ ഒരുങ്ങി നെറ്റ്ഫ്ലിക്സ്

നിലവിലുള്ള ബേസിക് സബ്സ്ക്രിപ്ഷൻ പ്ലാനുകൾ മാറ്റാൻ ഒരുങ്ങുകയാണ് നെറ്റ്ഫ്കിക്സ്. ഇതിൻറെ ഭാഗമായി നെറ്റ്ഫ്ലിക്സിൻറെ 199 രൂപയുടെ പ്ലാനുകൾ മാറ്റം വരുത്താൻ ഒരുങ്ങുകയാണ്.വരുമാനം വർധിപ്പിക്കുക എന്ന ലക്ഷ്യത്തോടെയാണ് കമ്പനിയുടെ തീരുമാനം. കഴിഞ്ഞ കുറച്ച് വർഷങ്ങളായി കമ്പനിയിൽ തുടരുന്ന കടുത്ത സാമ്ബത്തിക പ്രശ്നമാണ് ഇത്തരം തീരുമാനത്തിൻറെ പിന്നിലെന്നാണ് സൂചന. കാനഡ, ബ്രിട്ടൻ തുടങ്ങിയ രാജ്യങ്ങളിൽ നിന്നും നിലവിൽ ബേസിക് പ്ലാൻ നീക്കം ചെയ്തു കഴിഞ്ഞു. കമ്ബനിയുടെ നാലാം പാദ വരുമാന കണക്കിന് പിന്നാലെയാണ് പുതിയ മാറ്റങ്ങൾ. കണക്കുകൾ പ്രകാരം ചലഛേഹശഃന്റെ മൊത്തം സൈൻഅപ്പ് അക്കൗണ്ടുകളുടെ 40 ശതമാനവും പരസ്യം സപ്പോർട്ട് ചെയ്യുന്നവയാണ്.കഴിഞ്ഞ വർഷം ഒക്ടോബറിൽ ചില രാജ്യങ്ങളിൽ നെറ്റ്ഫ്ലിക്സ് തങ്ങളുടെ അടിസ്ഥാന പ്ലാനിന്റെ വില കൂട്ടിയിരുന്നു. നേരത്തെ അടിസ്ഥാന പ്ലാനിന്റെ വില 10 യുഎസ് ഡോളറും 7 യൂറോയുമായിരുന്നു. ഇതിനുശേഷം, ഒക്ടോബറിൽ ഈ പ്ലാനിന്റെ വില 12 യുഎസ് ഡോളറും 8 യൂറോയും ആയി ഉയർത്തി. ഇതുകൂടാതെ, കഴിഞ്ഞ വർഷം ജൂലൈയിൽ ബേസിക് പ്ലാനുകൾ പലതും നീക്കം ചെയ്തു.തങ്ങളുടെ ബേസിക് പ്ലാൻ ഇന്ത്യയിൽ നിന്നും നീക്കം ചെയ്യുമോ എന്നത് സംബന്ധിച്ച് ഇതുവരെ നെറ്റ്ഫ്ലിക്സ് വിശദീകരണം തന്നിട്ടില്ല. നിലവിൽ 199 രൂപയ്ക്ക് ഹൈഡെഫനിഷൻ വീഡിയോ ക്വാളിറ്റിയിൽ നിങ്ങൾക്ക് സ്ട്രീമിങ് ആസ്വദിക്കാം. ഏറ്റവും അവസാനം പുറത്ത് വരുന്ന റിപ്പോർട്ടുകൾ പ്രകാരം കാനഡയിൽ നിന്നും ബ്രിട്ടനിൽ നിന്നും അടിസ്ഥാന പദ്ധതി നീക്കം ചെയ്യാനുള്ള നടപടികൾ ആരംഭിക്കും.

ഇലക്ട്രിക് ഉടനെത്തും, പെട്രോളും ഡീസലും പിന്നാലെ; പല കരുത്തിലെത്താൻ ടാറ്റ കർവ്

ഇലക്ട്രിക് വാഹനങ്ങൾ വിപണിയിൽ എത്തിക്കുന്നതിലാണ് ടാറ്റ മോട്ടോഴ്സ് കൂടുതലായി ശ്രദ്ധകേന്ദ്രീകരിച്ചിരിക്കുന്നത്.ഇന്ത്യയിലെ ഇലക്ട്രിക് വാഹന വിപണിയുടെ മേധാവിത്വം നിലനിർത്തുന്നതിനായാണ് കൂടുതൽ ഇ.വികൾ എത്തിക്കാൻ എത്തിക്കുന്നതും. ടാറ്റയിൽ നിന്ന് അടുത്തതായി എത്തുന്ന വാഹനം കർവ് ആയിരിക്കുമെന്നതും ഏറെക്കുറെ ഉറപ്പായി കഴിഞ്ഞു. ഈ വർഷം പകുതിയോടെ ഇലക്ട്രിക് കരുത്തിൽ എത്തുന്ന കർവ് ഇ.വിയുടെ ഐസ് എൻജിൻ പതിപ്പുകളും എത്തുമെന്നാണ് റിപ്പോർട്ട്. ടർബോ ചാർജ്ഡ് പെട്രോൾ, ഡീസൽ എൻജിനുകളിൽ കർവ് പ്രതീക്ഷിക്കാം. നെക്സോണിൽ നൽകിയിട്ടുള്ള 115 എച്ച്.പി. പവറും 260 എൻ.എം. ടോർക്കുമേകുന്ന 1.5 ലിറ്റർ ഡീസൽ എൻജിൻ തന്നെയായിരിക്കാം കർവിന്റെ ഡീസൽ മോഡലിന് കരുത്തേകുകയെന്നാണ് സൂചന. ഇതിനൊപ്പം ആറ് സ്പീഡ് മാനുവൽ, എ.എം.ടി. എന്നീ ട്രാൻസ്മിഷൻ ഓപ്ഷനായിരിക്കും നൽകുക. പെട്രോൾ എൻജിന്റെ ശേഷിയും കരുത്തും സംബന്ധിച്ച വിവരങ്ങൾ ലഭ്യമായിട്ടില്ല. സെൽറ്റോസ്, ക്രെറ്റ മോഡലുകളുടെ എതിരാളിയായിരിക്കും കർവ്.ടാറ്റ മോട്ടോഴ്സ് അടുത്തിടെ വികസിപ്പിച്ചെടുത്ത ആക്ടീവ് ഇലക്ട്രിക് വാഹന പ്ലാറ്റ്ഫോമിനെ അടിസ്ഥാനമാക്കിയായിരിക്കും കർവ് ഇ.വിയും ഒരുങ്ങുക. പഞ്ച് ഇലക്ട്രിക്കാണ് ആക്ടീവ് പ്ലാറ്റ്ഫോമിനെ അടിസ്ഥാനമാക്കിയ ആദ്യമായി ഒരുങ്ങിയ മോഡൽ. 80 എച്ച്.പി. മുതൽ 200 എച്ച്.പി. വരെ കരുത്ത് ഉത്പാദിപ്പിക്കുന്ന വാഹനങ്ങൾ ഈ പ്ലാറ്റ്ഫോമിൽ ഒരുക്കാൻ സാധിക്കുമെന്നാണ് വിലയിരുത്തലുകൾ. ഫ്രണ്ട് വീൽ ഡ്രൈവ്, റിയർ വീൽ ഡ്രൈവ്, ഫോർ വീൽ ഡ്രൈവ് സംവിധാനങ്ങളും ഈ പ്ലാറ്റ്ഫോമിൽ സാധ്യമാകും.ടാറ്റ മോട്ടോഴ്സിന്റെ രഞ്ജൻഗാവിലെ പ്ലാന്റിലായിരിക്കും കർവ് ഇലക്ട്രിക് നിർമിക്കുകയെന്നാണ് റിപ്പോർട്ട്. ഏപ്രിൽ മാസത്തോടെ ഈ വാഹനത്തിന്റെ ഉത്പാദനം ആരംഭിക്കും. ഇലക്ട്രിക്-ഐസ് എൻജിൻ കരുത്തുകളിൽ എത്തിക്കുന്ന ഈ വാഹനത്തിന് പ്രതിവർഷം 48000 യൂണിറ്റിന്റെ വിൽപ്പനയാണ് ടാറ്റ മോട്ടോഴ്സ് ലക്ഷ്യമിടുന്നത്. ഇതിൽ 12,000 യൂണിറ്റ് ഇലക്ട്രിക് കരുത്തിലുള്ള കർവിന്റേതായിരിക്കുമെന്നാണ് വിലയിരുത്തലുകൾ.കൺസെപ്റ്റ് മോഡലുകൾക്ക് സമാനമായ ഡിസൈനിലാണ് അടിത്തിടെ അവതരിപ്പിച്ച നെക്സോൺ മോഡലുകൾ എത്തിയത്. അതുകൊണ്ടുതന്നെ കൺസെപ്റ്റ് മോഡലിനോട് നീതി പുലർത്തുന്ന ഡിസൈനിലായിരിക്കും കർവും എത്തുക. നെക്സോണിനെക്കാൾ വലിപ്പക്കാരനായി ഒരുങ്ങുന്ന കർവിന്റെ ഇലക്ട്രിക് പതിപ്പ് 4.3 മീറ്റർ നീളം നൽകിയേക്കും. നെക്സോണിനെക്കാൾ 50 എം.എമ്മിന്റെ എങ്കിലും അധികം വീൽബേസും കർവിൽ പ്രതീക്ഷിക്കാം.

കൃത്രിം ഏറ്റവും വേഗതയേറിയ യൂണികോൺ:50 മില്യൺ ഡോളർ സമാഹരിച്ച് ഭവിഷ് അഗർവാൾ

ഡിസംബറിൽ കൃത്രിം പുറത്തിറക്കിയ വലിയ ഭാഷ മോഡലിന്റെ പരിശീലനത്തിൽ ഇന്ത്യൻ ഡാറ്റയുടെ ഏറ്റവും വിപുലമായ പ്രാതിനിധ്യം ഉണ്ടെന്ന് അവകാശപ്പെട്ടു.ഓല സ്ഥാപകൻ ഭവിഷ് അഗർവാളിന്റെ വലിയ ഭാഷാ മാതൃകകൾ ഉപയോഗിക്കുന്ന സ്റ്റാർട്ടപ്പായ കൃത്രിമിന്, മാട്രിക്സ് പങ്കാളികൾ ഉൾപ്പെടെയുള്ള നിക്ഷേപകരിൽ നിന്ന് 50 മില്യൺ ഡോളർ ധനസമാഹരണം നടത്തി.ഇതോടെ കമ്പനിയുടെ മൂല്യം 1 ബില്യൺ ഡോളറായി ഉയർന്നു.'ഈ നാഴികക്കല്ല് നേട്ടം കമ്പനിക്ക് മാത്രമല്ല, ഇന്ത്യൻ ടെക് ഇക്കോസിസ്റ്റത്തിനും ഒരു സുപ്രധാന നാഴികക്കല്ലാണ്, കാരണം കൃത്രിം ഇന്ത്യയിലെ ഏറ്റവും വേഗതയേറിയ യൂണികോൺ ആയി മാറുന്നു,' കമ്പനി പ്രസ്താവനയിൽ പറഞ്ഞു.ഇന്ത്യയുടെ ടെക്നോളജി മേഖലയുടെ പ്രത്യേക ആവശ്യങ്ങൾ നിറവേറ്റുന്നതിനായി രൂപകൽപ്പന ചെയ്തിട്ടുള്ള ഒരു എ ഐ കമ്പ്യൂട്ടിംഗ് സ്റ്റാക്കും വലിയ ഭാഷാ മാതൃകകളുടെ കുടുംബവും കൃത്രിം നിർമ്മിക്കുന്നു.കഴിഞ്ഞ ഡിസംബറിൽ, കമ്പനി പരിശീലനത്തിൽ ഇന്ത്യൻ ഡാറ്റയുടെ ഏറ്റവും വിപുലമായ പ്രതിനിധീകരണം ഉൾക്കൊള്ളുന്ന ഒരു എൽ.എൽ.എം അവതരിപ്പിച്ചു.വിവിധ ഇന്ത്യൻ ഭാഷകൾക്കായി ജനറേറ്റീവ് എ ഐ ആപ്ലിക്കേഷനുകൾ പ്രോത്സാഹിപ്പിക്കുന്ന ഈ മോഡൽ, ഒന്നിലധികം ഇന്ത്യൻ ഭാഷകളിൽ പ്രാവീണ്യം നേടുന്നതിന് കൃത്രിമിന്റെ സംഭാഷണ എ ഐ സഹായിയെയും പ്രവർത്തനക്ഷമമാക്കും. 'ഇന്ത്യ സ്വന്തം എ ഐ നിർമ്മിക്കണം, കൃത്രിമിൽ രാജ്യത്തിന്റെ ആദ്യത്തെ പൂർണ്ണ എ ഐ കമ്പ്യൂട്ടിംഗ് സ്റ്റാക്ക് നിർമ്മിക്കാൻ ഞങ്ങൾ പൂർണ്ണമായും പ്രതിജ്ഞാബദ്ധരാണ്' എന്ന് കൃത്രിമിന്റെ സ്ഥാപകൻ ഭവിഷ് അഗർവാൾ പറഞ്ഞു.കമ്പനി കൂടാതെ ഭാഷകളും വൈവിധ്യമാർന്ന വിഷയങ്ങളും തടസ്സമില്ലാതെ കൈകാര്യം ചെയ്യാനുള്ള മെച്ചപ്പെടുത്തിയ കഴിവുകളുള്ള ഒരു മൾട്ടിമോഡൽ എൽ.എൽ.എം ആയ കൃത്രിം പ്രോയെയും പ്രഖ്യാപിച്ചു. 2 ട്രില്യൺ ടോക്കണുകളിൽ പരിശീലനം നേടിയ ഈ മോഡൽ 2024 ഫെബ്രുവരിയിൽ ഒരു ബീറ്റ പതിപ്പ് പുറത്തിറക്കാനാണ് ലക്ഷ്യമിടുന്നത്.വിദ്യാഭ്യാസം, ബിസിനസ്സ് ആശയവിനിമയം എന്നിവയുൾപ്പെടെ വിവിധ ആവശ്യങ്ങൾ നിറവേറ്റാൻ ഇത് ലക്ഷ്യമിടുന്നു. സ്വദേശി ഡാറ്റാ സെന്ററുകളും മുന്നേറിയ കമ്പ്യൂട്ടിംഗ് പരിഹാരങ്ങളും ഉപയോഗിച്ച് .അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കാനും കമ്പനി പദ്ധതിയിടുന്നു.കഴിഞ്ഞ വർഷം ഒക്ടോബറിൽ, ഏകദേശം 24 മില്യൺ ഡോളർ (197 കോടി രൂപ) സ്വരൂപിക്കുന്നതിനായി, 10 രൂപ വീതം മുഖവിലയുള്ള 38,901 സീരീസ് എയും 19,67,61,099 സീരീസ് ബി ഡിബെഞ്ചറുകളും പുറത്തിറക്കാനുള്ള പ്രത്യേക തീരുമാനം കൃത്രിം പാസാക്കിയിരുന്നു.

മറവിരോഗം തടയാൻ ബദാം

എല്ലാവിധ ആരോഗ്യപ്രശ്നങ്ങൾക്കുമുള്ള പ്രതിവിധിയാണ് ബദാം. ദിവസവും ബദാം കഴിച്ചാലുള്ള ആരോഗ്യ ഗുണങ്ങൾ ചെറുതൊന്നുമല്ല.ഹൃദയാരോഗ്യത്തിന് ഏറ്റവും നല്ല പ്രതിവിധിയാണ് ബദാം. ബദാം ശരീരത്തിലെ എച്ച്ഡിഎൽ കൊളസ്ട്രോൾ വർദ്ധിപ്പിക്കുകയും എൽഡിഎൽ കൊളസ്ട്രോൾ കുറയ്ക്കുകയും ചെയ്യുന്നു.ഡയറ്റ് ചെയ്യുന്നവർ മറ്റ് ഭക്ഷണത്തോടൊപ്പം തന്നെ രണ്ടോ മൂന്നോ ബദാം കൂടി ഉൾപ്പെടുത്താൻ ശ്രദ്ധിക്കണം. ബദാം വെള്ളത്തിലിട്ട് വച്ച ശേഷം കുതിർത്ത് കഴിക്കാൻ പ്രത്യേകം ശ്രദ്ധിക്കണം. പ്രോട്ടീൻ, വൈറ്റമിൻ, ഫൈബർ എല്ലാം ആവോളം അടങ്ങിയതാണ് ബദാം. ഹൃദയാഘാത സാധ്യത കുറയ്ക്കാനും ബദാമിനു കഴിയുമെന്ന് ഹാർട്ട് ജേണലിൽ പ്രസിദ്ധീകരിച്ച ലേഖനത്തിൽ പറയുന്നുണ്ട്.ബദാമിൽ ആരോഗ്യകരമായ കൊഴുപ്പും പ്രോട്ടീനും നാരുകളും ധാരാളം അടങ്ങിയിട്ടുണ്ട്. രക്തത്തിലെ പഞ്ചസാരയുടെ അളവ് നിയന്ത്രിക്കാനും ഭക്ഷണത്തോടുള്ള അമിത ആർത്തി കുറയ്ക്കാനും ബദാം സഹായിക്കും. ചർമ്മ, മുടിസംരക്ഷണത്തിനും ബദാം ഏറെ നല്ലതാണ്. ഇതിലെ വിറ്റാമിൻ ഇ ആണ് ചർമ്മത്തിന് ഗുണം നൽകുന്നത്. മുടിയുടെ വളർച്ചയ്ക്കും മുടിയ്ക്ക് ഈർപ്പം നൽകാനും കുതിർത്ത ബദാം ഏറെ നല്ലതാണ്.

പെട്ടെന്നുള്ള ഭാരനഷ്ടം ചിലപ്പോൾ ഇതിന്റെ ലക്ഷണമാകാം

ഇന്നത്തെ ക്കാലത്ത് മിക്കവരെയും അലട്ടുന്ന ഒരു പ്രശ്നമാണ് എല്ലുകളുടെ വേദന. എന്നാൽ സ്ഥിരമായ വേദന മറ്റ് പല മാരക രോഗങ്ങളുടെയും ലക്ഷണങ്ങളാകാം.അതിലൊന്നാണ് എല്ലുകളെ ബാധിക്കുന്ന ബോൺ കാൻസർ. അർബുദങ്ങളിൽ വച്ച് അപൂർവമായ ഒന്നാണ് ബോൺ കാൻസർ. സ്ഥിരമായ എല്ലുകളുടെ ഒരുപക്ഷേ ഇതിന്റെ ലക്ഷണമാകാം. എല്ലുകളെ ബാധിക്കുന്ന ഈ അർബുദത്തിന്റെ മറ്റ് പ്രധാന ലക്ഷണങ്ങൾ എന്താണെന്ന് അറിയാം.

1. വേദനയും നീർക്കെട്ടും
തുടർച്ചയായ വേദനയും ഇതിനു ശേഷം ഉണ്ടാകുന്ന നീർക്കെട്ടും എല്ലുകളിലെ അർബുദത്തിൻറെ പ്രധാന ലക്ഷണമാണ്. ഈ വേദന രാത്രിയിൽ കഠിനമാകുകയും ഉറക്കത്തെ ബാധിക്കുകയും ചെയ്യും.

2. പനി
എല്ലുകളുടെ അർബുദവുമായി ബന്ധപ്പെട്ട് പൊതുവായി കാണപ്പെടുന്ന മറ്റൊരു ലക്ഷണമാണ് പനി. മറ്റ് ലക്ഷണങ്ങളോടൊപ്പം വിട്ടുമാറാത്ത പനിയും ശ്രദ്ധയിൽപ്പെട്ടാൽ ബോൺ കാൻസറിൻറെ സാധ്യതയെ സംബന്ധിച്ച പരിശോധന നടത്തണം.

3. സന്ധികൾക്ക് പിരിമുറുക്കം
സ്വാഭാവിക ചലനങ്ങളെ പോലും ബാധിക്കുന്ന തരത്തിൽ സന്ധികൾക്കുണ്ടാകുന്ന പിരിമുറുക്കം ബോൺ കാൻസറിൻറെ ലക്ഷണമാണ്. നടക്കാനോ ദൈനംദിന കാര്യങ്ങൾ ചെയ്യാനോ കഴിയാത്ത വിധം ഈ സന്ധിവേദനയും പിരിമുറുക്കവും രോഗിയെ ബുദ്ധിമുട്ടിക്കും. ഈ ലക്ഷണവും അവഗണിക്കാതെ കൃത്യസമയത്ത് ചികിത്സ തേടണം.

4. ഭാരനഷ്ടം

വിശദീകരിക്കാനാകാത്ത പെട്ടെന്നുള്ള ഭാരനഷ്ടവും ബോൺ കാൻസറിൻറെ മറ്റൊരു ലക്ഷണമാണ്. ഇത് ശ്രദ്ധയിൽപ്പെട്ടാൽ ഉടനെ വൈദ്യസഹായം തേടേണ്ടതാണ്.

5. അത്യധികമായ ക്ഷീണം
എപ്പോഴും ക്ഷീണം തോന്നുന്നത് ബോൺ കാൻസറിൻറെ മാത്രമല്ല മറ്റ് പല രോഗങ്ങളുടെയും ലക്ഷണമാകാം. ഊർജ്ജമില്ലാത്ത അവസ്ഥയും ക്ഷീണവും തുടർച്ചയായി അനുഭവപ്പെടുന്നവർ ഡോക്ടറെ കണ്ട് സമ്ബൂർണ ആരോഗ്യ പരിശോധന നടത്തേണ്ടതാണ്.

6. എല്ലുകളിൽ മുഴ
എല്ലുകൾക്ക് പുറത്തോ അകത്തോ കാണപ്പെടുന്ന മുഴകളും അർബുദത്തിൻറെ ലക്ഷണമാണ്. അർബുദം മൂലമല്ലാത്ത മുഴകളും എല്ലിൽ വരാമെന്നതിനാൽ കൃത്യമായ പരിശോധന രോഗനിർണയത്തിന് ആവശ്യമാണ്.

7. രാത്രിയിൽ വിയർക്കൽ
രാത്രി കാലങ്ങളിൽ അമിതമായി വിയർക്കുന്നത് ഗുരുതരമായ പല രോഗങ്ങളുടെയും സൂചനയാകാം. ബോൺ കാൻസറിൻറെ സാധ്യതയും തള്ളിക്കളയാൻ സാധിക്കില്ല എന്നതിനാൽ വിശദമായ ആരോഗ്യ പരിശോധന ആവശ്യമാണ്.

എന്താണ് ടോൺസിലൈറ്റിസ് ?

മനുഷ്യശരീരത്തിന്റെ പ്രതിരോധ സംവിധാനത്തിൽ തന്നെ സുപ്രധാനമാണ് തൊണ്ടയിൽ നാവിന്റെ ഉത്ഭവ സ്ഥലത്തായി അണ്ണാക്കിന്റെ ഇരുവശങ്ങളിലുമായി കാണപ്പെടുന്ന ടോൺസിലുകൾ. അന്നനാളം, ശ്വാസനാളം,വായു,ഭക്ഷണം എന്നിവയിൽ എത്തിപ്പെടുന്ന അണുക്കൾ ആദ്യമായി എത്തുക ടോൺസിലുകളെയാണ്. അതിനാൽ തന്നെ ഇത്തരത്തിൽ രോഗാണുക്കൾ ശക്തമാവുകയോ ശരീരത്തിന്റെ പ്രതിരോധശേഷി നഷ്ടമാവുകയോ ചെയ്താൽ ടോൺസിലുകളില് അണുബാധയുണ്ടാകാം. ഇതാണ് ടോൺസിലൈറ്റിസ് എന്ന് അറിയപ്പെടുന്നത്. പ്രധാനമായും കുട്ടികളിലാണ് ഇത് കണ്ടുവരുന്നത്. ടോൺസിലുകളിൽ അണുബാധയുണ്ടായാൽ ടോൺസിൽ ഗ്രന്ഥി തടിച്ച് ചുവന്ന നിറത്തിലാകും. വൈറസുകളും ബാക്ടീരിയകളുമാണ് ഈ അണുബാധയുണ്ടാക്കുന്നത്. തൊണ്ടയിലെ താപനില കുറയുന്നത് വഴി താത്കാലികമായും അണുബാധയുണ്ടാകാം. തണുത്ത ഭക്ഷണം, മഴ കൊള്ളുക,മഞ്ഞു കൊള്ളുക, തുടർച്ചയായി എ സി ഉപയോഗം എന്നിവയും ടോൺസിലൈറ്റിസിന് കാരണമാകാം. രോഗിയുടെ മൂക്കിൽ നിന്നും വായിൽ നിന്നുമുള്ള സ്രവങ്ങളിലൂടെ രോഗം പടരാനും സാധ്യതയുണ്ട്.പനി, ശരീരവേദന, ഭക്ഷണം ഇറക്കാൻ ബുദ്ധിമുട്ട്, ടോൺസിലുകളിൽ പഴുപ്പ്, വെളുത്തപാട, കഴുത്തിൽ വീക്കം, വേദന,ചെവിവേദന എന്നിവയാണ് ടോൺസിലൈറ്റിസിന്റെ പ്രധാന ലക്ഷണങ്ങൾ. ടോൺസിലൈറ്റിസ് സ്ഥിരമായി വരുന്നത് ചെവിയിലെ പഴുപ്പ് വരാനുള്ള സാധ്യത വർഷിപ്പിക്കുന്നു. തിളപ്പിച്ചാറിയ വെള്ളവും ദ്രവരൂപത്തിലുള്ള ഭക്ഷണവും നൽകുന്നതാണ് ടോൺസിലൈറ്റിസിന് നല്ലത്. ചൂടുവെള്ളത്തിൽ ഉപ്പിട്ട് കവിൾ കൊള്ളുന്നത് വായിലെ അണുക്കളെ കുറയ്ക്കും. രോഗി തുമ്മുമ്ബോഴും ചുമയ്ക്കുമ്ബോഴും ടവൽ ഉപയോഗിക്കണം.

രക്തത്തിലെ ഷുഗർ നിയന്ത്രിക്കാൻ തേയില

തേയില കുടിക്കുന്നത് രക്തത്തിലെ ഷുഗർ നിയന്ത്രിക്കുമെന്ന് പഠനം. ഇതിന് കാരണം തേയിലയിലെ പോളിഫിനോയിലും ആന്റിഓക്സിഡന്റുമാണ്.യൂറോപ്യൻ അസോസിയേഷൻ ഫോർ ദി സ്റ്റഡി ഓഫ് ഡയബറ്റീസിലാണ് പഠനം പ്രസിദ്ധീകരിച്ചത്.പതിവായി തേയില കുടിക്കുന്നത് പ്രീഡയബറ്റിക് വരാനുള്ള സാധ്യത 53 ശതമാനം കുറയ്ക്കുമെന്നും ടൈപ്പ് 2 ഡയബറ്റിക് വരാനുള്ള സാധ്യത 47 ശതമാനം കുറയ്ക്കുമെന്നുമാണ് പറയുന്നത്. ചൈനയിലെ സൗത്ത് ഈസ്റ്റ് യൂണിവേഴ്സിറ്റിയിലെ ഗവേഷകരാണ് പഠനം നടത്തിയത്.



ചർമ്മത്തിന്റെ പുതുമ നിലനിർത്താൻ

പണ്ടു കാലത്ത് സുലഭമായിരുന്ന ഒരു ഫലമാണ് ഞാവൽപ്പഴം. നിരവധി ആരോഗ്യ ഗുണങ്ങളുള്ള പഴമാണിത്. ആൻറി ഓക്സിഡൻറുകൾ ധാരാളം അടങ്ങിയ ഞാവൽപ്പഴം പ്രമേഹ രോഗികൾക്ക് കഴിക്കാവുന്ന ഏറ്റവും മികച്ച പഴമാണ്.രുചികരമായ ഞാവൽ പഴത്തിൽ രോഗപ്രതിരോധ ശേഷി വർധിപ്പിക്കുന്നതിന് സഹായിക്കുന്ന ധാരാളം പോഷകങ്ങൾ അടങ്ങിയിട്ടുണ്ട്. നമ്മളൊക്കെ തന്നെ പഴം കഴിച്ചിട്ട് അതിന്റെ കുരു കളയുകയാണ് പതിവ്. പക്ഷേ ഞാവൽ പഴത്തിന്റെ കുരുവിലും പോഷക ഗുണങ്ങളുണ്ട്. കുരുക്കൾ പൊടി രൂപത്തിലാണ് ഉപയോഗിക്കേണ്ടത്. അതിനാൽ തന്നെ കുരുക്കൾ ഉണക്കി പൊടിച്ചെടുക്കണം.ഞാവൽ മരത്തിന്റെ എല്ലാ ഭാഗങ്ങൾക്കും ഏറെ ഗുണങ്ങളുണ്ട്. വിറ്റാമിൻ എ, സി, കെ, പൊട്ടാസ്യം തുടങ്ങിയവ അടങ്ങിയിട്ടുള്ള ഞാവൽപ്പഴത്തിൻറെ ഗുണങ്ങൾ എന്തൊക്കെയാണെന്ന് നോക്കാം.ചർമ്മത്തിൻറെ ആരോഗ്യത്തിന് ഏറേ നല്ലതാണ് ഇവ. ചർമ്മത്തിന്റെ പുതുമ നിലനിറുത്തുവാനും മുഖക്കുരുവിനെ ഒരുപരിധിവരെ ചെറുക്കാനും ഞാവൽപ്പഴം സഹായിക്കുന്നു.ഞാവലിനെ പഴച്ചാറ് തൊണ്ടവേദനയ്ക്ക് ഫലപ്രദമാണ്. കൂടാതെ വായിൽ മുറിവുണ്ടായാൽ ഞാവൽ പഴത്തിന്റെ ചാറ് പുരട്ടിയാൽ ഉണങ്ങുമെന്നാണ് പറയപ്പെടുന്നത്. വായ്നാറ്റം ഇല്ലാതാക്കാനും ഞാവൽ പഴം കഴിക്കാവുന്നതാണ്.വിറ്റാമിൻ സിയും അയണും ധാരാളം അടങ്ങിയ ഞാവൽപ്പഴം രക്തത്തിലെ ഹിമോഗ്ലോബിന്റെ അളവ് കൂട്ടാൻ സഹായിക്കുന്നു. വിളർച്ചയുള്ള വർ ഞാവൽപ്പഴം ഭക്ഷണത്തിൽ ഉൾപ്പെടുത്തുന്നത് നല്ലതാണ്. ഇത് രക്തത്തെ ശുദ്ധീകരിക്കുകയും ചെയ്യുന്നു.ഞാവൽപ്പഴത്തിനുള്ള ആന്റിബാക്ടീരിയൽ ഗുണങ്ങൾ സാധാരണയായ അണുബാധകളെ ചെറുക്കാൻ സഹായിക്കും.രാവിലെ വെറും വയറ്റിൽ ഞാവൽ പഴം കഴിച്ചാൽ വായുക്ഷോഭം മാറും. കൂടാതെ, വയറുകടി, വിളർച്ച എന്നിവയ്ക്കും പരിഹാരമാണ്.ഞാവൽ കായയുടെ കുരു ഉണക്കിപ്പൊടിച്ചത് പ്രമേഹ രോഗികൾക്ക് വളരെയധികം ഗുണം ചെയ്യുമെന്ന് വിശ്വസിക്കപ്പെടുന്നു. രക്തത്തിലെ പഞ്ചസാരയുടെ അളവ് നിയന്ത്രിക്കാൻ ഞാവൽ പഴത്തിന് കഴിയും. രക്തപ്രവാഹത്തിൽ പഞ്ചസാര പുറപ്പെടുവിക്കുന്ന നിരക്ക് ഞാവൽ കായയുടെ കുരുക്കൾ കുറയ്ക്കും. കൂടാതെ, ഇത് ഇൻസുലിൻ ഉൽപാദനവും വർധിപ്പിക്കും. ഫൈബർ സമ്ബന്നമാണ് ഞാവൽ പഴം, അതിനാൽ ഇത് കഴിക്കുന്നതിനൊപ്പം, നിങ്ങൾക്ക് വിത്തുകളും കഴിക്കാം, ഇത് ശരീരഭാരം കുറയ്ക്കാൻ സഹായിക്കും. നിങ്ങളുടെ ദഹനവ്യവസ്ഥയെ സഹായിക്കുകയും അതുവഴി ദഹനം ശരിയായതാക്കുകയും ശരീരത്തിൽ നിന്ന് ദോഷകരമായ വിഷവസ്തുക്കളെ പുറന്തള്ളുകയും ചെയ്യും. നിങ്ങൾ ശരീര ഭാരം നിയന്ത്രിക്കാൻ ആഗ്രഹിക്കുന്നുവെങ്കിൽ, ഞാവൽ പഴം ഉത്തമമാണ്.വിറ്റാമിൻ സിയും എയും ധാരാളം അടങ്ങിയിട്ടുള്ളതിനാൽ ഇവ കണ്ണുകളുടെ ആരോഗ്യത്തിന് നല്ലതാണ്.രക്തസമ്മർദ്ദത്തിന്റെ അളവ് നിലനിർത്താൻ ഞാവൽ പഴം മികച്ചതാണെന്നും വിശ്വസിക്കപ്പെടുന്നു. ഹൈപ്പർടെൻഷൻ മൂലം ബുദ്ധിമുട്ടുന്നവർക്ക് ഞാവൽ പഴത്തിന്റെ കുരുക്കൾ ഉപയോഗിക്കാവുന്നതാണ്.രക്തസമ്മർദ്ദം കുറയ്ക്കാനും കൊളസ്ട്രോളിനെ നിയന്ത്രിക്കാനും ഹൃദ്രോഗ സാധ്യതയെ കുറയ്ക്കാനും ഞാവൽപ്പഴം ഡയറ്റിൽ ഉൾപ്പെടുത്തുന്നത് നല്ലതാണ്. ഡയറ്റിൽ ഉൾപ്പെടുത്തു ഞാവൽ പഴം

സ്ത്രീകളിൽ ആസ്മ സാധാരണം: ലക്ഷണങ്ങൾ

സ്ത്രീകളിൽ വളരെ സാധാരണമായ ഒരു രോഗമാണ് ആസ്മ. ആസ്മയ്ക്ക് പലകാരണങ്ങളും ഉണ്ട്. നഗരങ്ങളിൽ വായുമലിനീകരണം മൂലം നിരവധിപേർക്ക് ഈ രോഗം ഉണ്ട്.ഇവിടങ്ങളിലെ കുട്ടികൾക്ക് വളരെ ചെറുപ്പത്തിൽ രോഗം പിടിപെടുന്നു. സ്ത്രീകളിൽ ആസ്മ ഉണ്ടാകാനുള്ള പ്രധാന കാരണം ഹോർമോൺ വ്യതിയാനമാണ്. കൂടാതെ പാചകം ചെയ്യുമ്ബോഴും കൂടുതൽ പുകയും പൊടിയും ഇവർക്ക് ശ്വസിക്കേണ്ടി വരുന്നു. ആസ്മയെ നേരത്തേ കണ്ടെത്തുകയെന്നത് പ്രധാനമാണ്. സ്ത്രീകളിലെ പ്രധാന ലക്ഷണങ്ങൾ മൂക്കൊലിപ്പ്, തലവേദന, തമ്മൽ, ചുമയിലെ കഫം, ശ്വാസതടസം, കാലാവസ്ഥാമാറ്റം മൂലം ഉണ്ടാകുന്ന ക്ഷീണം എന്നിവയാണ്.

മുഖത്തെ ചുളിവുകൾ മാറാൻ കറ്റാർവാഴ

ചർമ്മത്തിന് ആരോഗ്യം നൽകുന്നതിലും ഫ്രഷ്നസ് നൽകുന്നതിനും എന്നും മുന്നിൽ നിൽക്കുന്ന ഒന്നാണ് കറ്റാർ വാഴ .ബീറ്റാ കരോട്ടിൻ, വിറ്റാമിൻ സി, ഇ എന്നിവ ഉൾപ്പെടുന്ന ധാരാളം ആന്റിഓക്സിഡന്റുകൾ കറ്റാർ വാഴയിലുണ്ട് .അതുകൊണ്ട് തന്നെ ചർമ്മത്തിന്റെ എല്ലാ സൗന്ദര്യ പ്രശ്നങ്ങളേയും പരിഹരിക്കാൻ കറ്റാർവാഴ ഉപയോഗിക്കാം .മുഖക്കുരുവിന് കാരണമാകുന്ന ബാക്ടീരിയകൾക്കെതിരെ പോരാടാൻ കറ്റാർ വാഴ ചർമത്തെ സഹായിക്കുന്നു . ഇത് ചർമ്മത്തിന്റെ സ്വാഭാവിക ദൃഢത മെച്ചപ്പെടുത്താനും കൂടുതൽ ജലാംശം നിലനിർത്താനും സഹായിക്കും.ഒരു ടീസ്പൂൺ കറ്റാർവാഴ നീരിൽ അര സ്പൂൺ കസ്തൂരി മഞ്ഞൾ ചേർത്ത് നന്നായി യോജിപ്പിക്കുക. ഈ മിശ്രിതം മുഖത്ത് പുരട്ടി 15 – 20 മിനിട്ടുകൾക്ക് ശേഷം കഴുകി കളയുക. ആഴ്ചയിൽ രണ്ടോ മൂന്നോ തവണ ഇത് ഉപയോഗിക്കാവുന്നതാണ്. മുഖത്തെ കറുപ്പ് നിറം മാറാൻ ഈ പാക്ക് സഹായിക്കും.ഒരു ടീസ്പൂൺ കറ്റാർവാഴ ജെൽ, ഒരു ടീസ്പൂൺ തേൻ, ഒരു ടീസ്പൂൺ പാൽ എന്നിവ മിശ്രിതമാക്കുക. ശേഷം ഈ മിശ്രിതം മുഖത്ത് പുരട്ടാം. 20 മിനിറ്റിന് ശേഷം കഴുകി കളയാം. മുഖക്കുരുവും മുഖത്തെ പാടുകളും മാറ്റാൻ ഈ പാക്ക് സഹായിക്കും.കറ്റാർവാഴ ജെല്ലും അൽപം നാരങ്ങ നീരും ചേർത്ത് പാക്ക് ഉണ്ടാക്കുക. ശേഷം ഈ പാക്ക് മുഖത്തും കഴുത്തിലുമായി പുരട്ടുക. 15 മിനുട്ട് കഴിഞ്ഞ് തണുത്ത വെള്ളത്തിൽ മുഖം കഴുകുക. ചർമ സംരക്ഷണത്തിന് ഇത് ഉത്തമമാണ് .

രക്തയോട്ടം മെച്ചപ്പെടുത്താൻ ഇത് ഭക്ഷണത്തിൽ ഉൾപ്പെടുത്താം

ആരോഗ്യം സംരക്ഷിക്കാൻ നിർബന്ധമായും കഴിക്കേണ്ട പഴങ്ങളിലൊന്നാണ് മാതളം. ധാരാളം പോഷകഗുണങ്ങൾ മാതളത്തിൽ അടങ്ങിയിരിക്കുന്നു.കാർബോഹൈഡ്രേറ്റ്സ് നിറഞ്ഞ മാതളനാരങ്ങ രോഗപ്രതിരോധ ശേഷി വർധിപ്പിക്കുകയും ദഹന പ്രശ്നങ്ങൾ അകറ്റുന്നതിനും സഹായിക്കുന്നു.നിരവധി ആരോഗ്യ ഗുണങ്ങളുള്ള ഒരു പഴമാണ് മാതളം. വിറ്റാമിൻ സി, കെ, ബി, ഇ തുടങ്ങി നിരവധി പോഷകങ്ങളടങ്ങിയ ഉത്തമ ഫലമാണ് മാതളം. കൂടാതെ കാത്സ്യം, മഗ്നീഷ്യം, പൊട്ടാസ്യം, ഫോളേറ്റ് തുടങ്ങിയവയും മാതളത്തിൽ അടങ്ങിയിട്ടുണ്ട്.കൊളസ്ട്രോളിനെ നിയന്ത്രിക്കാൻ മാതളം കഴിക്കുന്നത് നല്ലതാണ്. മാതള നാരങ്ങയിൽ അടങ്ങിയിട്ടുള്ള നൈട്രിക് ആസിഡ് ധമനികളിൽ അടിഞ്ഞു കൂടിയിട്ടുള്ള കൊഴുപ്പും മറ്റും നീക്കുന്നതിന് സഹായിക്കുന്നു. 90 ശതമാനത്തിലധികം കൊഴുപ്പും കൊളസ്ട്രോളും മാതള നാരങ്ങ ഇല്ലാതാക്കും. ആൻറി ഓക്സിഡൻറുകൾ ധാരാളം അടങ്ങിയ മാതളം ഉയർന്ന രക്തസമ്മർദ്ദത്തെ നിയന്ത്രിക്കാനും ഹൃദയത്തിൻറെ ആരോഗ്യം മെച്ചപ്പെടുത്താനും സഹായിക്കും. അതിനാൽ ദിവസവും മാതള നാരങ്ങാ ജ്യൂസ് കുടിക്കുന്നത് ഹൃദയത്തിൻറെ ആരോഗ്യം സംരക്ഷിക്കാൻ സഹായിക്കും.ദിവസവും മാതളം കഴിക്കുന്നത് ശരീരത്തിലെ രക്തയോട്ടത്തിന് നല്ലതാണ്. വിളർച്ച തടയാൻ ഇത് സഹായിക്കും. അതുപോലെ തന്നെ പ്രമേഹരോഗികൾക്കും മാതളം കഴിക്കുന്നത് നല്ലതാണ്.മാതളനാങ്ങ തലച്ചോറിൻറെ ആരോഗ്യത്തിനും നല്ലതാണ്. സ്ട്രെസ്, വീക്കം എന്നിവ തടയാനും ഇവ സഹായിക്കുന്നു. ചില ക്യാൻസർ സാധ്യതകളെ തടയാനും മാതളം സഹായിക്കും. മാതളത്തിൽ ഫൈബർ ധാരാളം അടങ്ങിയിട്ടുണ്ട്. അതിനാൽ ദഹന പ്രശ്നങ്ങൾക്കും മാതള നാരങ്ങാ ജ്യൂസ് മികച്ചതാണ്. ഫൈബർ ധാരാളം അടങ്ങിയ ഇവ പ്രമേഹത്തെ നിയന്ത്രിക്കാനും സഹായിക്കും.വണ്ണം കുറയ്ക്കാൻ ആഗ്രഹിക്കുന്നവർക്ക് മാതളം ഡയറ്റിൽ ഉൾപ്പെടുത്താം. 100 ഗ്രാം മാതള നാരങ്ങാ വിത്തിൽ 83 കലോറിയാണ് ഉള്ളത്. ചർമ്മം കൂടുതൽ തിളക്കമുള്ളതാക്കാനും മാതളം ഡയറ്റിൽ ഉൾപ്പെടുത്തുന്നത് നല്ലതാണ്.

കിവി കഴിച്ചാൽ കിട്ടുന്ന ഗുണങ്ങൾ

നിരവധി ആരോഗ്യ ഗുണങ്ങൾ അടങ്ങിയ ഒരു ഫലമാണ് കിവി. ഇവ ആരോഗ്യത്തിന് ഏറേ നല്ലതാണ്. വിറ്റാമിൻ ബി, സി, കോപ്പർ, ഫൈബർ, പൊട്ടാസ്യം, ഫോളിക് ആസിഡ് തുടങ്ങിയവ ഇവയിൽ അടങ്ങിയിരിക്കുന്നു. ആൻറി ഓക്സിഡൻറുകളും പൊട്ടാസ്യവും വിറ്റാമിൻ സിയും മറ്റും ധാരാളം അടങ്ങിയ കിവി ഉയർന്ന രക്തസമ്മർദ്ദത്തെ നിയന്ത്രിക്കാൻ സഹായിക്കും. ആൻറി ഓക്സിഡൻറുകൾ ധാരളം അടങ്ങിയ കിവി പതിവായി കഴിക്കുന്നത് ഹൃദയത്തിൻറെ ആരോഗ്യത്തിനും ഏറെ നല്ലതാണ്. വിറ്റാമിൻ സിയും ആൻറി ഓക്സിഡൻറുകളും ധാരാളം അടങ്ങിയ കിവി പ്രതിരോധശേഷി വർധിപ്പിക്കാനും സഹായിക്കും. വിറ്റാമിൻ കെ, ഇ, മഗ്നീഷ്യം, ഫോളേറ്റ് തുടങ്ങിയവ അടങ്ങിയ കിവി എല്ലുകളുടെ ആരോഗ്യത്തിന് ഏറെ നല്ലതാണ്. ഫൈബർ ധാരാളം അടങ്ങിയ കിവി മലബന്ധം അകറ്റാനും ദഹനം മെച്ചപ്പെടുത്താനും സഹായിക്കും. വണ്ണം കുറയ്ക്കാൻ ആഗ്രഹിക്കുന്നവർക്കും കിവി ഡയറ്റിൽ ഉൾപ്പെടുത്താം. ഫൈബർ ധാരാളം അടങ്ങിയതിനാൽ ഇവ വിശപ്പിനെ നിയന്ത്രിക്കും. കലോറിയും വളരെ കുറവാണ്. 100 ഗ്രാം കിവിയിൽ 61 കലോറി മാത്രമേ ഉണ്ടാവുകയുള്ളൂ. അതിനാൽ ശരീരഭാരം കുറയ്ക്കാൻ ആഗ്രഹിക്കുന്നവർക്ക് കിവി ഡയറ്റിൽ ഉൾപ്പെടുത്താം.ഒരു കിവിയിൽ ഏകദേശം 42 കലോറിയും 10 ഗ്രാം കാർബോഹൈഡ്രേറ്റുമാണുള്ളത്. കിവി പഴത്തിൽ ഗ്ലൈസെമിക് ഇൻഡക്സ് കുറവാണ്. അതുകൊണ്ടു തന്നെ പ്രമേഹമുള്ളവർക്ക് ഇത് അനുയോജ്യമാണ്. രക്തത്തിലെ പഞ്ചസാരയുടെ അളവ് കുറയ്ക്കാൻ കിവിക്ക് കഴിയുമെന്നാണ് പഠനങ്ങളിലും പറയുന്നത്. അതിനാൽ പ്രമേഹ രോഗികൾക്ക് ഇവ ധൈര്യമായി കഴിക്കാം. വിറ്റാമിൻ സിയും മറ്റ് ആൻറി ഓക്സിഡൻറുകളും ധാരാളം അടങ്ങിയ കിവി ചർമ്മത്തിൻറെ ആരോഗ്യത്തിനും നല്ലതാണ്. ചർമ്മത്തിലെ ചുളിവുകളും മറ്റും തടയാൻ ഇവ സഹായിക്കുകയും ചെയ്യും.

സവാള വയറ്റുമ്പോൾ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ

ഭക്ഷണത്തിനു രുചി വർധിപ്പിക്കുന്നതിൽ സവാളയ്ക്കുള്ള പങ്ക് വളരെ വലുതാണ്. എത്ര നന്നായി സവാള വയറ്റിയെടുക്കുന്നോ അതിനനുസരിച്ച് ഭക്ഷണത്തിന്റെ രുചിയും കൂടും.സവാള വയറ്റുമ്ബോൾ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ എന്തൊക്കെയാണെന്ന് നോക്കാം.സവാളയിൽ ധാരാളം വെള്ളവും പഞ്ചസാരയും അടങ്ങിയിട്ടുണ്ട്. വളരെ പതുക്കെയാണ് സവാളയിൽ നിന്ന് ഇത് രണ്ടും നഷ്ടമാകുക. അപ്പോഴാണ് രുചികരമായ രീതിയിൽ സവാള വയറ്റിയെടുക്കാൻ സാധിക്കുക. ഗ്യാസ് സ്റ്റൗവിൽ കുറഞ്ഞ തീയിൽ ഇട്ടുവേണം സവാള വയറ്റാൻ. അരിഞ്ഞെടുത്ത സവാളയിലേക്ക് അൽപ്പം ഉപ്പ് കൂടി ചേർത്ത് വേണം ആദ്യം വയറ്റാൻ.സവാള ഒരിക്കലും വളരെ നേർത്ത രീതിയിൽ അരിയരുത്. കനം കുറച്ച് സവാള അരിഞ്ഞാൽ നന്നായി വയറ്റി കിട്ടുന്നതിനു മുൻപ് അത് കരിയാൻ തുടങ്ങും. സവാള വയറ്റാൻ നോൺ സ്റ്റിക്ക് പാൻ ഉപയോഗിക്കരുത്. എണ്ണയോ വെളിച്ചെണ്ണയോ ചേർത്ത് വേണം സവാള വയറ്റാൻ. ഗ്യാസ് സ്റ്റൗ ലോ ഫ്ളെയ്മിൽ ഇട്ട ശേഷം ഏതാനും സെക്കൻഡുകൾ അടച്ചുവെച്ച് സവാള വേവിക്കുന്നതും നല്ലതാണ്.

പ്രമേഹമുള്ളവർക്ക് പാവയ്ക്ക കഴിക്കാമോ ?

കയ്പ്പ് എന്ന കേട്ടാൽ പലരുടെയും മനസിലേക്ക് ആദ്യം വരുന്നത് കയ്പ്പയ്ക്ക ആകാം. അല്പം കയ്പ്പാണെങ്കിലും നിരവധി ഗുണങ്ങൾ നിറഞ്ഞതാണ് പാവയ്ക്ക്.ഇരുമ്ബ് ധാരാളം അടങ്ങിയ പാവയ്ക്കയിൽ ജീവകം ബി1, ബി2, ബി 3 ജീവകം സി, മഗ്നീഷ്യം, ഫോളേറ്റ് സിങ്ക്, ഫോസ്ഫറസ്, നാരുകൾ, ബീറ്റാ കരോട്ടിൻ, കാൽസ്യം എന്നിവയും അടങ്ങിയിട്ടുണ്ട്. ഇത് ശരീരത്തിന് ആരോഗ്യം നൽകുകയും വിവിധ പ്രശ്നങ്ങളിൽ നിന്ന് രക്ഷ നൽകുകയും ചെയ്യുന്നു.ചർമത്തിലെ പാടുകൾ, മുഖക്കുരു, സോറിയാസിസ് തുടങ്ങിയവ സുഖപ്പെടുത്തുന്നു. അർബുദ കോശങ്ങളുടെ വളർച്ച തടയാനും പാവയ്ക്കയ്ക്കു കഴിയുന്നു. പ്രമേഹമുള്ളവർക്ക് ശീലമാക്കാവുന്ന പച്ചക്കറിയാണ് പാവയ്ക്ക. കാരണം രക്തത്തിലെ പഞ്ചസാരയുടെസ്വാഭാവികമായി കുറയ്ക്കാൻ സഹായിക്കുന്നു. പാവയ്ക്കയിലെ ഫൈബർ ദഹനപ്രക്രിയയെ സുഗമമാക്കുന്നു.രോഗപ്രതിരോധ സംവിധാനത്തെ ശക്തിപ്പെടുത്താനും പാവയ്ക്കയ്ക്ക് കഴിയുന്നു. പാവയ്ക്കയിലെ കയ്പ്പ് നീരിലാണ് അതിന്റെ പോഷകങ്ങൾ മുഴുവൻ ഉള്ളതെന്നാണ് പറയുന്നത്. ശരീരത്തിന് ആവശ്യമായ വിറ്റാമിനുകളെല്ലാം അടങ്ങിയിരിക്കുന്ന പാവക്കയിൽ മികച്ച ഗുണങ്ങൾ ഉള്ളതുപോലെ തന്നെ ആസ്മ, ജലദോഷം, ചുമ എന്നിവയ്ക്ക് ആശ്വാസം നൽകാനും പാവയ്ക്കയ്ക്ക് കഴിവുണ്ട്. ആന്റി ഓക്സിഡന്റുകളും വിറ്റാമിനുകളും അടങ്ങിയിരിക്കുന്ന പാവയ്ക്ക രക്തത്തിലെ പഞ്ചസാരയുടെ അളവ് കുറയ്ക്കുകയും ശരീരത്തിൽ അടിഞ്ഞു കൂടിയിട്ടുള്ള കൊഴുപ്പിനെ ഇല്ലാതാക്കുകയും ചെയ്യും.പാവയ്ക്കാ നീര് വയറ്റിലെ പ്രശ്നങ്ങൾക്ക് ആശ്വാസം നൽകും. മലബന്ധം, അൾസർ തുടങ്ങിയ വയറ്റിലെ അസ്വസ്ഥതകൾ കയ്പനീര് സ്ഥിരമായി കഴിക്കുന്നത് കൊണ്ട് നിയന്ത്രിക്കാം. മലബന്ധം പരിഹരിച്ച് വയറിന് ആശ്വാസം നൽകുകയും ചെയ്യുന്നു. ഈ ജ്യൂസിന് കുടൽ വിരകളെയും വിശപ്പില്ലായ്മയെയും ചികിത്സിക്കാൻ കഴിയും.കരളിൽ നിന്ന് വിഷവസ്തുക്കളെ പുറന്തള്ളാൻ കഴിയുന്ന ആന്റിഓക്സിഡന്റുകളുടെ സമ്ബന്നമായ ഉറവിടമാണ് കയ്പ്പ. ദഹനം, കൊഴുപ്പ് ഉപാ അപചയ പ്രവർത്തങ്ങൾ എന്നിവയ്ക്ക് പിത്തരസം ആസിഡുകളുടെ സുഗമമായ സ്രവത്തിന് ഇത് സഹായിക്കുന്നു.

രഞ്ജി ട്രോഫി: ബിഹാറിനെതിരേ കേരളം 227 പുറത്ത്

പറ്റ്ന: രഞ്ജി ട്രോഫിയിൽ ബിഹാറിനെതിരായ മൽസരത്തിൽ കേരളം 227ന് പുറത്ത്. 137 റൺസെടുത്ത ശ്രേയസ് ഗോപാലാണ് കേരളത്തെ ഭേദപ്പെട്ട സ്കോറിലേക്ക് നയിച്ചത്.പറ്റ്ന മൊയീൻ ഉൽ ഹഖ് സ്റ്റേഡിയത്തിൽ പിന്നാലെ ബാറ്റിങ് ആരംഭിച്ച ബിഹാർ രണ്ട് വിക്കറ്റ് മാത്രം നഷ്ടത്തിൽ 91 റൺസെടുത്തിട്ടുണ്ട്. ഇപ്പോൾ 136 റൺസ് പിറകിലാണ് ബിഹാർ. പിയൂഷ് കുമാർ (37), ശാക്കിബുൾ ഗനി (35) എന്നിവരാണ് ക്രീസിൽ. അഖിൻ സത്താറാണ് രണ്ട് വിക്കറ്റുകളും വീഴ്ത്തിയത്. മോശം തുടക്കമായിരുന്നു ബിഹാറിന്. 29 റൺസിനിടെ അവർക്ക് രണ്ട് വിക്കറ്റുകൾ നഷ്ടമായി. ശ്രമൺ നിഗ്രോദ് (0), ബബുൽ കുമാർ (16) എന്നിവരാണ് മടങ്ങിയത്. ശ്രമൺ വിഷ്ണു രാജിന് ക്യാച്ച് നൽകിയപ്പോൾ ബബുലിനെ അഖിൻ ബൗൾഡാക്കുകയായിരുന്നു.നേരത്തെ, ഒമ്പതിന് 203 എന്ന നിലയിൽ രണ്ടാംദിനം ബാറ്റിങ് ആരംഭിച്ച കേരളത്തിന് ശേഷിക്കുന്ന വിക്കറ്റ് 24 റൺസിനിടെ നഷ്ടമായി. ശ്രയസിനെ അഷുതോഷ് അമൻ മടക്കുകയായിരുന്നു. 229 പന്തുകൾ നേരിട്ട ശ്രേയസ് ഒരു സിക്സും 21 ഫോറും നേടി. അഖിൻ (0) പുറത്താവാതെ നിന്നു.അക്ഷയ് ചന്ദ്രൻ (37) ജലജ് സക്സേന (22) എന്നിവരൊഴികെ ആരും കേരള നിരയിൽ രണ്ടക്കം കടന്നില്ല. ബിഹാറിനായി ഹിമാൻശു സിങ് നാലും വീർപ്രതാപ് സിങ് മൂന്നും വിക്കറ്റ് വീഴ്ത്തി. ടോസിലെ നിർഭാഗ്യത്തിന് പിന്നാലെ ക്രീസിലിറങ്ങിയ കേരളം തുടക്കത്തിലെ തകർന്നടിഞ്ഞു. സ്കോർ ബോർഡിൽ 14 റൺസെത്തിയപ്പോൾ ക്യാപ്റ്റൻ രോഹൻ കുന്നമ്മലിനെ(5) നഷ്ടമായ കേരളത്തിന് പിന്നീട് തുടർച്ചയായി വിക്കറ്റുകൾ നഷ്ടമായി. രോഹന് പിന്നാലെ സച്ചിൻ ബേബി(1), ഓപണർ ആനന്ദ് കൃഷ്ണൻ(9), വിഷ്ണു വിനോദ്(0) എന്നിവരും മടങ്ങിയതോടെ കേരളം 344ലേക്ക് കൂപ്പുകുത്തി.അഞ്ചാം വിക്കറ്റിൽ അക്ഷയ് ചന്ദ്രനും ശ്രേയസ് ഗോപാലും ചേന്ന് അർധസെഞ്ചുറി കൂട്ടുകെട്ടുയർത്തി കേരളത്തിന് പ്രതീക്ഷ നൽകി. 37 റൺസെടുത്ത അക്ഷയ് ചന്ദ്രൻ പുറത്തായതിന് പിന്നാലെ വിഷ്ണു രാജ്(1) പെട്ടെന്ന് മടങ്ങിയെങ്കിലും ജലജ് സക്സേനയുടെ(22) പിന്തുണയിൽ ശ്രേയസ് കേരളത്തെ 150 കടത്തി. സ്കോർ ബോർഡിൽ 163 റൺസെത്തിയപ്പോഴേക്കും ജലജ് സക്സേനയും മടങ്ങിയെങ്കിലും വാലറ്റക്കാരെ സാക്ഷി നിർത്തി ഒറ്റക്ക് പൊരുതിയ ശ്രേയസ് സെഞ്ചുറിയിലെത്തി. 164 റൺസിൽ എട്ടാം വിക്കറ്റും 176 റൺസിൽ ഒമ്പതാം വിക്കറ്റും നഷ്ടമായെങ്കിലും അവസാന വിക്കറ്റിൽ അഖിനെ ഒരറ്റത്ത് നിർത്തിയാണ് ശ്രേയസ് സെഞ്ചുറിയിലെത്തിയത്. ക്യാപ്റ്റൻ സഞ്ജു സാംസൺ വ്യക്തിപരമായ കാരണങ്ങളാൽ വിട്ടു നിൽക്കുന്ന മത്സരത്തിൽ രോഹൻ കുന്നുമ്മൽ ആണ് കേരളത്തെ നയിക്കുന്നത്.രഞ്ജി ട്രോഫി ഗ്രൂപ്പ് ബിയിൽ മൂന്ന് മത്സരങ്ങളിൽ നാലു പോയന്റ് മാത്രമുള്ള കേരളത്തിന് നോക്കൗട്ട് പ്രതീക്ഷ നിലനിർത്താൻ ബിഹാറിനെതിരെ വമ്പൻ ജയം അനിവാര്യമാണ്. ആദ്യ രണ്ട് കളികളിലും ഇന്നിംഗ്സ് ലീഡും സമനിലയും വഴങ്ങിയ കേരളം തിരുവനന്തപുരത്ത് നടന്ന മുംബൈക്കെതിരായ മൂന്നാം മൽസരത്തിൽ കനത്ത തോൽവി വഴങ്ങിയിരുന്നു.

എഫ്എ കപ്പിൽ സിറ്റി മുന്നോട്ട്; ചെൽസിക്ക് സമനില കുരുക്ക്

ലണ്ടൻ: എഫ്.എ കപ്പ് നാലാം റൗണ്ടിൽ നിലവിലെ ചാമ്പ്യൻമാരായ മാഞ്ചസ്റ്റർ സിറ്റിക്ക് വിജയം. ആദ്യ പാദത്തിൽ ടോട്ടൻഹാം ഹോട്സ്പറിനെ എതിരില്ലാത്ത ഒരുഗോളിനാണ് കീഴടക്കിയത്.88ാം മിനിറ്റിൽ പ്രതിരോധ താരം നഥാൻ അകെയാണ് ലക്ഷ്യംകണ്ടത്. സ്വന്തം തട്ടകത്തിൽ തോൽവി നേരിട്ടത് ടോട്ടനത്തിന് തിരിച്ചടിയായി.മറ്റൊരു മത്സരത്തിൽ മുൻ ചാമ്പ്യൻമാരായ ചെൽസിയെ സമനിലയിൽ തളച്ച് ആസ്റ്റൺ വില്ല. ചെൽസി ഹോം ഗ്രൗണ്ടിൽ നടന്ന ആദ്യ പാദ മാച്ചിൽ ഇരു ടീമിനും ഗോൾ നേടാനായില്ല. വില്ല അർജന്റൈൻ ഗോൾകീപ്പർ എമിലിയാനോ മാർട്ടിനസിന്റെ മികച്ച പ്രകടനമാണ് ടീമിന് രക്ഷയായത്. സ്ട്രൈക്കറുടെ റോളിൽ കളിച്ച ചെൽസിയുടെ കോൾ പാൽമെർ മികച്ച അവസരം നഷ്ടപ്പെടുത്തി. വില്ലയുടെ ഹോം ഗ്രൗണ്ടിലെ മത്സരം ഇതോടെ ചെൽസിക്ക് നിർണായകമായി. പ്രധാനതാരങ്ങളുടെ പരിക്ക് അലട്ടുന്ന ടോട്ടനം ആക്രമിക്കുന്നതിന് പകരം സിറ്റിയുടെ നീക്കങ്ങളെ പ്രതിരോധിക്കാനാണ് ആദ്യ പകുതിയിൽ ശ്രമിച്ചത്. സ്വന്തംമൈതാനത്ത് നടന്ന മത്സരത്തിൽ ഒറ്റ ഷോട്ട് പോലും എതിർ ബോക്സിലേക്ക് ഉതിർക്കാൻ ടോട്ടനത്തിനായില്ല. മറുവശത്ത് നിരന്തരം ആക്രമിച്ച് കളിച്ച നീലപട മികച്ച മുന്നേറ്റങ്ങളുമായി കളം നിറഞ്ഞു. എന്നാൽ ഗോൾ നേടാനായില്ല. അഞ്ച് തവണയാണ് സിറ്റി ലക്ഷ്യത്തിലേക്ക് പന്തടിച്ചത്. കളി തീരാൻ മിനിറ്റുകൾ ബാക്കിനിൽക്കെ നഥാൻ അകെ ടോട്ടനം പ്രതിരോധപൂട്ട് പൊളിച്ച് പന്ത് വലയിലാക്കുകയായിരുന്നു. സിറ്റി നിരയിൽ കെവിൻ ഡിബ്രുയിനെ കളിച്ചിരുന്നില്ല.

ഇന്ത്യ/ഇ ഇംഗ്ലണ്ട്; മൂന്നാം ദിനത്തിൽ നിരാശരായി ഇന്ത്യ

ഹൈദരാബാദ്: ഇംഗ്ലണ്ടിനെതിരായ ഒന്നാം ക്രിക്കറ്റ് ടെസ്റ്റിന്റെ മൂന്നാം ദിവസം നിരാശയിലാഴ്ത്തി ഇന്ത്യ. ഏഴു വിക്കറ്റ് നഷ്ടത്തിൽ 421 റൺസെന്ന നിലയിലാണ് ഇന്ത്യ മൂന്നാം ദിവസം ബാറ്റിങ് ആരംഭിച്ചത്. ആദ്യ ഇന്നിംങ്സിൽ ഇന്ത്യ 121 ഓവറിൽ 436 റൺസെടുത്ത് പുറത്തായി. ശനിയാഴ്ച 15 റൺസ് എടുക്കുന്നതിനിടെ ശേഷിക്കുന്ന വിക്കറ്റുകളും ഇന്ത്യയ്ക്കു നഷ്ടമായിരിക്കുകയാണ്.ഇംഗ്ലണ്ടിനെതിരെ ജോ റൂട്ട് നാലു വിക്കറ്റുകൾ വീഴ്ത്തി. സാകോർ 436ൽ നിൽക്കുമ്പോൾ തന്നെ ഇന്ത്യയുടെ മൂന്ന് താരങ്ങൾക്ക് മടങ്ങേണ്ടിവന്നു. 180 പന്തിൽ 87 റൺസെടുത്ത രവീന്ദ്ര ജഡേജ ജോ റൂട്ടിന്റെ പന്തിൽ എൽബിഡബ്ല്യു ആകുകയായിരുന്നു. പിന്നാലെ 100 പന്തിൽ 44 റൺസ് നേടി അക്ഷർ പട്ടേലും മടങ്ങി.

ഓസ്ട്രേലിയക്ക് ജയിക്കാൻ 156 റൺസ് കൂടെ

വെസ്റ്റിൻഡീസിന് എതിരായ ആദ്യ ടെസ്റ്റ് ജയിക്കാൻ ഓസ്ട്രേലിയക്ക് ഇനി 156 റൺസ് കൂടെ. ഇന്ന് വെസ്റ്റിൻഡീസിനെ രണ്ടാം ഇന്നിങ്സിൽ 193 റൺസിന് ഓളൗട്ടാക്കാൻ ഓസ്ട്രേലിയക്ക് ആയിരുന്നു.216 റൺസ് ജയിക്കാൻ വേണ്ട ഓസ്ട്രേലിയ ഇപ്പോൾ 2 വിക്കറ്റ് നഷ്ടത്തിൽ 60 റൺസ് എന്ന നിലയിലാണ് ഉള്ളത്. ഇനിയും 2 ദിവസത്തെ മത്സരം അവശേഷിക്കുന്നുണ്ട്.5 റൺസുമായി ലബുഷാനെയും 10 റൺസുമായി ഖവാജയുമാണ് ഔട്ടായത്. 33 റൺസുമായി സ്മിത്തും 9 റൺസുമായി ഗ്രീനുമാണ് ക്രീസിൽ ഉള്ളത്. വെസ്റ്റിൻഡീസിനായി അൽസാരി ജോസഫും ജസ്റ്റിൻ ഗ്രീവ്സും ഒരോ വിക്കറ്റ് വീഴ്ത്തി.നേരത്തെ 3 വിക്കറ്റ് വീതം വീഴ്ത്തിയ ഹേസലുഡിന്റെയും ലിയോണിന്റെയും ബോളിംഗ് ആണ് വെസ്റ്റിൻഡീസിനെ 193ന് എറിഞ്ഞിടാൻ ഓസ്ട്രേലിയയെ സഹായിച്ചത്.

ഓസ്ട്രേലിയൻ ഓപ്പൺ: അനായാസം വനിതാ സിംഗിൾസ് കിരീടം നിലനിർത്തി ആര്യന സബലെങ്ക

മെൽബൺ: ഓസ്ട്രേലിയൻ ഓപ്പൺ വനിതാ സിംഗിൾസ് കിരീടം വീണ്ടും സ്വന്തമാക്കി ബെലറൂസിന്റെ രണ്ടാം സീഡുകാരി ആര്യന സബലെങ്ക.ശനിയാഴ്ച നടന്ന ഫൈനലിൽ ചൈനയുടെ ഷെങ് കിൻ വെന്നിനെ നേരിട്ടുള്ള സെറ്റുകൾക്കാണ് (63, 62) സബലെങ്കഅനായാസം തോൽപ്പിച്ചത്. 21-കാരിയായ കിൻവെന്നിന്റെ ആദ്യ ഗ്രാൻഡ്സ്ലാം ഫൈനലായിരുന്നു ഇത്.ഒരു മണിക്കൂറും 16 മിനിറ്റും മാത്രമാണ് മത്സരം നീണ്ടത്. 2013-ൽ ബെലറൂസ് താരം തന്നെയായ വിക്ടോറിയ അസരെങ്കയ്ക്ക് ശേഷം ഓസ്ട്രേലിയൻ ഓപ്പൺ വനിതാ സിംഗിൾസ് കിരീടം നിലനിർത്തുന്ന ആദ്യ താരം കൂടിയാണ് സബലെങ്ക.

EDITORS CHOICE

2050 മുതൽ എല്ലാ വർഷവും തീവ്രമായി സമുദ്രനിരപ്പ് ഉയരുമെന്ന് പഠന റിപ്പോർട്ട്; 200 കോടി ജനങ്ങൾക്ക് ഭീഷണി, തീരമുള്ള മഹാനഗരങ്ങൾ മുങ്ങിയേക്കാം

സമുദ്രനിരപ്പ് തീവ്രമായ നിലയിൽ ഉയരുന്ന, നൂറ്റാണ്ടിലൊരിക്കൽ സംഭവിച്ചിരുന്ന പ്രതിഭാസം 2050 മുതൽ എല്ലാ വർഷവും സംഭവിക്കുമെന്ന് പഠന റിപ്പോർട്ട്. ആഗോളതാപനവും കാർബൺ പുറന്തള്ളലും നിയന്ത്രിക്കാൻ കഴിഞ്ഞാലും ഇതിന് മാറ്റമുണ്ടാകില്ല. അതേസമയം ഫോസിൽ ഇന്ധനങ്ങളുടെ പുറന്തള്ളൽ നിയന്ത്രിച്ചില്ലെങ്കിൽ നാല് മീറ്ററിലധികം വരെ സമുദ്ര നിരപ്പ് ഉയരാം. അത് ലോകത്തിന്റെ മാപ്പ് തന്നെ മാറ്റിയേക്കാം. കോടിക്കണക്കിന് ജനങ്ങളുടെ ജീവിതത്തിന് ഭീഷണിയാകുന്ന കാര്യങ്ങളാണിത്. സമുദ്രങ്ങളുടേയും മഞ്ഞുമലകളുടേയും അവസ്ഥ പഠിച്ച ശേഷം ഇന്റർഗവൺമെന്റ് പാനൽ ഓൺ ക്ലൈമറ്റ് ചേഞ്ച് (ഐപിസിസി) ആണ് ഇത് സംബന്ധിച്ച് റിപ്പോർട്ട് നൽകിയിരിക്കുന്നത്.
ആഗോളതാപനം മുമ്പെങ്ങുമില്ലാത്ത വിധത്തിൽ അപകടകരമായ മാറ്റങ്ങൾ സമുദ്രങ്ങൾക്കും മഞ്ഞുമലകൾക്കുമുണ്ടാക്കിയതായി റിപ്പോർട്ട് പറയുന്നു. ഗ്രീൻലാൻഡിലും അന്റാർട്ടിക്കയിലുമെല്ലാം വലിയ തോതിൽ മഞ്ഞുമലകൾ ഉരുകുകയാണ്. സമുദ്രങ്ങൾ കൂടുതൽ ചൂട് പിടിച്ചതും ആസിഡ് അംശമുള്ളതും ഓക്സിജന്റെ അളവ് കുറഞ്ഞതുമായ നിലയിലേയ്ക്ക് മാറുകയാണ്. 2100 നൂറ്റാണ്ടിന്റെ അവസാനം വരെ (2099) ഈ അവസ്ഥ തുടരുമെന്നാണ് ഐപിസിസി റിപ്പോർട്ട് പറയുന്നത്.
ലോകത്തെ വൻ നഗരങ്ങളിൽ പകുതിയും ജീവിക്കുന്നത് തീരപ്രദേശങ്ങളിലാണ്. ഏതാണ്ട് 200 കോടിയോളം ജനങ്ങൾ തീരപ്രദേശങ്ങളിലാണ് താമസിക്കുന്നത്. അന്റാർട്ടിക്കയിൽ അപ്രതീക്ഷിതമായ വേഗതയിലാണ് മഞ്ഞുരുകൽ നടന്നുകൊണ്ടിരിക്കുന്നത്. കാർബൺ പുറന്തള്ളലിൽ കുറവ് വരുത്തിയില്ലെങ്കിൽ 61 സെന്റീമീറ്റർ മുതൽ 110 സെന്റിമീറ്റർ വരെ സമുദ്രനിരപ്പ് ഉയരാം. നേരത്തെ പ്രതീക്ഷിച്ചതിനേക്കാൾ 10 മീറ്റർ കൂടുതലാണിത്. 10 മീറ്റർ കൂടുതൽ സമുദ്രനിരപ്പ് എന്ന് പറയുമ്പോൾ ഒരു കോടി ജനങ്ങളെ വെള്ളപ്പൊക്കം ബാധിക്കാം എന്ന് പഠനം പറയുന്നു. 2100 ആകുമ്പോളേക്ക് 238 സെമി വരെ ഉയരാം.
ലോകത്തെ പല വൻ നഗരങ്ങളും മുങ്ങാനുള്ള സാധ്യതയുണ്ട് എന്ന് റിപ്പോർട്ട് തയ്യാറാക്കിയവരിൽ ഒരാളായ, യുഎൻ യൂണിവേഴ്സിറ്റിയിലെ സീറ്റ സെബെസ്വാരി ദ ഗാർഡിയനോട് പറഞ്ഞു.
അതേസമയം കാർബൺ പുറന്തള്ളൽ ഉടൻ നിയന്ത്രിച്ചാൽ പോരും 29 സെന്റീമീറ്ററിനും 59 സെന്റീമീറ്ററിനും ഇടയിൽ സമുദ്രനിരപ്പ് ഉയരുന്ന ഭീഷണി നിലവിലുണ്ട്. സമുദ്ര താപനം കൊടുങ്കാറ്റുകൾക്കും വലിയ മഴക്കെടുതികൾക്കും കാരണമായേക്കാമെന്നും ഐപിസിസി റിപ്പോർട്ട് പറയുന്നു. വനങ്ങൾ അടക്കമുള്ള ആവാസ വ്യവസ്ഥകളെ പ്രതികൂലമായി ബാധിക്കും. കാട്ടുതീ വർദ്ധിക്കും.
ചിലയിടങ്ങളിൽ ഉഷ്ണക്കാറ്റായും മറ്റ് ചില പ്രദേശങ്ങളിൽ പ്രളയവുമാണുണ്ടാവുക. മണ്ണടിച്ചിലുകൾ വർദ്ധിക്കും. കാർബൺ പുറന്തള്ളൽ നിയന്ത്രിച്ചില്ലെങ്കിൽ ഹിമാലയൻ പർവത നിരയുടെ മൂന്നിൽ രണ്ട് ഭാഗവും നശിക്കുമെന്നാണ് ഐപിസിസി പറയുന്നത്. ആർട്ടിക്കിലും (ഉത്തര ധ്രുവം) കാര്യമായ മഞ്ഞുരുകലാണ് ഐപിസിസി പ്രവചിക്കുന്നത്. സമുദ്ര ആവാസ വ്യവസ്ഥയുടെ സന്തുലിതാവസ്ഥ നിലനിർനിർത്തുന്നതിൽ വലിയ പങ്ക് വഹിക്കുന്ന പവിഴപ്പുറ്റുകൾക്ക് കാര്യമായ നാശമുണ്ടാകും. മത്സ്യസമ്പത്ത് നിലവിലുള്ളതിന്റെ കാൽ ഭാഗമായി ചുരുങ്ങും.

ജനുവരി 26 റിപ്പബ്ലിക് ദിനമായതെങ്ങനെ?

റിപ്പബ്ലിക്ക് ദിന പരേഡിന്റെ ആശയം ബ്രിട്ടീഷ് കൊളോണിയൽ ഭരണകൂടത്തിന്റെ ഡൽഹി ദർബാറിൽ നിന്ന് വന്നതാണ്

1950 ജനുവരി 26ന് നമ്മുടെ ഭരണഘടന അംഗീകരിക്കുകയും പാർലമെന്ററി സംവിധാനത്തിലുള്ള ഒരു സർക്കാരും നിയമനിർമാണ സഭയ്ക്ക് വിധേയമായ ഭരണനിർവഹണ സംവിധാനവുമുള്ള ഒരു ജനാധിപത്യ റിപബ്ലിക്കാണ് ഇന്ത്യ എന്ന് പ്രഖ്യാപിക്കുകയും ചെയ്തതിന്റെ 75മത് വാർഷികം ആഘോഷിക്കുകയാണ് നാം ഇന്ന്.
ഭരണഘടന അംഗീകരിക്കപ്പെട്ടതോടെ ബ്രിട്ടീഷ് കോളനി വാഴ്ചയുടെ പാരമ്പര്യത്തിന്റെ അവസാന അടയാളങ്ങൾ തൂത്തെറിയുകയും, ബ്രിട്ടീഷ് പാർലമെന്റ് പാസാക്കിയ 1947ലെ ഇന്ത്യൻ സ്വാതന്ത്ര്യ ചട്ടം പൂർണമായും ഉപേക്ഷിക്കുകയും ചെയ്തു. ജോർജ്ജ് ആറാമൻ രാജ്യത്തിന്റെ തലവനായുള്ള ബ്രിട്ടീഷ് കോമൺവെൽത്തിലെ രണ്ട് സ്വതന്ത്ര കോളനികൾ അല്ലാതെ ആവുകയായിരുന്നു നമ്മൾ ഈ നീക്കത്തിലൂടെ.
ഭരണഘടനാപരമായി രാജവാഴ്ച ഇപ്പോഴും നിലനിൽക്കുന്ന യുകെ, കാനഡ പോലുള്ള നിരവധി മറ്റ് രാജ്യങ്ങളിൽ നിന്നും വ്യത്യസ്തരാണ് നമ്മൾ. മാത്രമല്ല രാജ്യത്തിന്റെ തലവനെ ജനങ്ങൾ നേരിട്ട് തിരഞ്ഞെടുക്കാനുള്ള അടിയന്തിര സാധ്യത നിലനിൽക്കുന്നുമില്ല. വടക്കൻ കൊറിയയും ഇസ്ലാമിക സ്റ്റേറ്റും പോലെയുള്ള കപട റിപ്പബ്ലിക്കുമല്ല നമ്മൾ. റിപ്പബ്ലിക്കുകളുടെ ഒരു ദീർഘകാല ചരിത്രം ഇന്ത്യയ്ക്കുണ്ടെന്ന വസ്തുതയാണ് ഇതുവരെ വിശദമായി ചർച്ച ചെയ്യപ്പെടാതിരിക്കുന്നത്.
ക്ലാസിക്കൽ ഗ്രീസിലും റോമിലുമാണ് റിപ്പബ്ലിക് എന്ന വാക്കിന്റെ തത്വശാസ്ത്രപരമായ സങ്കേതം വികസിതമായത്. ലോകത്തിന്റെ ഈ കോണിൽ ദീർഘകാലമായി പുഷ്ടിപ്പെട്ടുവന്ന ഒരു സങ്കൽപമായിരുന്നു റിപ്പബ്ലിക്. ഗണ സംഘ (സമിതിയുടെ അടിസ്ഥാനത്തിലുള്ള ഭരണനിർവഹണം) എന്ന സങ്കൽപത്തെ കുറിച്ച് പല പുരാതന ഗ്രന്ഥങ്ങളിലും പരാമർശങ്ങളുണ്ട് എന്ന് മാത്രമല്ല, ഇന്ത്യ-നേപ്പാൾ അതിർത്തിയിൽ വൈശാലിയിലെ ലിച്ഛാവി പ്രജാരാജ്യം, കപിലവസ്തുവിലെ സാഖ്യ പ്രജാരാജ്യം, മിഥിലയിലെ വിദേഹ പ്രജാരാജ്യം തുടങ്ങിയ നിരവധി ജനായത്ത ഭരണ സംവിധാനങ്ങൾ നിലനിൽക്കുകയും ചെയ്തിരുന്നു.
ഓഗസ്റ്റ് 15 ഇന്ത്യയുടെ സ്വാതന്ത്ര്യദിനമായി നിശ്ചയിച്ചത് ഇന്ത്യക്കാരല്ല, അത് ബ്രിട്ടീഷ് വൈസ്രോയ് മൗണ്ട് ബാറ്റനാണ്. രണ്ടാം ലോകയുദ്ധത്തിൽ ജപ്പാൻ ബ്രിട്ടീഷ് സേനയ്ക്ക് കീഴടങ്ങിയതിന്റെ വാർഷികദിനമായിരുന്നു ഓഗസ്റ്റ് 15. എന്നാൽ ജനുവരി 26, റിപ്പബ്ലിക്ക് ദിനമായി തിരഞ്ഞെടുത്തത് ഇന്ത്യക്കാർ തന്നെയാണ്. സ്വാതന്ത്ര്യത്തിന് മുമ്പുള്ള ഇന്ത്യക്കാരുടെ സ്വാതന്ത്ര്യദിനമായിരുന്നു ജനുവരി 26. 1929 ഡിസംബറിൽ ഇന്ത്യൻ നാഷണൽ കോൺഗ്രസിന്റെ ലാഹോർ സെഷനിൽ ജവഹർലാൽ നെഹ്റു പ്രസിഡന്റായി തിരഞ്ഞെടുക്കപ്പെട്ടു. കോൺഗ്രസ് ആദ്യമായി പൂർണ സ്വാതന്ത്ര്യ പ്രമേയം പാസാക്കിയത് ലാഹോർ സമ്മേളനത്തിലാണ്. അത് കോൺഗ്രസ് അതുവരെ ഉന്നയിച്ചിരുന്ന ഡൊമിനിയൻ (പുത്രികാരാജ്യം) പദവി എന്ന ആവശ്യത്തിൽ നിന്നുള്ള വ്യക്തമായ മാറ്റമായിരുന്നു.
ഇതിന് ഏഴ് വർഷം മുമ്പ് 1921ലെ കോൺഗ്രസ് സമ്മേളനത്തിൽ കമ്മ്യൂണിസ്റ്റ് നേതാവും ഉറുദു കവിയുമായിരുന്ന മൗലാന ഹസ്രത്ത് മൊഹാനി ആണ് ആദ്യമായി പൂർണ സ്വാതന്ത്ര്യ പ്രമേയം മുന്നോട്ടുവച്ചത്. എന്നാൽ പൂർണ സ്വാതന്ത്ര്യം ഇന്ത്യക്കാരുടെ ന്യായമായ അവകാശമാണെന്നും ബ്രിട്ടീഷുകാർ അനുവദിച്ചുതരേണ്ട എന്തെങ്കിലും കാര്യമല്ല എന്നുമുള്ള രാഷ്ട്രീയ ലൈനിലേയ്ക്ക് കോൺഗ്രസ് എത്താൻ പിന്നെയും എട്ട് വർഷമെടുത്തു. 750 വാക്കുകളുള്ള കോൺഗ്രസിന്റെ പൂർണ സ്വാതന്ത്ര്യ പ്രമേയം ഇങ്ങനെ പറയുന്നു 'ബ്രിട്ടീഷ് ഗവൺമെന്റ് ഇന്ത്യൻ ജനതയുടെ സ്വാതന്ത്ര്യം അപഹരിക്കുക മാത്രമല്ല, ജനങ്ങളെ ചൂഷണം ചെയ്തുകൊണ്ട് ഇന്ത്യയെ സാമ്പത്തികമായും രാഷ്ട്രീയമായും സാംസ്കാരികമായും ആത്മീയമായും തകർക്കുക കൂടി ചെയ്തു. അതുകൊണ്ട് ഇന്ത്യക്ക് പൂർണ സ്വാതന്ത്ര്യം വേണം'.
1930 ഡിസംബറിലെ ഒരു അർദ്ധരാത്രിയിൽ ലാഹോറിലെ രവി നദിയുടെ തീരത്ത് ജവഹർലാൽ നെഹ്റു ത്രിവർണ പതാക ഉയർത്തി. ജനുവരി 26 സ്വാതന്ത്ര്യദിനമായി പ്രഖ്യാപിച്ച് കോൺഗ്രസ് മറ്റൊരു പ്രമേയം പുറത്തിറക്കി. 1936ൽ പുറത്തിറങ്ങിയ ആത്മകഥയിൽ നെഹ്റു ഇങ്ങനെ പറയുന്നു 1930 ജനുവരി 26ന് റിപ്പബ്ലിക്ക് ദിനം വന്നു. അത് രാജ്യത്തെ ജനങ്ങളുടെ ഊർജ്ജസ്വലമായ വികാരം വ്യക്തമാക്കി. രാജ്യത്തിന്റെ എല്ലാ ഭാഗങ്ങളിലും വലിയ ജനക്കൂട്ടങ്ങൾ ബഹളങ്ങളില്ലാതെ സമാധാനപരമായി സ്വാതന്ത്ര്യ പ്രതിജ്ഞയെടുത്തു.
1930 മുതൽ എല്ലാ ജനുവരി 26ഉം സ്വാതന്ത്ര്യദിനമായി. ഭരണഘടനയ്ക്ക് അംഗീകാരം നൽകിയത് 1949 നവംബർ 26നാണ്. ഇന്ത്യയെ പരമാധികാര റിപ്പബ്ലിക്ക് ആയി പ്രഖ്യാപിക്കാനുള്ള ദിനമായി 1950 ജനുവരി 26 തെരഞ്ഞെടുക്കപ്പെട്ടു. 20 വർഷം മുമ്പ് ഇതേ ദിവസമാണ് ഇന്ത്യക്കാർ പൂർണ സ്വാതന്ത്ര്യത്തിനായി ദൃഢ പ്രതിജ്ഞ എടുത്തത് എന്ന് ആഭ്യന്തര മന്ത്രി സർദാർ വല്ലഭായ് പട്ടേൽ ഓർമ്മിച്ചു. ഇന്നാണ് നമ്മുടെ പ്രതിജ്ഞ പൂർത്തീകരിക്കപ്പെട്ടത് എന്നും പട്ടേൽ പറഞ്ഞു. 1950 ജനുവരി 26ന് രാവിലെ 10.18ന് ഇന്ത്യയെ പരമാധികാര റിപ്പബ്ലിക്ക് ആയി പ്രഖ്യാപിച്ചു. ആറ് മിനുട്ടിന് ശേഷം ഡോ. രാജേന്ദ്രപ്രസാദ് ആദ്യ രാഷ്ട്രപതിയായി സത്യപ്രതിജ്ഞ ചെയ്ത് അധികാരമേറ്റു.

റിപ്പബ്ലിക്ക് ദിന പരേഡിന്റെ ആശയം ബ്രിട്ടീഷ് കൊളോണിയൽ ഭരണകൂടത്തിന്റെ ഡൽഹി ദർബാറിൽ നിന്ന് വന്നതാണ്. എന്നാൽ 1953ൽ പ്രധാനമന്ത്രി നെഹ്റു കലാ, സാംസ്കാരിക പരിപാടികളും പ്രകടനങ്ങളും ഉൾക്കൊള്ളിച്ച് പരേഡ് വിപുലീകരിച്ചു. നെഹ്റു പ്രധാനമന്ത്രിയായിരിക്കെ പ്രതിരോധ, വിദ്യാഭ്യാസ മന്ത്രാലയങ്ങൾ ചേർന്നാണ് പരേഡിന്റെ ചുമതല വഹിച്ചിരുന്നത്. പിന്നീട് ഇത് പൂർണമായും പ്രതിരോധ മന്ത്രാലയത്തിന് കീഴിൽ വന്നു. പരേഡിന്റെ റൂട്ടുകളിൽ മാറ്റം വന്നു. രാഷ്ട്രപതി ഭവനിൽ നിന്ന് രാജ്പഥിൽ അവസാനിക്കുന്നതാണ് നിലവിലെ രീതി. ആദ്യ വർഷങ്ങളിൽ റൂട്ട് വ്യത്യസ്തമായിരുന്നു. ഇടക്കാലത്ത് കൊണോട്ട് പ്ലേസിലൂടെയും മറ്റും പരേഡ് കടന്നുപോയി. 1980ൽ പരേഡിന്റെ റൂട്ട് നേരെ തിരിച്ചാക്കണമെന്ന നിർദ്ദേശം വന്നെങ്കിലും ഇത് സർക്കാർ തള്ളി. പരേഡ് ടാങ്കുകൾ പാർലമെന്റിന് നേരെ ചൂണ്ടുന്നത് ശരിയായിരിക്കില്ല എന്ന വിലയിരുത്തലിലായിരുന്നു ഇത്.

RNI No: KERMAL2018/76732. Printed, Published & Owned by K.K. Rajendran and printed at Oruma Printers & Publishers Ltd, Sree Sankara Industrial Estate, Chiyyaram P.O, Thrissur- 680026 Kerala, and published at Kayceekeyar Print and Visual Media Pvt. Ltd., Rohini Plaza, Masjid Road, Kokkalai, Thrissur - 680021,Kerala. Editor: K.K. Rajendran, Executive Editor: K. R. Krishna Kumar,News Editor :T.K Chithra (Responsible for selection of news under PRB Act 1867) . Phone: 0484-4865460. E-mail: centraldesknews@gmail.com Online & Epaper: www.keralapranamam.com